Reg. No. 101, M. 2293

ഒററപ്രതിക്കു 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 24 | 1126 മേടം 5 —ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്— എറണാകുളം 1951 ഏപ്രിൽ 18 | ലക്കം 33

# തിരുനാൾപ്രദക്ഷിണം

## തൃശ്ശൂർമെത്രാൻ തിരുമനസ്സിലെ ഇടയലേഖനം

തിരുസ്സഭാമാതാവു പുണ്യാത്മാക്കളുടെ തിരുനാൾ സാഘോഷം കൊണ്ടാടുന്നതിനു സദാ നമ്മെ ഉപദേശിക്കുകയും ഉൽബോധിപ്പിക്കുകയും ചെയ്യുന്നതു ചില പാവനമായ ഉദ്ദേശങ്ങളോടുകൂടിയാണല്ലോ. അവയിൽ അതിപ്രധാനമായിട്ടുള്ളതു് അവരുടെ ആദർശപരമായ ജീവിതമാതൃകയെ അനുകരിക്കുന്നതിനു നമുക്കു പ്രേരണയും പ്രോചാദനവും നൽകണമെന്നുള്ളതാണു്.

എന്നാൽ ഇന്നു നമ്മുടെ പള്ളികളിൽ ഏതൊരു വിശുദ്ധന്റെയും തിരുനാളാഘോഷത്തിൽ പ്രദക്ഷിണം ഒരു പ്രധാന ചടങ്ങായിത്തീർന്നിട്ടുണ്ടു്. വാസ്തവത്തിൽ പ്രസ്തുതചടങ്ങു പുണ്യാത്മാക്കളോടു നമുക്കുള്ള സ്നേഹബഹുമാനങ്ങളുടെ ഒരു ബാഹ്യപ്രകടനമാകേണ്ടതാണു്. ഭക്തിപൂർവ്വം അതിൽ സംബന്ധിക്കുന്ന വിശ്വാസികളിൽ അനേകം സച്ചിന്തകൾ തട്ടിയുണർത്തുന്നതിനു് ഇതു് വളരെ സഹായിക്കുമെന്നുള്ളതും നിർവ്വിവാദംതന്നെ.

പക്ഷെ, ഇപ്രകാരം ഉൽകൃഷ്ടലക്ഷ്യങ്ങളോടുകൂടി നിർവ്വഹിക്കപ്പെടേണ്ട തിരുനാൾപ്രദക്ഷിണം നമ്മുടെ ചില ഇടവകകളിൽ എങ്ങനെയാണു് നടത്തുന്നതു്? ഈ പ്രശ്നം മതാഭിമാനമുള്ള പലരുടെയും ഹൃദയവികാരങ്ങളെ വ്രണപ്പെടുത്തുന്നുണ്ടെന്നുള്ളതു് പരിതാപകരമായ ഒരു പരമാർത്ഥമല്ലയോ? മതഭക്തിയും വിശ്വാസചൈതന്യവും കൈവളർത്തുവാൻ ഉപകരിക്കേണ്ട പ്രസ്തുതചടങ്ങു് അവയെ പലപ്പോഴും ഇല്ലാതാക്കുവാൻ ഇടയാക്കുന്നുവെന്നു കാണുന്നതു വേദനാജനകംതന്നെ. മതാത്മകമായ അച്ചടക്കത്തോടും ആചാരോപചാരങ്ങളോടുംകൂടിയാണു് തിരുനാൾപ്രദക്ഷിണം നടത്തേണ്ടതെന്നു് എല്ലാവരും തീർച്ചയായും സമ്മതിക്കും. എന്നാൽ കാലാന്തരത്തിൽ അതിൽ വന്നുകൂടിയ ക്രമരഹിതമായ നടപടികളെ തടയുന്നതിനു ചില നിയമങ്ങൾ നിഷ്കർഷാപൂർവ്വം നടപ്പിൽവരുത്തുവാൻ നമ്മുടെ അതിവന്ദ്യ മുൻഗാമി നിർബ്ബന്ധിതനായി. അവയിൽ ഒന്നാണു്, തിരുനാൾപ്രദക്ഷിണം യാതൊരു കാരണത്താലും രാത്രി നടത്തിക്കൂടാ എന്നുള്ളതു്. നമ്മുടെ ശ്രുപതാനിയമാവലി 960 മുതൽ 963 വരെയുള്ള വകുപ്പുകളിൽ ഇതെപ്പററി പറഞ്ഞിട്ടുള്ള സംഗതികൾ പലപ്പോഴും നാം ആവർത്തിച്ചനുസ്മരിപ്പിച്ചിട്ടും ഇപ്പോഴും ചിലസ്ഥലങ്ങളിൽനിന്നും പ്രദക്ഷിണംസംബന്ധിച്ച അനിഷ്ടറിപ്പോർട്ടുകൾ കിട്ടിക്കൊണ്ടിരിക്കുന്നതിൽ നാം അതിയായി ഖേദിക്കുന്നു.

അനാശാസ്യങ്ങളായ പ്രസ്തുത നടപടികളെക്കുറിച്ചു യഥാർത്ഥമതചൈതന്യമുള്ള വിശ്വാസികളിൽനിന്നു മാത്രമല്ല, അകത്തോലിക്കരിൽനിന്നുപോലും ആക്ഷേപങ്ങൾ കിട്ടിക്കൊണ്ടിരിക്കുന്നുണ്ടു്. തുടർച്ചയായി വന്നുകൊണ്ടിരിക്കുന്ന ഈ ആക്ഷേപങ്ങളേയും ആവലാതികളേയും പററി പര്യാലോചിച്ചു വേണ്ടതു യഥാസമയം പ്രവർത്തിക്കേണ്ടതു നമ്മുടെ ഇടയനടുത്ത കർത്തവ്യമായി നാം പരിഗണിക്കുന്നു. ആകയാൽ തിരുനാൾപ്രദക്ഷിണത്തെപ്പററി ഇപ്പോൾ നിലവിലിരിക്കുന്ന നിയമങ്ങളുടെ വെളിച്ചത്തിൽ, താഴെ നൽകുന്ന നിയമങ്ങളുംകൂടി

അരുവിത്തുറ പള്ളിയിൽ

### വി. ഗീവറുഗീസ് സഹദായുടെ തിരുനാൾ



ഏപ്രിൽ 23, 24
മേടം 10, 11 തീയതികളിൽ

പാലിച്ചു, ഭക്തിജനകമായവിധം പ്രദക്ഷിണങ്ങൾ എല്ലാസ്ഥലത്തും നടത്തുന്നതിനു് ബ. വികാരിമാരോടുകൂടി ജനങ്ങളും സൗഹാർദ്ദമായി സഹകരിച്ചു പ്രവർത്തിച്ചുകാണുന്നതിനു നാം കല്പിക്കുന്നു.

1. പ്രദക്ഷിണം ഒരിക്കലും രാത്രിവരെ ദീർഘിപ്പിച്ചുകൂടാ എന്നുള്ള നിയമം ഇപ്പോൾ നിലവിലുണ്ടല്ലോ. ഈ നിയമം ഏതെങ്കിലും സ്ഥലത്തു മേലാൽ ലംഘിക്കുന്നപക്ഷം അതിനാൽത്തന്നെ അവിടത്തെ അടുത്ത കൊല്ലത്തെ പ്രദക്ഷിണം മുടക്കപ്പെട്ടിരിക്കുന്നു. ഏതെങ്കിലും പള്ളിയിൽ വഴിദൂരമോ മററു അസൗകര്യങ്ങളോഉണ്ടെങ്കിൽപള്ളിയോഗത്തിൽ അതു സംബന്ധിച്ചു് ആലോചനനടത്തി പ്രദക്ഷിണം സന്ധ്യക്കുമുമ്പു് ഭക്തിപൂർവ്വം മടങ്ങി എത്തുവാൻ ആവശ്യമായ ഏർപ്പാടുകൾ ചെയ്യേണ്ടതാണു്.

2. നമ്മുടെ കർത്താവിന്റെ പിറവി, ഉയിർപ്പു് എന്നിവ ഒഴിച്ചുള്ള അവസരങ്ങളിൽ, 1951 ജൂലായി 1-ാംനു-ക്കുശേഷം, ഏതെങ്കിലുംപള്ളിയിൽ രാത്രിയിൽ തിരുകർമ്മങ്ങൾ നടത്തണമെങ്കിൽ നമ്മുടെ പ്രത്യേകാനുവാദം വാങ്ങേണ്ടതാണു്.

3. തിരുനാൾ പ്രദക്ഷിണത്തിന്റെ പാവനോദ്ദേശങ്ങൾക്കു് അനുയോജ്യമല്ലാത്ത ആർഭാടങ്ങൾ ഉപേക്ഷിച്ചു്, കൊന്തനമസ്കാരം, കുട്ടികളുടെ ഭക്തഗീതങ്ങൾ; കൊട്ടു് എന്നിവ ഇടയിട്ടു നടത്തി, പ്രദക്ഷിണം സാക്ഷാൽ ഭക്തിജനകവും ആദർശയോഗ്യവുമാക്കിത്തീർക്കാൻ എല്ലാവരും ഉററു പരിശ്രമിക്കേണ്ടതാണു്. പ്രത്യേകിച്ചു്, ഇടവകയിലെ കത്തോലിക്കാപ്രവർത്തനസംഘം, മരിയാസഖ്യം, വിൻസെൻറു ഡി പോൾ സഖ്യം എന്നിവയിലെ അംഗങ്ങൾ ഇക്കാര്യത്തിൽ മുന്നിട്ടുനിന്നു കാര്യക്ഷമമായവിധം പ്രവർത്തിക്കേണ്ടതാണു്.

ഇങ്ങനെ ശരിയായ മതചൈതന്യത്തോടും അച്ചടക്കത്തോടുംകൂടി നടത്തപ്പെടുന്ന ഭക്തപ്രദക്ഷിണങ്ങളിൽനിന്നുളവാകുന്ന ആദ്ധ്യാത്മികഫലങ്ങൾ റോമ, ലൂർദ്ദു്, ഫാത്തിമ മുതലായ സുപ്രസിദ്ധ തീർത്ഥകേന്ദ്രങ്ങളായ സ്ഥലങ്ങളിൽ ദൈനംദിനം നടന്നുകൊണ്ടിരിക്കുന്ന പ്രദക്ഷിണച്ചടങ്ങുകൾ കാണുവാൻ ഭാഗ്യം സിദ്ധിച്ചവർക്കു നിഷ്പ്രയാസം മനസ്സിലാക്കാവുന്നതാണു്. അത്തരം സൽഫലങ്ങൾ നമ്മുടെ ബഹുജനങ്ങൾക്കും അനുഭവയോഗ്യമാക്കുന്നതിനു തികച്ചും പര്യാപ്തങ്ങളായി നാം പരിഗണിക്കുന്ന ഇതിലെ നിശ്ചയങ്ങൾ നിഷ്കർഷാപൂർവ്വം പാലിക്കേണ്ടതാണെന്നു് ഉൽബോധിപ്പിച്ചുകൊള്ളുന്നു.

+G. C. ALAPATT
Bishop of Trichur.

———

## കുടുംബജീവിതം സുരക്ഷിതമാക്കാൻ

ഇംഗ്ലണ്ടിലെ കത്തോലിക്കാവിവാഹോപദേശകസമിതി ഒരു "കത്തോലിക്കാവിവാഹ വാർഷികസംഘടന" രൂപവൽക്കരിച്ചുവരുന്നു. അതിലെ അംഗങ്ങൾ സ്വന്തം വിവാഹത്തിന്റെ വിജയത്തിനായും, മററംഗങ്ങളുടെ വിവാഹത്തിന്റെ വിജയത്തിനായും, ഏതെങ്കിലും കാരണവശാൽ പരാജയമടയാൻപോകുന്ന മറെറല്ലാ വിവാഹബന്ധങ്ങളുടേയും സുരക്ഷിതത്വത്തിനായും ദിവസംതോറും ഒരു പ്രാർത്ഥന ചൊല്ലുന്നതാണു്. കൂടാതെ, തങ്ങളുടെ വിവാഹത്തിന്റെ വാർഷികദിനത്തിൽ സ്വവിവാഹവാഗ്ദാനങ്ങൾ അവർ നവീകരിക്കുന്നതായിരിക്കും. ഓരോ അംഗത്തിന്റേയും വിവാഹവാർഷികത്തിൽ ഒരു കുർബാന ചൊല്ലുന്നതിനു വേണ്ട ഏർപ്പാടുകൾ സഖ്യത്തിൽനിന്നുതന്നെ ചെയ്യുന്നതാണു്. ഓരോ അംഗവും പ്രതിവർഷം 5 ഷില്ലിംഗ് വരിസംഖ്യ കൊടുക്കേണ്ടിവരും. മിച്ചംവരുന്ന സംഖ്യ കുടുംബജീവിതവും വിവാഹബന്ധവും സംരക്ഷിക്കാൻ ഉദ്യമിച്ചുവരുന്ന കത്തോലിക്കാസംഘടനകൾക്കു സംഭാവനചെയ്യുന്നതായിരിക്കും.

കുടുംബപംക്തി

# ശിശുക്കൾ

## മുട്ടിൽ നീന്തിനടക്കുന്ന പ്രായത്തിൽ

(എൻ. എ. കെ.)

III

തോർത്തുകൊണ്ടു കൈകാലുകൾ തുടച്ചു വൃത്തിയാക്കുക, പാത്രങ്ങൾ അടുക്കിവെക്കുക, പാത്രങ്ങൾ എടുത്തുകൊണ്ടു വരിക എന്നിങ്ങനെ ലഘുവായ ചില ജോലികൾ അവർക്കു ചെയ്യുവാൻ കഴിയും. ശിശുസംരക്ഷണകേന്ദ്രങ്ങളിലുള്ള കൊച്ചുകുട്ടികൾ സഹകരണബുദ്ധിയോടുകൂടി വർത്തിക്കുന്നതു കാണുവാൻ കഴിഞ്ഞിരുന്നെങ്കിൽ കൊച്ചുകുട്ടികൾ ജോലിചെയ്യുവാൻ സ്വാഭാവികമായി താൽപര്യപ്പെടുന്നു എന്നും സ്വസ്ഥമായിരിക്കുന്നതിനെക്കാൾ അവർക്കു നന്നു് ഈവിധം നിസ്സാരങ്ങളായ ചില ജോലികളിൽ വ്യാപൃതരാകുകയാണെന്നും നമുക്കു ബോദ്ധ്യമാകും. ശിശുപരിശീലനാർത്ഥം മേൽവിവരിച്ചവിധത്തിൽ ഏററവും ബുദ്ധിപൂർവ്വം തന്നെ ചിലതെല്ലാം നാം ആസൂത്രണം ചെയ്താലും ചിലപ്പോൾ നമ്മുടെ പ്രതീക്ഷകൾക്കും അഭിപ്രായങ്ങൾക്കും വിരുദ്ധമായിട്ടായിരിക്കും അവരുടെ ആഗ്രഹങ്ങളും ബുദ്ധിയും സ്വതന്ത്രമായി പ്രവർത്തിക്കുന്നതു്. അങ്ങനെ വരുമ്പോൾ ഏതുവിധത്തിലാണു് അവരിൽ അനുസരണശീലം വളർത്തേണ്ടതു് എന്ന പ്രശ്നം വീണ്ടും ആവിർഭവിക്കുന്നു. ഒരുപക്ഷെ നാം പറയുന്നതൊക്കെ ശിശുക്കൾ അക്ഷരംപ്രതി അനുസരിച്ചുകൊള്ളണമെന്നു് നാം നിർബന്ധം പിടിക്കാതിരിക്കയായിരിക്കും ഉത്തമം. അതേസമയം ആരോഗ്യവാനായി സുശിക്ഷിതമായ ഒരു ജീവിതപരിപാടിയുള്ളവനായി നമ്മുടെ ശിശു വളർന്നുവരുവാൻ ക്ലിപ്തസമയങ്ങളിലുള്ള ഭക്ഷണം, നിശ്ചിതസമയങ്ങളിൽ ആവശ്യാനുസരണമുള്ള ഉറക്കം, ഈ വക കാര്യങ്ങളെങ്കിലും അവൻ അഭംഗമായി പാലിക്കുവാൻ നാം നിഷ്കർഷിക്കുകതന്നെ വേണം. പക്ഷെ അവയൊക്കെയും ശകാരവും ശിക്ഷയും ഭീഷണിയും കൂടാതെതന്നെ സാധിക്കണം. ഉദാഹരണമായി കുഞ്ഞിനെ ഉറക്കുവാനുള്ള സമയമായാൽ നാം എന്തുചെയ്യണം? "കുഞ്ഞിന്റെ പാവകളെ കുളിപ്പിച്ചു കിടത്തണം" എന്നൊക്കെ ശാന്തമായും സൗമ്യമായും പറഞ്ഞുവേണം ശിശുവിനെ ഉറക്കുവാനുള്ള ശ്രമംതന്നെ ആരംഭിക്കുവാൻ. ഈ വിധത്തിലൊക്കെ ശ്രമിച്ചാലും ചിലപ്പോൾ ഉറങ്ങുവാൻ വിസമ്മതം പ്രകടിപ്പിച്ചുകൊണ്ടു ശിശു കരച്ചിലാരംഭിച്ചെന്നു വരാം. എന്നാലും നാം ശിശുവിനെ ശകാരിക്കുകയോ ഭീഷണിപ്പെടുത്തുകയോ അരുതു്. ഏററവും ശാന്തമായും സാവകാശമായും ശിശുവിനെ എടുത്തു മെത്തയിൽ കിടത്തണം. ഒന്നു രണ്ടു പ്രാവശ്യം ഈ രീതിയിൽ ചെയ്താൽ മതി. നാം ശിശുവിനെക്കാൾ ശക്തരാണെന്നും ഉറങ്ങുവാൻ വിസമ്മതം പ്രകടിപ്പിച്ചാൽ ഫലമില്ലെന്നും ശിശുവിനു തനിയെ ബോദ്ധ്യമാകും. ശിശുവിന്റെ നേരെ കോപിക്കാതെയും അനാവശ്യശകാരം കൂടാതെയും കാര്യം സാധിക്കാം. പക്ഷെ തുടർച്ചയായി കരയുവാൻതന്നെയാണു ഭാവമെങ്കിൽ മെത്തയിൽനിന്നു സാവധാനത്തിലെടുത്തു അടുത്തുള്ള ഒരു മുറിയിൽ കിടത്തിയിട്ടു ഇഷ്ടാനുസരണം കരയുവാൻ അനുവദിച്ചേക്കണം. എന്നാൽ അവനു ഭയം ഉണ്ടായേക്കാവുന്ന മുറിയിലാകാതിരിക്കാൻ സൂക്ഷിക്കണം. ഒരു ശിശുവിന്റെ ആഗ്രഹനിവൃത്തിക്കു വിഘാതം വരുത്തിയും അതിനെ ശകാരിച്ചും ഭീഷണിപ്പെടുത്തിയുമല്ല അനുസരിക്കുവാൻ അഭ്യസിപ്പിക്കേണ്ടതു്. പിന്നെയോ സ്നേഹപൂർവ്വം ക്രമീകരിച്ചിട്ടുള്ള ആരോഗ്യപൂർണ്ണമായ ജീവിതം മുഖേനയാണു് ശിശുക്കളെ അനുസരണമുള്ളവരായി വളർത്തേണ്ടതു്.

മേൽവിവരിച്ച കാര്യങ്ങളും ഈശ്വരവിശ്വാസവുമായി എന്തുബന്ധമാണുള്ളതു്? തന്റെ ചുററുപാടും സ്നേഹനിർഭരമായ ഒരന്തരീക്ഷമുള്ളതായി മാതാപിതാക്കന്മാരുടേയും മററുള്ളവരുടേയും പെരുമാററത്തിൽനിന്നു ഒരു ശിശുവിനു ഗ്രഹിക്കുവാൻ കഴിയുന്നെങ്കിൽ നിശ്ചയമായും ഈശ്വരസാന്നിദ്ധ്യബോധത്തിൽ വളരുവാനുള്ള പ്രഥമപരിപാടിയിൽ ആ കുഞ്ഞു കാൽ വച്ചു കഴിഞ്ഞു. സ്നേഹം, അചഞ്ചലവും സുസ്ഥിരവുമായ സ്നേഹം, അതാണു് സുശിക്ഷിതവും ക്രമീകൃതവും ആരോഗ്യപൂർണ്ണവുമായ ജീവിതത്തിന്റെ അസ്തിവാരം. ഒരു ശിശുവിന്റെ ജീവിതത്തിലെ ആദ്യത്തെ ഒന്നു രണ്ടു കൊല്ലങ്ങൾക്കുള്ളിൽ മാതാപിതാക്കളെപ്പററി ലഭിച്ചിട്ടുള്ള അറിവുകൾ പിൽക്കാലത്തു ഈശ്വരനെപ്പററി ആ കുഞ്ഞിലുണ്ടാകാവുന്ന ചിന്തകളെയും സാരമായ വിധത്തിൽ ബാധിക്കുന്നതായിരിക്കും.

സ്വന്തം ശിശുക്കളോടൊന്നിച്ചു ജീവിക്കുന്ന മാതാപിതാക്കന്മാർ അദൃശ്യനും സകലത്തിനും കഴിവുള്ളവനും സ്നേഹസ്വരൂപനും കരുണാവാരിധിയുമായ ദൈവത്തെപ്പററി ശിശുക്കളോടു സംസാരിക്കുവാൻ ആഗ്രഹിക്കുക സ്വാഭാവികമാണു്. ശിശുക്കൾ യാതൊന്നും ഗ്രഹിക്കുവാൻ കഴിവില്ലാത്തവരാണെന്നു ആരെങ്കിലും കരുതുന്നുവെങ്കിൽ ആ ചിന്താഗതി വെറും അബദ്ധമാണു്. ഒരു കുട്ടിയെപ്പററി രസകരമായ ഒരനുഭവകഥയുള്ളതിവിടെ ഉദ്ധരിക്കാം. ആ കുട്ടിയുടെ അഛൻ ഒരു നിരീശ്വരവാദിയും മാതാവു് അചഞ്ചലമായ ഈശ്വരവിശ്വാസമുള്ളവളുമായിരുന്നു. കുട്ടിയെ തൊട്ടിലിൽ കിടത്തി താരാട്ടുമ്പോഴൊക്കെ മാതാവു് നല്ല പാട്ടുകൾ പാടുന്നതു ആ കുട്ടി സാധാരണ കേട്ടിരുന്നു. അദൃശ്യനായ ഏതോ ഒരു സ്നേഹിതനെപ്പററിയാണു് തന്റെ മാതാവു് സാധാരണപാടുന്നതെന്നു് ആ കുഞ്ഞിനു മനസ്സിലാക്കുവാൻ കഴിഞ്ഞു. ആ കുട്ടി മൂന്നുവയസ്സു പ്രായമായപ്പോഴേക്കും മാതാവിന്റെ ദൈവവിശ്വാസം നിശ്ശേഷം നശിച്ചു. ഭർത്താവിനെപ്പോലെ ആ സ്ത്രീയും ഒരു നിരീശ്വരവാദിയായിത്തീർന്നു. ശിശുവിനോടു ദൈവത്തെപ്പററി സംസാരിക്കാതായി. ശിശുവിനു എട്ടുവയസ്സു പ്രായമായപ്പോൾ അതിന്റെ മാതാവു രോഗബാധിതയായി കിടപ്പിലായി. അദൃശ്യനും സ്നേഹമൂർത്തിയുമായ സ്നേഹിതനെപ്പററിയുള്ള സ്മരണ അപ്പോഴും ആ കുഞ്ഞിൽ സജീവമായിത്തന്നെ വർത്തിച്ചിരുന്നു. തന്റെ മാതാവിനുവേണ്ടി അദൃശ്യനായ ആ സ്നേഹിതനോടു ആ കുഞ്ഞു പ്രാർത്ഥിക്കുകയും മാതാവു് സുഖം പ്രാപിക്കുമെന്നു വിശ്വസിക്കുകയും ചെയ്തു. അതിനെത്തുടർന്നു് ആ കുട്ടിയുടെ ഈശ്വരവിശ്വാസം കുറെക്കൂടി ദൃഢതരമാകുകയും പ്രാർത്ഥനയിലുള്ള വിശ്വാസം വർദ്ധിക്കുകയും ചെയ്തു.

വിശ്വാസസ്ഥിരതയോടും ദൈവസ്നേഹത്തോടുംകൂടി ക്രിസ്തുവിന്റെ നാമം മററുള്ളവർ ഉച്ചരിക്കുന്നതും ശിശുവിന്റെ കിടക്കയുടെ സമീപത്തിരുന്നു നമ്മെ സ്നേഹിക്കയും നമ്മുടെ ആവശ്യങ്ങൾ നിറവേററുകയും ചെയ്യുന്ന ദൈവത്തോടു മാതാപിതാക്കൾ ചിലപ്പോൾ മൗനമായും ചിലപ്പോൾ ശബ്ദമുയർത്തിയും പ്രാർത്ഥിക്കുന്നതും മനസ്സിലാക്കുവാനുള്ള കഴിവു് ശിശുക്കൾക്കുണ്ടു്. മൂന്നു വയസ്സാകാത്ത ഒരു കുട്ടിക്കുപോലും രാത്രിയിൽ ഉറങ്ങാൻ പോകുന്നതിനു മുൻപായി ഉപകാരത്തിനു നന്ദി പറയണമെന്നൊരു തോന്നലുണ്ടാകും. ഈ പ്രായത്തിൽ അവനു മനസ്സിലാകാത്ത ഏതെങ്കിലുമൊരു പദ്യശകലമോ പാട്ടോ അവനെ പഠിപ്പിക്കുന്നതിലർത്ഥമില്ല. അതിനു പകരം ദിവസേനയെന്നപോലെ ഉണ്ടാകുന്ന സന്തോഷകരങ്ങളായ അനുഭവങ്ങളെപ്പററി അവനെ ഓർമ്മിപ്പിക്കുന്നതുകൊള്ളാം. അങ്ങനെ ഓരോ ദിവസത്തിനുവേണ്ടിയും അന്നന്നത്തെ സന്തോഷാനുഭവങ്ങൾക്കുവേണ്ടിയും ദൈവത്തിനു നന്ദി പറയുവാൻ അവനെ പഠിപ്പിക്കുക. രണ്ടുവയസ്സുമാത്രം പ്രായമുള്ള ഒരു കുട്ടിക്കു സന്തോഷകരങ്ങളായ അനുഭവങ്ങൾ ഒന്നുകിൽ ഒരു ബിസ്കററു ലഭിച്ചതോ അഥവാ മോട്ടോർബസ്സിൽ കയറി യാത്ര ചെയ്യുവാൻ കിട്ടിയ വൈസരമോ ആയിരിക്കാം. എങ്കിലും അത്തരം അനുഭവങ്ങൾക്കുവേണ്ടി ദൈവത്തോടു നന്ദിപറയുവാൻ അവൻ പഠിക്കേണ്ടതും അവനെ പഠിപ്പിക്കേണ്ടതുമാണു്.

പ്രായമുള്ളവർ ഭക്ഷണത്തിനു മുമ്പും പിമ്പും ദൈവത്തോടു നന്ദി പ്രകടിപ്പിക്കുന്നതു കാണുവാൻ ഇടയായെങ്കിൽ മാത്രമേ ആവിധത്തിലൊരു പരിചയവും പരിശീലനവും കൊച്ചുകുട്ടികൾക്കും ലഭിക്കുകയുള്ളൂ. അവർ കേൾക്കുവാനിടയാകുന്ന പാട്ടുകളുടെ ചില ഭാഗങ്ങളെങ്കിലും കൂടെക്കൂടെ പാടുവാനുള്ള ഒരു പ്രത്യേക വാസനയും താല്പര്യവും കൊച്ചുകുട്ടികൾക്കുണ്ടു്. മൂന്നുവയസ്സു തികയുന്നതിനു മുൻപുതന്നെ ക്രിസ്തുവിനെപ്പററിയുള്ള കഥകൾ പഠിക്കുവാനുള്ള താല്പര്യം കൊച്ചുകുട്ടികൾക്കുണ്ടായിരിക്കും. ലളിതമായ ഭാഷയിൽ ക്രിസ്തുവിനെപ്പററിയുള്ള കഥകൾ കേൾക്കുന്നതിനും യേശുവിന്റെ ചിത്രങ്ങൾ കാണുന്നതിനും അവർ താല്പര്യപ്പെടുന്നു. ഈ വിധത്തിലൊക്കെ അദൃശ്യനും സ്നേഹസ്വരൂപനും, അതേസമയം മാതാപിതാക്കളെക്കാൾ സമീപസ്ഥനും ബലവാനുമായ ദൈവത്തെപ്പററി ചില ധാരണകൾ ശിശുക്കൾക്കു നല്കുവാൻ നമുക്കു കഴിയും.

സർവോപരി മാതാപിതാക്കന്മാർ ശ്രദ്ധിക്കേണ്ട കാര്യം ശിശുക്കളുടെ സ്വഭാവരൂപീകരണത്തിനും ആത്മീയാഭിവൃദ്ധിക്കും നിദാനമായി നിൽക്കുന്നതു് അവർക്കു നൽകുന്ന ഉപദേശങ്ങളോ അവർക്കുവേണ്ടി ചെയ്യുന്ന പ്രവൃത്തികളോ അല്ലെന്നുള്ളതാണു്. പ്രത്യുത മാതാപിതാക്കന്മാർ ഏതു രീതിയിൽ ഉള്ളവർ എന്നതിനെ ആശ്രയിച്ചാണു് ഒരു ശിശുവിന്റെ സാന്മാർഗ്ഗികവും ആത്മീയവുമായ ഉൽക്കർഷവും അപകർഷവും പ്രധാനമായി സ്ഥിരീചെയ്യുന്നതു്. വിജ്ഞാനസമ്പന്നനായ ഒരെഴുത്തുകാരൻ ഇപ്രകാരം പറയുന്നു: "മാതാപിതാക്കന്മാർ, വികാരഭരിതരും സ്വേച്ഛാപ്രമത്തരും കലഹപ്രിയരും കപടമതികളും മനഃക്ലേശകലുഷിതരും ആണെങ്കിൽ, ഭാവിയെപ്പററി ചിന്താപരവശരും നിരാശരുമാണെങ്കിൽ, ദുർഘടപ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിൽ മനഃസ്ഥൈര്യവും ഊർജ്ജസ്വലതയും ഇല്ലാത്തവരെങ്കിൽ, സ്വന്തതാല്പര്യങ്ങളും വിനോദങ്ങളും മാത്രം ആരായുന്നവരെങ്കിൽ, ഭവനത്തിൽ സ്നേഹത്തിനും സത്യത്തിനും പരമമായ സ്ഥാനമില്ലെങ്കിൽ ചെറുപ്പകാലത്തു കുഞ്ഞുങ്ങളിൽ ആഴമായി പതിയുന്ന വികലസ്വഭാവത്തെ പിന്നീടു നിർമ്മാർജ്ജനംചെയ്യുക സാദ്ധ്യമല്ല. ഇതിന്റെ മറുവശവും നിഷേധിക്കാനാവാത്ത ഒരു പരമസത്യമാണു്. അതേ സാക്ഷാത്തായ മതബോധവും അചഞ്ചലമായ ഈശ്വരവിശ്വാസവും സുസ്ഥിരമായ ദൈവഭക്തിയും മറച്ചുവയ്ക്കുക സാദ്ധ്യമല്ലതന്നെ."


**കോമൺവെൽത്തു് ബാങ്ക് (ക്ലിപ്തം)**

H. O. കാഞ്ഞിരപ്പള്ളി

**ബ്രാഞ്ചുകൾ:—**

കാഞ്ഞിരപ്പള്ളി എരുമേലി
മുണ്ടക്കയം കോട്ടയം

**ഡയറക്ടറന്മാർ**

മെസ്സേഴ്സ്

കെ. വി. മാത്യു കൊല്ലംകുളം.
തൊമ്മൻ ജോസഫ് കുരുവിനാക്കുന്നേൽ.
കെ. വി. സഖറിയാ, പൊട്ടൻകുളം.
ഹാജി വി. എം. സെയ്തുമഹമ്മദുറാവുത്തർ.
കെ. എം. ഡോമിനിക്ക് ബി. എ. എൽ. ടി.
കെ. ജോസഫ് ഇട്ടിയവിര, പള്ളിവാതുക്കൽ.
കെ. ററി. ജോസഫ്, കല്ലറയ്ക്കൽ.
പി. എൻ. പരമേശ്വരൻ പിള്ള ബി. എ.
കെ. ഡോമിനിക്ക ജോസഫ് ബി. എ. ബി. എൽ. (സെക്രട്ടറി).

ഡിപ്പോസിററുകൾ സ്വീകരിക്കുകയും എല്ലാവിധ ബാങ്കു് പ്രവർത്തനങ്ങളും സൗകര്യപ്രദമായവിധത്തിൽ നടത്തികൊടുക്കുകയും ചെയ്യുന്നു.

സെക്രട്ടറി
കെ. ഡോമിനിക്ക ജോസഫ്
ബി. എ. ബി. എൽ.


## ഏകാന്തധ്യാനങ്ങൾ

കുഴുപ്പിള്ളി ഹൈസ്കൂളിൽ

ധ്യാനഗുരു റവ. ഫാദർ മാത്യു മങ്കുഴിക്കരി

വിവാഹിതരായ സ്ത്രീകളുടെ ധ്യാനം സ്ഥലം കന്യകാലയത്തിലെ ബ. സഹോദരികളുടെ ആഭിമുഖ്യത്തിൽ 1951 ഏപ്രിൽ 29-ാംനു ഞായറാഴ്ച വൈകുന്നേരം ആരംഭിച്ചു് മേയ് 3-ാംനു വ്യാഴാഴ്ച കാലത്തു് അവസാനിക്കുന്നതാണു്. അന്നുതന്നെ വൈകുന്നേരം പുരുഷന്മാർക്കുള്ള ധ്യാനം സ്ഥലം സെൻറു ഗ്രിഗരീസ് സ്കൂൾ അദ്ധ്യാപകന്മാരുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചു് മേയ് 7-ാംനു തിങ്കളാഴ്ച കാലത്തു് അവസാനിക്കുന്നതാണു്. ശയ്യോപകരണങ്ങൾ കൊണ്ടുവരേണ്ടതാണു്. ഭക്ഷണച്ചെലവു് 7 ക. ധ്യാനത്തിൽ സംബന്ധിക്കുവാനുദ്ദേശിക്കുന്നവർ വിവരം ദയവായി മുൻകൂട്ടി അറിയിക്കണം.

കുഴുപ്പിള്ളി പള്ളി വികാരി

വി. കൊച്ചുത്രേസ്യായുടേയും ബ. അല്ഫോൻസാമ്മയുടേയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

വി. കെ. തോമസ്സ്
വെളിച്ചിയാനി

ആരോഗ്യപംക്തി

# പുകവലി

## അർബുദത്തിനുകാരണം

ബ്രിട്ടീഷ് മെഡിക്കൽ ജേർണലിലേക്കയച്ച ഒരു റിപ്പോർട്ടിൽ, രണ്ടു ബ്രിട്ടീഷ് വൈദ്യശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നതു്, ശ്വാസകോശത്തിലുള്ള അർബുദത്തിനു (കാൻസർ) ഒരു മുഖ്യകാരണം പുകവലിയാണെന്നാകുന്നു.

പുകയിലച്ചെടികളെ പുഴുക്കേടിൽനിന്നു രക്ഷിക്കാൻ ഉപയോഗിക്കുന്ന കൃമിസംഹാരി അടങ്ങിയ ആർസനിക്ക് (പാഷാണം) എന്ന വിഷമായിരിക്കണം പുകവലിക്കുമ്പോൾ ശ്വാസകോശത്തിൽ കടന്നു അർബുദത്തിനുകാരണമായിത്തീരുന്നതെന്നാണു് അവർ അഭിപ്രായപ്പെടുന്നതു്. ഡോക്ടർ റിച്ചേർഡ് ഡോളും ഡോക്ടർ ബ്രാഡ്ഫോർഡ് ഹില്ലും ആണു് ഈ റിപ്പോർട്ടിന്റെ കർത്താക്കൾ.

ശ്വാസകോശത്തിലും ആമാശയത്തിലും പെരുംകുടലിലും അർബുദമുള്ള 1732 ആളുകളുടെയും അതില്ലാത്ത 743 ആളുകളുടെയും പുകവലിശീലങ്ങളെ സൂക്ഷിച്ചു പരിശോധിച്ചതിനുശേഷമാണു് അർബുദത്തിനു സിഗരററുവലിയുമായുള്ള ബന്ധത്തെക്കുറിച്ചു അവർ ഈ റിപ്പോർട്ടു തയ്യാറാക്കിയിട്ടുള്ളതു്. അർബുദരോഗികളിൽ 649 പുരുഷന്മാർക്കും 60 സ്ത്രീകൾക്കും ശ്വാസകോശത്തിലാണു് രോഗമുണ്ടായിരുന്നതു്. ശ്വാസകോശത്തിൽ അർബുദമുള്ളവർ 0.3 ശതമാനം പുരുഷന്മാരും 3.17 ശതമാനം സ്ത്രീകളും പുകവലിക്കാത്തവരായിരുന്നു. ദിവസത്തിൽ ഒരു സിഗരററുവീതമെങ്കിലും ഒരു കൊല്ലം തുടർച്ചയായി വലിച്ചിട്ടുള്ളവരെ മാത്രമേ ഡോക്ടർമാർ പുകവലിക്കാരായി എടുത്തിരുന്നുള്ളു.

45 വയസ്സിനുശേഷം, ഡോക്ടർമാരുടെ അഭിപ്രായത്തിൽ, ശ്വാസകോശത്തിൽ അർബുദം പ്രത്യക്ഷപ്പെടുന്നതിന്റെ സംഭാവ്യത, പുകവലിയുടെ തോതനുസരിച്ചു് വർദ്ധിക്കുന്നു. ദിവസത്തിൽ 25 സിഗരററുവീതം വലിക്കുന്ന ആളുകൾക്കു് കാൻസർ പിടിപെടാൻ കുറേക്കൂടി എളുപ്പമുണ്ടു്.

പുകവലിക്കുന്ന ആളുകൾ പുക വിഴുങ്ങുന്നുണ്ടോ ഇല്ലയോ എന്നുള്ളതു് അത്ര കാര്യമല്ല. സിഗരററിൽ, അർബുദത്തിനു കാരണമായിത്തീരാവുന്നതായി കണ്ടെത്തിയ ഏകപദാർത്ഥം ആർസനിക്ക് ആയതുകൊണ്ടാണു്, പുകയിലച്ചെടികളിൽ ഉപയോഗിക്കുന്ന ആർസനിക്കാവണം അതിനു ഹേതുവെന്നു ഡോക്ടർമാർ അഭിപ്രായപ്പെട്ടതു്.

ശ്വാസകോശസംബന്ധമായ അർബുദംകൊണ്ടുള്ള മരണങ്ങൾ പുകയിലയുടെ ഉപയോഗത്തിന്റെ തോതനുസരിച്ചു് വർദ്ധിച്ചു കാണുന്നതും സൂചിപ്പിക്കുന്നതു് ഇതുതന്നെ. (സയൻസ് ഡൈജസ്റ്റ്)

വിമർശനവീഥി

# വി. ലൂക്കായുടെ വിവരണങ്ങൾ യഥാർത്ഥ ചരിത്രസംഭവങ്ങൾ

"മലയാളരാജ്യ" ലേഖകൻ അനന്തരം പ്രതിപാദിക്കുന്നതു് ക്രിസ്തുവിൻെറ ജനനത്തെ സംബന്ധിച്ച സുവിശേഷങ്ങളിലെ വിവരണങ്ങളാണു്. അവയുടെ കർത്താവായ വി. ലൂക്കായെ ഒരു യഥാർത്ഥ ചരിത്രകാരനായി സ്വീകരിക്കുവാൻ അദ്ദേഹം തയാറില്ല. ലൂക്കാ "ചരിത്രസത്യദുർവ്യാഖ്യാനങ്ങൾ" നടത്തിയെന്നും "ചില അത്ഭുതകഥകളുടെ പരിവേഷവും യേശുദേവജനനത്തിനു ചുററും വച്ചു പിടിപ്പിച്ചിട്ടുണ്ടു്" എന്നും മററും അദ്ദേഹം ആക്ഷേപിക്കുന്നു. ഈ ആക്ഷേപങ്ങളെ പരിശോധിക്കുന്നതിനുമുമ്പായി ലിബറൽ വിമർശകന്മാർ, അവരുടെ നേതൃത്വം വഹിക്കുന്ന ഹർണ്ണാക്കു് പ്രത്യേകിച്ചും, വി. ലൂക്കായ്ക്കു് ഒരു ചരിത്രകാരനെന്ന നിലയിൽ എന്തു സ്ഥാനമാണു് നല്കുന്നതെന്നു നോക്കാം.

### നടപടി ഗ്രന്ഥത്തിൻെറ കർത്താവു് ആരു്?

ശരിയായ ചരിത്രരേഖകളെ തിരിച്ചറിയുന്നതിനു ചരിത്രശാസ്ത്രം വിധിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വച്ചു പരിശോധിച്ചതിൻെറ ഫലമായി 'അപ്പസ്തോലന്മാരുടെ നടപടി' എന്ന ബൈബിൾ ഗ്രന്ഥം ഏററവും വിശ്വാസയോഗ്യമായ ചരിത്രഗ്രന്ഥമാണെന്നു സ്വതന്ത്രചിന്തകരായ വിമർശകന്മാരിൽ (Liberal Critics) അഗ്രഗണ്യനായ പ്രൊഫസർ ഹർണ്ണാക്കു് (Harnack) സമ്മതിച്ചിരിക്കുന്നു. അതിനുള്ള ന്യായങ്ങളെ വിശദീകരിച്ചു് അദ്ദേഹം അത്യന്തം പ്രൗഢങ്ങളായ രണ്ടു ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടു്. അവയിൽ ശാസ്ത്രീയമായ ഖണ്ഡനമണ്ഡനങ്ങൾ നടത്തിയശേഷം ഗ്രന്ഥത്തെപ്പററിയുള്ള തൻെറ അവസാനവിധി ഉച്ചരിച്ചിരിക്കുന്നതിങ്ങനെയാണു്:—"ചരിത്രപരമായ വിമർശനത്തിനു സാദ്ധ്യമായ സകല വീക്ഷണകോണങ്ങളിൽനിന്നും പരിശോധിച്ചതിൽ, അതു സുസ്ഥിരവും ഗണനീയവും പഴതുകൊണ്ടും അന്യാദൃശവുമായ ഒരു ഗ്രന്ഥമാണെന്നു കണ്ടിരിക്കുന്നു......... അതു ചരിത്രവിമർശനത്തിൻെറ മാനദണ്ഡങ്ങൾക്കു യോജിച്ചതും, തന്മൂലം ഏററവും വലിയ അംഗീകാരം ലഭിക്കേണ്ടതുമായ ഒരു കൃതിയാകുന്നു.......... അതു് ഒന്നാംകിടയിൽ നില്ക്കുന്ന ഒരു സാഹിത്യസമ്പത്താകുന്നു." പണ്ഡിതവിമർശകന്മാരിൽ അദ്വിതീയനെന്നു സർവ്വരാലും സമ്മതിക്കപ്പെട്ടിട്ടുള്ള ഹർണ്ണാക്കിൻെറ ഇത്രയധികം പ്രശംസയ്ക്കു പാത്രമായ ഈ ചരിത്രഗ്രന്ഥത്തിൻെറ കർത്താവാരാണെന്നുള്ള പ്രശ്നത്തിലേക്കു് ഇനി പ്രവേശിക്കാം.

സംഭവങ്ങളും മററു സംഗതികളും വിവരിച്ചിരിക്കുന്നതിൽ പ്രകടിപ്പിക്കപ്പെട്ട വിസ്മയനീയമായ സൂക്ഷ്മജ്ഞാനത്തിൽനിന്നും, പ്രത്യേകിച്ചും പൗലോസ്സ് ശ്ലീഹായുടെ കപ്പൽയാത്രയേയും മററും കുറിച്ചുള്ള വിവരണത്തിലെ താദാത്മ്യത്തിൽനിന്നും ഗ്രന്ഥകർത്താവു ശ്ലീഹായുടെ സഹചാരികളിൽ ഒരാളായിരിക്കണമെന്നു് ഊഹിക്കുവാൻ ന്യായമുണ്ടു്. എന്നാൽ അതു കേവലം ഒരു ഊഹം മാത്രമല്ല, യാഥാർത്ഥ്യംതന്നെയാണെന്നു ഗ്രന്ഥത്തിലെ ചില ഭാഗങ്ങൾ സ്പഷ്ടമായി തെളിയിക്കുന്നു.

### "ഞങ്ങൾ" എന്ന പ്രയോഗം

ഗ്രന്ഥത്തിൻെറ 16-ാം അദ്ധ്യായം മുതൽ പൗലോസ്സ് ശ്ലീഹായെപ്പററിയുള്ള വിവരണത്തിലെ ഭാഷാപ്രയോഗത്തിൽ ഒരു മാററം കാണുന്നു. അതുവരെ ശ്ലീഹായെപ്പററി പറയുന്നേടത്തു്, "അദ്ദേഹം" (He) എന്ന പ്രഥമപുരുഷൻ ഏകവചനമാണു് പ്രയോഗിച്ചുപോന്നിട്ടുള്ളതു്. അതുമുതലാകട്ടെ ഗ്രന്ഥകാരനേയുംകൂടി ഉൾപ്പെടുത്തി "ഞങ്ങൾ" (We) എന്ന ഉത്തമപുരുഷൻ ബഹുവചനം ഉപയോഗിച്ചിരിക്കുന്നു. 16-ാം അദ്ധ്യായം തുടങ്ങിയുള്ള ഗ്രന്ഥത്തിലെ ഉത്തരഭാഗം പരിശോധിക്കുന്നപക്ഷം പ്രസ്തുതപ്രയോഗം അനവധിയുണ്ടെന്നു കാണാം. അതിൻെറ ഒരു പട്ടികതന്നെ ഇവിടെ ചേർത്തുകൊള്ളുന്നു:—

അദ്ധ്യായം 16; വാക്യങ്ങൾ 10, 11, 12, 13, 15, 16, 17.

അദ്ധ്യായം 20; വാക്യങ്ങൾ 5, 6, 7, 8, 13, 14, 15.

അദ്ധ്യായം 21; വാക്യങ്ങൾ 1, 2, 3, 4, 5, 6, 7, 8, 10, 11, 12, 14, 15, 17, 18.

അദ്ധ്യായം 27; വാക്യങ്ങൾ 2, 3, 4, 5, 6, 7, 8, 15, 16, 20, 26, 27, 29, 37, 41.

അദ്ധ്യായം 28; വാക്യങ്ങൾ 1, 2, 7, 10, 11, 12, 13, 14, 15, 16.

"ഞങ്ങൾ" എന്നു മേലുദ്ധരിച്ച വാക്യങ്ങളിൽ പ്രയോഗിച്ചിരിക്കുന്നതിൽനിന്നു് അവയിൽ വിവരിച്ചിരിക്കുന്ന സംഭവങ്ങൾ നടക്കുമ്പോൾ ഗ്രന്ഥകാരനുംകൂടി സന്നിഹിതനായിരുന്നുവെന്നാണല്ലോ സ്പഷ്ടമായി തെളിയുന്നതു്. പൗലോസ്സ് ശ്ലീഹായെ സംബന്ധിക്കുന്ന കാര്യം, തന്നെയുംകൂടി സംബന്ധിക്കുന്നതായി പ്രസ്തുത പ്രയോഗംകൊണ്ടു ഗ്രന്ഥകാരൻ വിവക്ഷിക്കുന്നതിനാൽ അദ്ദേഹം ശ്ലീഹായുടെ സഹചാരിമാത്രമല്ല, സഹകാരിയുംകൂടിയാണെന്നും പ്രത്യക്ഷമാണു്. ഈ ന്യായത്താൽ നടപടിഗ്രന്ഥത്തിലെ പ്രസ്തുതവാക്യങ്ങളടങ്ങിയ ഉത്തരഭാഗം പൗലോസ്സ് ശ്ലീഹായുടെ സഹചാരിയും സഹകാരിയുമായ ഒരാളാണു് എഴുതിയതെന്നു പണ്ഡിതവിമർശകന്മാർ സമ്മതിക്കുന്നു.

### ശ്ലീഹായുടെ സഹകാരി

ഈ സഹകാരി തന്നെയാണോ ഗ്രന്ഥത്തിലെ (16-ാം അദ്ധ്യായത്തിനുമുമ്പുള്ള) പൂർവ്വഭാഗവും എഴുതിയതെന്ന പ്രശ്നം ഇവിടെ ആവിർഭവിക്കുന്നു. അതെ, എന്നാണു പണ്ഡിതവിമർശകന്മാരുടെ മറുപടി. അതിനവർ പറയുന്ന കാരണം, ഗ്രന്ഥത്തിൻെറ പൂർവ്വഭാഗത്തിലേയും ഉത്തരഭാഗത്തിലേയും ഭാഷാപ്രയോഗത്തിൻെറ ഏകത്വമാണു്. രണ്ടു ഭാഗങ്ങളിലേയും ഭാഷാരീതി ഒന്നുതന്നെയാണെന്നു ഗ്രീക്കുഭാഷയിലുള്ള അതിൻെറ മൂലത്തിൽനിന്നു കാണാം. നാല്പതിലധികം പ്രാവശ്യം പ്രധാനപ്പെട്ട ഒരേപദങ്ങളും പ്രയോഗങ്ങളും രണ്ടുഭാഗങ്ങളിലും അടങ്ങിയിട്ടുണ്ടു്. അവ, മൂന്നാം സുവിശേഷഗ്രന്ഥത്തിലല്ലാതെ, പുതിയനിയമത്തിലെ മറെറാരു ഗ്രന്ഥത്തിലും കാണപ്പെടുന്നില്ല. ഈ ഒരൊററ സംഗതിമതി, രണ്ടു ഭാഗങ്ങളിലേയും കർത്താവു് ഒന്നുതന്നെയാണെന്നു തെളിയിക്കാൻ എന്നാണു പണ്ഡിതന്മാരുടെ അഭിപ്രായം. എന്നാൽ രണ്ടു ഭാഗങ്ങൾക്കും തമ്മിൽ വേറെയും ചില ബന്ധങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ടു്. പൂർവ്വഭാഗത്തു് ഒരു പീലിപ്പോസിനെപ്പററി (Philip) ചില സംഭവങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. ഇദ്ദേഹം "ശ്ലീഹന്മാരാൽ തിരഞ്ഞെടുക്കപ്പെട്ട ഏഴു ഡീക്കൺമാരിൽ (Deacon = ആറാംപട്ടക്കാരൻ) ഒരാളാണു്" എന്നു് ആദ്യം പ്രസ്താവിക്കുന്നു. (ന: ഗ്ര: VI-5). അനന്തരം "പീലിപ്പോസ്സ് ശമരിയാ പട്ടണത്തിൽ ചെന്നു് മിശിഹായെ പ്രസംഗിച്ചു" എന്ന വിവരം രേഖപ്പെടുത്തുന്നു (VII-5). അതിനെതുടർന്നു്, അദ്ദേഹം എത്തിയോപ്പിയായിലെ പ്രഭുവിനെ വഴിമദ്ധ്യേ സുവിശേഷം അറിയിക്കുകയും മാനസാന്തരപ്പെടുത്തുകയും ചെയ്തുവെന്നു വിവരിക്കുന്നു (VIII-26). ഈ സംഭവങ്ങൾ ഗ്രന്ഥകാരൻ പ്രത്യേകം തിരഞ്ഞെടുത്തു പറയുവാൻ കാരണമെന്തായിരിക്കാം? ആ സംഭവങ്ങളിൽ ഗ്രന്ഥകാരൻ സന്നിഹിതനായിരുന്നില്ല. കൂടുതൽ പ്രാധാന്യമുള്ള പല സംഭവങ്ങളും നടന്നിരിക്കാമെങ്കിലും, അവയെപ്പററി ഒന്നും പറഞ്ഞിട്ടില്ല. ഇതിൻെറ കാരണം രണ്ടാംഭാഗത്തിലെ കേവലം യാദൃച്ഛികമെന്നു തോന്നാവുന്ന ഒരു വാക്യത്തിൽ കിടപ്പുണ്ടു്. "ഞങ്ങൾ......സെസറിയായിൽ.......സുവിശേഷപ്രാസംഗികനായ പീലിപ്പോസിൻെറ ഗൃഹത്തിൽ പ്രവേശിക്കുകയും.......അവിടെ അനേകദിവസം താമസിക്കുകയും ചെയ്തു" (ന: ഗ്ര: XXI—8—10). ഗ്രന്ഥകാരൻ പീലിപ്പോസിൻെറ ഗൃഹത്തിൽ അനേകദിവസം താമസിച്ചതിനിടയിൽ അദ്ദേഹത്തിൽനിന്നുതന്നെ അദ്ദേഹം സമരിയായിൽ പ്രസംഗിച്ചതും എത്തിയോപ്യൻ പ്രഭുവിനെ മാനസാന്തരപ്പെടുത്തിയതും അറിഞ്ഞു. താൻ സൂക്ഷ്മമായി അറിഞ്ഞിട്ടുള്ളവമാത്രമേ രേഖപ്പെടുത്തുകയുള്ളുവെന്നു നിഷ്ഠയുള്ളയാളാണു നടപടിഗ്രന്ഥത്തിൻെറ കർത്താവെന്നു വഴിയേ നമുക്കു കാണാം. അതനുസരിച്ചു പീലിപ്പോസിൽ നിന്നറിഞ്ഞ അദ്ദേഹത്തെപ്പററിയുള്ള സംഭവങ്ങൾ ഗ്രന്ഥകാരൻ രേഖപ്പെടുത്തി. അവയെക്കാൾ പ്രാധാന്യമുള്ള വേറെ സംഭവങ്ങളും നടന്നിട്ടുണ്ടായിരിക്കാമെങ്കിലും, തനിക്കു സൂക്ഷ്മമായ അറിവില്ലായിരുന്നതിനാൽ അവയെ അദ്ദേഹം രേഖപ്പെടുത്താതെ വിട്ടുകളഞ്ഞു. പീലിപ്പോസിനെപ്പററിയുള്ള സംഭവങ്ങൾ രേഖപ്പെടുത്തുവാൻ കാരണം പീലിപ്പോസിൻെറ ഗൃഹത്തിൽവച്ചു് അദ്ദേഹത്തിൽനിന്നു് അവയെ അറിഞ്ഞതാണെങ്കിൽ, സംഭവങ്ങളെ രേഖപ്പെടുത്തിയ ആളും അവയെ അദ്ദേഹത്തിൽനിന്നു് അറിഞ്ഞ ആളും ഒന്നായിരിക്കണമല്ലോ. ഒന്നായിരിക്കണമെങ്കിൽ, നടപടി ഗ്രന്ഥത്തിൻെറ പൂർവ്വഭാഗം എഴുതിയ ആളും ഉത്തരഭാഗം എഴുതിയ ആളും ഒന്നുതന്നെയായിരിക്കണം. എന്തുകൊണ്ടെന്നാൽ പീലിപ്പോസിനെപ്പററിയുള്ള സംഭവങ്ങൾ വിവരിക്കുന്നതു ഗ്രന്ഥത്തിൻെറ പൂർവഭാഗത്തും, അദ്ദേഹത്തിൻെറ ഗൃഹത്തിൽ താമസിച്ച വിവരം പ്രസ്താവിച്ചിരിക്കുന്നതു ഗ്രന്ഥത്തിൻെറ ഉത്തരഭാഗത്തുമാണു്. ഈ ന്യായംകൊണ്ടും നടപടിഗ്രന്ഥം മുഴുവനും പൗലോസ്സ് ശ്ലീഹായുടെ സഹകാരിയായ ഒരേ ആൾതന്നെ എഴുതിയതാണെന്നു തെളിയുന്നു.

### ഭിഷഗ്വരൻ

നടപടിഗ്രന്ഥത്തിൻെറ കർത്താവു് പൗലോസ്സ് ശ്ലീഹായുടെ ഒരു സഹപ്രവർത്തകനാണെന്നു ഗ്രന്ഥത്തിൽനിന്നുതന്നെ തെളിയുന്നതുപോലെ, ആ സഹപ്രവർത്തകൻ ഒരു ഭിഷഗ്വരനാണെന്നും ഗ്രന്ഥത്തിൽനിന്നുതന്നെ തെളിയുന്നുണ്ടു്. ഇതും പണ്ഡിതന്മാരായ വിമർശകന്മാർ സമ്മതിക്കുന്ന ഒരു വസ്തുതയാണു്. അതിനവർക്കുള്ള ലക്ഷ്യം, ഗ്രന്ഥത്തിൽ പ്രയോഗിച്ചിരിക്കുന്ന വൈദ്യശാസ്ത്രശബ്ദങ്ങളാകുന്നു. അത്തരം ശബ്ദങ്ങൾ ഗ്രന്ഥത്തിൽ 201 സ്ഥലങ്ങളിൽ പ്രയോഗിച്ചിട്ടുണ്ടു്. അവയെല്ലാം ഗ്രീക്കുകാരിൽ വൈദ്യശാസ്ത്രത്തെ പ്രതിപാദിച്ചെഴുതിയിട്ടുള്ള ഗ്രന്ഥകർത്താക്കൾ പ്രയോഗിച്ചിട്ടുള്ളവയാണു്; അവയിലധികവും അവർ മാത്രം പ്രയോഗിച്ചിട്ടുള്ളവയുമാണു്. മൂന്നാം സുവിശേഷഗ്രന്ഥത്തിലല്ലാതെ പുതിയനിയമത്തിലെ മറെറാരു ഗ്രന്ഥത്തിലും പ്രസ്തുതപ്രയോഗങ്ങൾ കാണുന്നില്ല. അഥവാ കാണുന്നുണ്ടെങ്കിൽ വളരെ അപൂർവമായി മാത്രം (Hobart's Medical Language of St. Luke). ഉദാഹരണമായി ക്രിസ്തുവിൻെറ ഉയിർപ്പിൻെറ പല തെളിവുകളെപ്പററി ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. അവിടെ "തെളിവുകൾ" എന്നർത്ഥമുള്ള ശബ്ദം മൂലഗ്രന്ഥത്തിൽ ഉപയോഗിച്ചിട്ടുള്ളതു് ഏതെങ്കിലും ഒരു രോഗത്തിൻെറ അപ്രമാദമായ ലക്ഷണങ്ങളെ വിവക്ഷിച്ച വൈദ്യശാസ്ത്രപ്രതിപാദകരായ ഗ്രീക്കു ഗ്രന്ഥകർത്താക്കൾ ഉപയോഗിച്ചിട്ടുള്ളതുതന്നെയാണു്. അതുപോലെതന്നെ, സകലത്തിൻേറയും പുനരുദ്ധാരണത്തെക്കുറിച്ചു് പ്രസ്താവിക്കുന്നിടത്തു "പുനരുദ്ധാരണം" എന്നർത്ഥമുള്ള ശബ്ദം മൂലത്തിൽ ഉപയോഗിച്ചിരിക്കുന്നതു മനുഷ്യശരീരത്തിലെ അവയവങ്ങൾക്കുണ്ടായ കേടുകൾ പൂർണ്ണമായി ശമിച്ചു എന്നർത്ഥം വിവക്ഷിക്കുവാൻ വൈദ്യശാസ്ത്രപ്രതിപാദകരായ ഗ്രീക്കു് ഗ്രന്ഥകാരന്മാർ ഉപയോഗിച്ചിട്ടുള്ളതാണു് (1-3; III-21).

### ലൂക്കാ എന്ന പേർ

പൗലോസ്സ് ശ്ലീഹായുടെ സഹപ്രവർത്തകനും, ഒരു ഭിഷഗ്വരനുമായ ഈ ഗ്രന്ഥകർത്താവിൻെറ പേരും നമുക്കറിയാം. എങ്ങനെയെന്നാൽ, പൗലോസ്സ് ശ്ലീഹാ കൊളോസ്സായക്കാർക്കയച്ച (Colossians) ലേഖനത്തിൽ "ഏററവും പ്രിയപ്പെട്ട ഭിഷഗ്വരനായ ലൂക്കാ (Luke) നിങ്ങൾക്കു വന്ദനം പറയുന്നു" എന്നു പ്രസ്താവിച്ചിട്ടുണ്ടു് (IV-14). ഈ ലൂക്കായും താനുമായുള്ള ബന്ധമെന്താണെന്നു ശ്ലീഹാ ഫിലെമോനുള്ള (Philemon) ലേഖനത്തിൽ പറയുന്നു. "എൻെറ സഹപ്രവർത്തകനായ ലൂക്കാ നിങ്ങൾക്കു വന്ദനം പറയുന്നു" (1-24). തിമോത്തേവൂസിനുള്ള (Timothy) രണ്ടാംലേഖനത്തിലും ശ്ലീഹാ ഈ ലൂക്കായെക്കുറിച്ചു പറയുന്നുണ്ടു്. "ലൂക്കാ മാത്രമേ എൻെറകൂടെയുള്ളു"(IV-10). ആദ്യം പറഞ്ഞ രണ്ടു ലേഖനങ്ങളും ശ്ലീഹാ റോമയിൽ ഒന്നാംപ്രാവശ്യം തടവുകാരനായി താമസിക്കുന്ന കാലത്തും, ഒടുവിൽ പറഞ്ഞ ലേഖനം രണ്ടാം പ്രാവശ്യം തടവുകാരനായി താമസിക്കുന്നകാലത്തും എഴുതിയതാണെന്നാണു പണ്ഡിതന്മാരുടെ അഭിപ്രായം. അതിനാൽ ഈ ലൂക്കാ, പൗലോസ്സ് ശ്ലീഹായുടെ ഏററവും വിശ്വസ്തനായ, ഏററവും പ്രിയപ്പെട്ട, സഹചാരിയും സഹപ്രവർത്തകനുമാണെന്നു സിദ്ധിക്കുന്നു. എന്നാൽ ഒരു സംഗതി പ്രത്യേകിച്ചും ശ്രദ്ധേയമാണു്. ലൂക്കാ ഇങ്ങനെ വിശുദ്ധ പൗലോസിൻെറ യാത്രകളിലും പ്രവർത്തനങ്ങളിലും കാരാഗൃഹവാസങ്ങളിലും സഹചാരിയായിരിക്കുകയും, ശ്ലീഹായുടെ സുഖദുഃഖങ്ങളിൽ പങ്കുകൊള്ളുകയും ചെയ്തിരുന്നിട്ടും അദ്ദേഹത്തെപ്പററി നടപടിഗ്രന്ഥത്തിൽ ഒരിക്കലും ഒരിടത്തും ഒരു സൂചനപോലും കാണുന്നില്ല! ഈ അസാധാരണമായ മൗനത്തിനു കാരണം ഒന്നുമാത്രമായിരിക്കാനേ നിവൃത്തിയുള്ളു. നടപടിഗ്രന്ഥത്തിൻെറ കർത്താവു ലൂക്കാ ആയതുകൊണ്ടു്, അദ്ദേഹത്തെപ്പററി ആ ഗ്രന്ഥം പരിപൂർണ്ണമായ മൗനം അവലംബിച്ചു.

### സുവിശേഷകനായ ലൂക്കാതന്നെ

നടപടിഗ്രന്ഥത്തിൻെറ കർത്താവായ ലൂക്കാ, നാലു സുവിശേഷഗ്രന്ഥങ്ങളിൽ മൂന്നാമത്തേതു് എഴുതിയ ലൂക്കാതന്നെയാണെന്നും പണ്ഡിതന്മാരായ വിമർശകന്മാർ സമ്മതിക്കുന്നു. അതിനു തെളിവു്, രണ്ടുഗ്രന്ഥങ്ങൾക്കും ആശയഗതിയിലും ഭാഷാരീതിയിലുമുള്ള ഐക്യംതന്നെ. രണ്ടു ഗ്രന്ഥങ്ങളും "തെയോഫീലൂസ്സ്" എന്ന ഒരേവ്യക്തിയെ സംബോധനചെയ്തും അദ്ദേഹത്തിൻെറ ഉപയോഗത്തിനു വേണ്ടിയുമാണു് രചിച്ചിട്ടുള്ളതു്. രണ്ടിലും ഒരേ ചിന്താഗതിയും ഭാഷാശൈലിയും മൂലത്തിൽ പ്രത്യക്ഷപ്പെടുന്നു. പുറജാതികളെക്കുറിച്ചുള്ള ഹൃദയസ്പൃക്കായ ആദരവു്, റോമാസാമ്രാജ്യത്തോടുള്ള അകൈതവമായ ബഹുമാനം, യഹൂദമതാനുഷ്ഠാനക്രമങ്ങളെപ്പററിയുള്ള പ്രതിപാദനം, സുവിശേഷസന്ദേശം സകലമനുഷ്യർക്കുമായുള്ളതാണെന്ന വിശാലമായ ബോധം—ഇവയെല്ലാം രണ്ടു ഗ്രന്ഥങ്ങളിലും ഒന്നുതന്നെയായിരിക്കുന്നു. നടപടിഗ്രന്ഥത്തിൽ 201 സ്ഥലങ്ങളിൽ വൈദ്യശാസ്ത്രസംബന്ധമായി ഗ്രീക്കു് ഗ്രന്ഥകർത്താക്കൾ പ്രയോഗിച്ചിട്ടുള്ള ശബ്ദങ്ങൾ കാണുന്നുണ്ടെന്നു മുകളിൽ പറഞ്ഞുവല്ലോ. അത്തരം ശബ്ദങ്ങളും പ്രയോഗങ്ങളും മൂന്നാമത്തെ സുവിശേഷഗ്രന്ഥത്തിൽ 252 സ്ഥലങ്ങളിൽ കാണുന്നുണ്ടു്. ചില പ്രയോഗങ്ങൾ ഈ രണ്ടു ഗ്രന്ഥങ്ങളിലേയും ഒരു പ്രത്യേകതയായിട്ടാണിരിക്കുന്നതു്. ഉദാഹരണമായി, "ഭൂമുഖം" എന്നർത്ഥം വിവക്ഷിച്ചിട്ടുള്ള ഗ്രീക്കു ശൈലി രണ്ടു ഗ്രന്ഥങ്ങളിലും ഉപയോഗിച്ചിട്ടുള്ളതു് ഒന്നുതന്നെയാണു്—തൊപ്രൊസൊപ്പോൻ തെസ്ഗേസ്സ് — (സുവി: XII-56; XXI-35; ന: ഗ്ര: XVII-26). രണ്ടു ഗ്രന്ഥങ്ങളുടേയും കർത്താവു് ഒരാൾതന്നെയാണെന്നു നടപടിഗ്രന്ഥത്തിൻെറ ആരംഭത്തിൽ സ്പഷ്ടമായ സൂചനയുണ്ടുതാനും. ക്രിസ്തുവിൻെറ പ്രവൃത്തികളേയും ഉപദേശങ്ങളേയും ഉള്ളടക്കി താൻ മുമ്പെഴുതിക്കൊടുത്തിട്ടുള്ള പ്രബന്ധത്തെപ്പററി ഗ്രന്ഥകർത്താവു് ആദ്യവരികളിൽ തെയോഫീലൂസിനോടു് പറയുന്നു (1; 1, 2, 3). ക്രിസ്തുവിൻെറ സ്വർഗ്ഗാരോഹണചരിത്രംവരെ താൻ അതിൽ നൽകിയ വിവരണങ്ങളെ തുടർന്നുള്ള സംഭവങ്ങളെ രേഖപ്പെടുത്തുവാനാണു താൻ ഇനി ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം സൂചിപ്പിക്കുകയും ചെയ്യുന്നു. ഇക്കാരണങ്ങളാലാണു് മൂന്നാം സുവിശേഷഗ്രന്ഥത്തിൻേറയും നടപടിഗ്രന്ഥത്തിൻേറയും കർത്താവു് ഒന്നുതന്നെയാണെന്നു വിമർശകന്മാർ സമ്മതിക്കുന്നതു്.

### റെനാൻെറ സാക്ഷ്യം

അവിശ്വാസിയായ "റെനാൻ" (Re-

ഫാത്തിമാബാലസമിതി

# വിദ്യാഭ്യാസം

പ്രിയകുഞ്ഞുങ്ങളേ,

വിദ്യാഭ്യാസം എന്ന വാക്കു കേൾക്കുമ്പോൾ ഏതോ ഒരാശയം നിങ്ങളുടെ ബോധത്തിൽ വരുന്നുണ്ടു്. ആ അർത്ഥത്തിൽ നിങ്ങളെല്ലാവരും, അല്ലെങ്കിൽ നിങ്ങളിൽ മഹാ ഭൂരിഭാഗമെങ്കിലും, ഇപ്പോൾ വിദ്യാഭ്യാസം ചെയ്യുന്നവരാണു്.

"വിദ്യാഭ്യാസത്തി"നു് ഇംഗ്ലീഷിൽ പറയുന്നതു് "education" എന്നാണു്. ഈ പദം ലത്തീൻ ഭാഷയിൽനിന്നാണു് ഉത്ഭവിച്ചിട്ടുള്ളതു്. ലത്തീനിൽ ഇതിന്റെ അക്ഷരാർത്ഥം "വലിച്ചെടുക്കൽ" എന്നാകുന്നു. ചുരുക്കമായിപ്പറഞ്ഞാൽ മനുഷ്യനിൽ സ്ഥിതിചെയ്യുന്ന വിവിധകഴിവുകളെ ശരിയായവിധം വികസിപ്പിക്കുക എന്നാണു് education എന്ന പദംകൊണ്ടു് വിവക്ഷിക്കപ്പെടുന്നതു്.

മലയാളഭാഷയിൽ ഉപയോഗിക്കുന്ന "വിദ്യാഭ്യാസ"ത്താൽ സാധാരണജനങ്ങൾ ഉദ്ദേശിക്കുന്നതു് "ജ്ഞാനസമ്പാദന"മാണു്. കുറെ ഭാഷയും കണക്കും ചരിത്രവും ഭൂമിശാസ്ത്രവും സയൻസുമൊക്കെ പഠിച്ചുകഴിഞ്ഞാൽ വിദ്യാഭ്യാസമായി എന്നാണു് ഇക്കൂട്ടരുടെ വിചാരം. ആറാം ഫാറം ജയിച്ചുകഴിഞ്ഞാൽ വിദ്യാഭ്യാസം ഏതാണ്ടൊക്കെ ആയി. ബി. എ. ബിരുദം അഥവാ എം. എ. ബിരുദം സമ്പാദിച്ചുകഴിഞ്ഞാൽ വിദ്യാഭ്യാസം പൂർത്തിയായി. ഇതൊക്കെയാണു് അവരുടെ ചിന്താഗതി. എന്നാൽ ഇതു് ശരിയല്ല. എന്തുകൊണ്ടെന്നാൽ ഈ വിധത്തിലുള്ള ക്ലാസ്സുകയററംമാത്രം പരിഗണിച്ചാൽ അതു് പൂർണ്ണമായ വിദ്യാഭ്യാസമാകുകയില്ല. സാക്ഷാലുള്ള വിദ്യാഭ്യാസം അഥവാ education കൊണ്ടു് സാധിക്കേണ്ട കാര്യങ്ങളിൽ ഏതാണ്ടു് മൂന്നിലൊന്നു മാത്രമേ പ്രസ്തുത വിജയങ്ങൾകൊണ്ടു് സാദ്ധ്യമാകുന്നുള്ളു എന്നുവേണം പറയുവാൻ.

മനുഷ്യനു് രണ്ടു പ്രധാനഭാഗങ്ങളാണുള്ളതു്—ശരീരവും ആത്മാവും. ആത്മാവിനു് രണ്ടുഭാഗങ്ങൾ അഥവാ കഴിവുകളുണ്ടു്. ബുദ്ധിയും മനസ്സും. മററുപ്രകാരത്തിൽ പറയുകയാണെങ്കിൽ മനുഷ്യനു് ശരീരം, ബുദ്ധി, മനസ്സു് എന്നിങ്ങനെ മൂന്നുഭാഗങ്ങളുണ്ടു്. ശരീരം എന്താണെന്നു നിങ്ങളെ മനസ്സിലാക്കേണ്ട ആവശ്യമില്ലല്ലോ. ബുദ്ധിവഴിയായിട്ടാണു് നാം സംഗതികൾ ഗ്രഹിക്കുന്നതു്, അല്ലെങ്കിൽ ജ്ഞാനം സമ്പാദിക്കുന്നതു്. മനസ്സാണു് നമ്മുടെ ഡ്റൈവർ, അഥവാ നമ്മെ ഭരിച്ചു് നയിക്കുന്നതു്, അല്ലെങ്കിൽ നയിക്കേണ്ട ശക്തി. ഇവയ്ക്കു് വേറേയും ജോലികളുണ്ടു്. അവയെക്കുറിച്ചു് പിന്നീടു് പറഞ്ഞുകൊള്ളാം.

ഒരാൾ പ്രായപൂർത്തിയാകുന്നതുവരെ ചെയ്യേണ്ട സർവ്വപ്രധാനമായ സംഗതി അയാളിലുള്ള ശരീരം, ബുദ്ധി, മനസ്സു് എന്ന മൂന്നു ഭാഗങ്ങൾക്കും യഥായോഗ്യമായ വളർച്ച യഥാവസരം നൽകുകയെന്നതാണു്. മന്നുള്ളവരെ നിങ്ങൾ കണ്ടിരിക്കുമല്ലോ. അവരെക്കാണുമ്പോൾ നിങ്ങൾക്കു് സഹതാപം ഉണ്ടാകുന്നു. അതുപോലെതന്നെ നല്ല വളർച്ചയുള്ള ഉടലിനുമീതെ പൊതിച്ചതേങ്ങായുടെമാത്രം വലുപ്പമുള്ള ശിരസ്സോടുകൂടിയ ചുരുക്കം ചിലരേയും നിങ്ങൾ കണ്ടിരിക്കും. അവരും കാഴ്ചയ്ക്കു് വിരൂപന്മാരാണു്. ഇതുതന്നെ, സാമാന്യമായി ഉണ്ടാകേണ്ട വലുപ്പത്തിൽ കൂടുതലോ കുറവോ ആയ വളർച്ചയുള്ള അവയവങ്ങളോടുകൂടിയവരെക്കുറിച്ചൊക്കെ പറയാം. ചില അവയവങ്ങളുടെ വളർച്ചക്കൂടുതൽ അഥവാ വളർച്ചക്കുറവു് ശരീരത്തെ കാഴ്ചയ്ക്കു് അഭംഗിയുള്ളതാക്കിത്തീർക്കുന്നു എന്നു മാത്രമല്ല ശക്തിക്കുറവും ഉള്ളതാക്കിത്തീർക്കുന്നു. ശരീരത്തിന്റെ ഓരോ അവയവത്തിനും യഥായോഗ്യമുണ്ടായിരിക്കേണ്ട വലുപ്പമുണ്ടെങ്കിൽ മാത്രമേ ശരീരം പൊതുവിൽ ഭംഗിയും ശേഷിയും ഉള്ളതായിരിക്കുകയുള്ളു. ഇതുതന്നെയാണു് പൂർണ്ണമനുഷ്യനെ സംബന്ധിച്ചും. അവന്റെ പ്രധാനപ്പെട്ട മൂന്നുഭാഗങ്ങൾക്കും, അവയിൽ ഓരോന്നിനും അവശ്യംവേണ്ടതായ വികസനം അഥവാ വളർച്ച ലഭിക്കണം. എങ്കിൽമാത്രമേ മനുഷ്യനെന്ന നിലയിൽ അവൻ കുറവില്ലാത്തവനും മനുഷ്യോചിതമായി പ്രവർത്തിക്കുന്നതിനു പ്രാപ്തിയുള്ളവനുമായിരിക്കുകയുള്ളു. പ്രസ്തുത വളർച്ച പ്രായപൂർത്തിവരുന്നതോടുകൂടി, പ്രായത്തിനനുയോജ്യമായവിധത്തിൽ, ഏതാണ്ടു് പൂർണ്ണമാകുകയും വേണം. ഇതിനാണു് ഓരോരുത്തരും പരിശ്രമിക്കേണ്ടതു്. ഇതിനുള്ള ഒരുത്തമമാതൃകയാണു്, മുൻ ലേഖനത്തിൽ പ്രസ്താവിച്ചിരുന്നതുപോലെ, ഈശോ തന്റെ ചെറുപ്പത്തിൽ നമുക്കു നൽകിയിട്ടുള്ളതു്.

"ഈശോ പ്രായത്തിലും ജ്ഞാനത്തിലും ദൈവത്തിന്റേയും മനുഷ്യരുടേയും മുൻപിൽ കൃപയിലും വളർന്നുവന്നു." ഈശോ "പ്രായത്തിൽ" വളർന്നുവന്നു. അതായതു് ശരീരത്തിന്റെ വളർച്ചയിൽ അഭിവൃദ്ധി പ്രാപിച്ചുവന്നു. "ജ്ഞാനത്തിൽ" വളർന്നുവന്നു. അതായതു് വിജ്ഞാനം സമ്പാദിക്കുന്നതിൽ അഭിവൃദ്ധിപ്രാപിച്ചുവന്നു. "കൃപയിൽ" വളർന്നുവന്നു. അതായതു് മനസ്സിന്റെ കരുത്തിലും വരപ്രസാദത്തിലും അഭിവൃദ്ധിപ്രാപിച്ചുവന്നു. ക്രിസ്തുവിൽ ആരംഭംമുതലേ വരപ്രസാദത്തിന്റെ പൂർണ്ണത ഉണ്ടായിരുന്നതുകൊണ്ടു് അതിൽ യാതൊരുവിധത്തിലുമുള്ള വർദ്ധനവു് സാധ്യമല്ലായിരുന്നു. "വളർന്നുവന്നു" എന്നു പറഞ്ഞിരിക്കുന്നതു അതിന്റെ ലക്ഷണങ്ങൾ പുറമെ പ്രകാശിപ്പിച്ചതിനെ ഉദ്ദേശിച്ചാണെന്നു ധരിക്കണം. മേൽപ്പറഞ്ഞ മൂന്നിൽ, ഓരോന്നിന്റേയും വളർച്ച സംബന്ധിച്ചു് അനുക്രമമായി അടുത്തലക്കങ്ങളിൽ വല്യച്ചൻ പ്രസ്താവിച്ചുകൊള്ളാം.

ഇപ്പോൾ കുഞ്ഞുമക്കൾ ഒരു കാര്യം ചെയ്യണമെന്നാണു് വല്യച്ചന്റെ ആഗ്രഹം. ബാലനായ ഈശോയുടെ പടങ്ങൾ നിങ്ങൾ കണ്ടിരിക്കുമല്ലോ. നിങ്ങളുടെ ഓരോരുത്തരുടേയും പ്രായമുള്ള ഈശോയെ നിങ്ങളുടെ ബോധംകൊണ്ടു് രൂപീകരിക്കണം. നിങ്ങളുടെ പ്രായം എന്നു പറയുമ്പോൾ ഏതാണ്ടു് നിങ്ങളുടെ പൊക്കംതന്നെയുള്ള ഒരാൾ. നല്ല ആരോഗ്യമുള്ള ശരീരം. സൗന്ദര്യം വഴിഞ്ഞൊഴുകുകയും എപ്പോഴും മന്ദസ്മിതം തൂകുകയും ചെയ്യുന്ന മുഖകമലം. എല്ലാംകൊണ്ടും ഒത്തിണങ്ങിയ ശരീരഘടന. ബുദ്ധികൂർമ്മതയെ പ്രകാശിപ്പിക്കുന്ന നയനങ്ങൾ. ചിന്താശീലത്തേയും ആലോചനാസ്വഭാവത്തേയും പ്രസ്പഷ്ടമാക്കുന്ന സംസാരം. ഇതിലെല്ലാമുപരിയായി തന്നെ കാണുകയും തന്നോടു് ഇടപെടുകയും ചെയ്യുന്ന എല്ലാവരേയും തന്നിലേക്കാകർഷിക്കുവാൻ പര്യാപ്തമായ സൽസ്വഭാവം. ഇപ്രകാരമുള്ള ഈശോയെ നിങ്ങളുടെ മാതൃകയായി സ്വീകരിക്കുക. മാത്രമല്ല താഴെ കൊടുത്തിരിക്കുന്ന ജപം മനഃപാഠമായി പഠിക്കുകയും ദിവസംപ്രതി ഒരുപ്രാവശ്യമെങ്കിലും ഭക്തിതീക്ഷ്ണതയോടുകൂടി ജപിക്കുകയും ചെയ്യുക.

"എന്റെമാതൃകയായ ബാലനായ ഈശോ, ഞാൻ അങ്ങയെ അനുകരിച്ചു് പ്രായത്തിലെന്നപോലെ ജ്ഞാനത്തിലും ദൈവത്തിന്റേയും മനുഷ്യരുടേയും മുൻപിൽ കൃപയിലും വളർന്നുവരുവാൻ അനുഗ്രഹം ചെയ്യണമേ."

എന്നു് സ്വന്തം വല്യച്ചൻ.

---

nan) എന്ന വിമർശകന്റെ സാക്ഷ്യമുദ്ധരിച്ചു് ഈ വിഷയം ഇവിടെ ഉപസംഹരിക്കാം. "മൂന്നാം സുവിശേഷഗ്രന്ഥത്തിന്റെ കർത്താവുതന്നെയാണു നടപടിഗ്രന്ഥത്തിന്റേയും കർത്താവെന്നും, ഈ രണ്ടാമത്തെ ഗ്രന്ഥം, ആദ്യത്തേതിന്റെ തുടർച്ചയാണെന്നുമുള്ള സംഗതി ഏററവും സംശയരഹിതമാണു്. ഈ വസ്തുത തെളിയിക്കേണ്ട ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. കാര്യമായി ആരും അതു നിഷേധിച്ചിട്ടില്ല. രണ്ടുഗ്രന്ഥങ്ങളിലേയും മുഖവുര, രണ്ടും തിയോഫിലൂസിനു സമർപ്പിച്ചിട്ടുള്ളതു്, രണ്ടിലേയും ആശയങ്ങൾക്കും ഭാഷാപ്രയോഗങ്ങൾക്കും തമ്മിലുള്ള പരിപൂർണ്ണമായ സാമ്യം ഇവതന്നെയാണു് പ്രസ്തുതവസ്തുതയ്ക്കുള്ള അവിതർക്കിതമായ തെളിവു്. . . മൂന്നാം സുവിശേഷഗ്രന്ഥവും നടപടിഗ്രന്ഥവും സവിശേഷമായ ക്രമീകരണത്തോടുകൂടിയ ഏകകൃതിയാകുന്നു; രണ്ടു ഗ്രന്ഥങ്ങളും ഒരുമിച്ചുകൂട്ടുമ്പോൾ ഒരേഭാഷയിലുള്ളതും, പ്രത്യേകതയോടുകൂടിയ ഒരേ ഭാഷാശൈലികളുള്ളതും, വേദപുസ്തകവാക്യങ്ങളെ ഒരേവിധത്തിൽ ഉദ്ധരിക്കുന്നതുമായ ഒരു സമ്പൂർണ്ണകൃതിയായിത്തീരുകയുംചെയ്യുന്നു" (Les Apotres, Introd. pp. 16, 11).

## നിങ്ങൾക്കറിയാമോ?

1) ഇൻഡ്യൻ നാഷണൽകോൺഗ്രസ് സ്ഥാപിതമായതു് എന്നാണു്?
2) സ്ഥാപകനാരാണു്?
3) കോൺഗ്രസിന്റെ ആദ്യത്തെ പ്രസിഡണ്ടു് ആരായിരുന്നു?
4) മഹാത്മാഗാന്ധി പ്രസിഡണ്ടുസ്ഥാനം കൈയേററതു് ഏതു കൊല്ലത്തിലാണു്?
5) പണ്ഡിററു് നെഹ്റു എത്രപ്രാവശ്യം പ്രസിഡണ്ടായിരുന്നിട്ടുണ്ടു്?
6) ഇപ്പോഴത്തെ പ്രസിഡണ്ടു് ആരാണു്?

ഉത്തരം

1) 1885-ൽ.
2) മി. എ. ഒ. ഹ്യൂം (Hume).
3) ഡബ്ളിയു. സി. ബാനർജി.
4) 1924.
5) 4 പ്രാവശ്യം. 1929, 1935, 1937, 1946 എന്നിവർഷങ്ങളിൽ.
6) ബാബു പുരുഷോത്തമദാസ് താണ്ഡൻ.

—

## യഥാർത്ഥസമാധാനം

(പ. പിതാവിന്റെ ഈസ്റ്റർപ്രഭാഷണത്തിൽനിന്നു്)

"പ്രിയ പുത്രന്മാരേ, പുത്രിമാരേ, "ഉത്ഥാനംചെയ്തു" എന്ന മാലാഖമാരുടെ സന്ദേശം നിങ്ങളെ ഉണർത്തിയിരിക്കുന്നു. ഭയന്നും വിറച്ചുമിരുന്ന കുറെപ്പേർക്കു ഒരിക്കൽ നല്കപ്പെട്ട ആ സന്ദേശം എല്ലാ വസന്തോദയത്തിലും പുനരാവർത്തിക്കപ്പെടുകയും, ശ്രുതിമധുരമായ മണിനാദംവഴി നാനാദിഗന്തങ്ങളിലും വിളംബരം ചെയ്യപ്പെടുകയും, തദ്വാരാ ആയിരമായിരം ഹൃദയങ്ങളിൽ, അനനുഭവപ്പെട്ട സന്തോഷത്തിന്റേയും വിശ്വാസത്തിന്റേയും ശരണത്തിന്റേയും വികാരങ്ങൾ ഉത്തേജിപ്പിക്കപ്പെടുകയും ചെയ്യുന്നു. പ്രിയ മക്കളേ, സന്തോഷിപ്പിൻ, ആനന്ദോന്മത്തരാകുവിൻ. എന്തുകൊണ്ടെന്നാൽ, ഉയിർപ്പുഞായറാഴ്ച ഉത്ഥാനംപ്രാപിച്ച ക്രിസ്തുവിൽ നവീകരിക്കപ്പെടുന്ന ജീവിതം ഓരോ ആത്മാവിനും നവചൈതന്യത്തിന്റേയും രക്ഷയുടേയും ഭാവിയിലെ പുനരുത്ഥാനത്തിന്റേയും അടയാളമാണു്. ഈസ്റ്റർ നവീകരണരഹസ്യത്തെയാണു പ്രഖ്യാപനം ചെയ്യുന്നതു്. ദുശ്ചിന്തയുടേയും തിന്മയുടേയും പഴയ പുളിച്ചമാവിനെ നിങ്ങളിൽനിന്നു ദൂരെയെറിഞ്ഞു് ദൈവനിശ്ചയപ്രകാരമുള്ള പുതിയ മനുഷ്യനെ ധരിക്കുവിൻ. നിങ്ങളുടെ മനസ്സു സ്വർഗ്ഗീയകാര്യങ്ങളിലേക്കുയരട്ടെ. ഓരോ ആത്മാവും വരപ്രസാദത്താൽ അലംകൃതമാകട്ടെ. നീതിബോധം ഔന്നത്യം പ്രാപിക്കുകയും കൂടുതൽ ഫലസന്ദായകമാകയും ചെയ്യട്ടെ. ചുരുക്കിപ്പറഞ്ഞാൽ, ദൈവവും മനുഷ്യനും തമ്മിലും, മനുഷ്യനും മനുഷ്യനുംതമ്മിലുമുള്ള പൊട്ടിപ്പോയ കണ്ണികൾ വീണ്ടും കൂട്ടി യോജിപ്പിക്കുന്നതിനു ശ്രമിപ്പിൻ. ഒരിക്കൽക്കൂടി പുത്രന്മാരാകുവിൻ, ഒരിക്കൽക്കൂടി സഹോദരന്മാരാകുവിൻ.

"അദ്യഫലം സമാധാനമായിരിക്കട്ടെ. "സമാധാനം നിങ്ങളോടുകൂടെ"—ഇതാണു് ഉയിർത്തെഴുന്നേററ ഈശോയുടെ ആദ്യത്തെ അഭിവാദനം. പുൽക്കൂട്ടിലെ വാഗ്ദാനം ഉയിർപ്പുദിനത്തിൽ ഒരുയാഥാർത്ഥ്യമായിപരിണമിച്ചിരിക്കുന്നു. അതുനിവൃത്തിയായ രക്ഷാകർമ്മത്തിന്റെ പരിണതഫലമാണു്. ഈശോയുടെ ദർശനത്തിന്റെ നാന്ദിയായും ശൈശവസഭയുടെ അടയാളവാക്യമായും 20 നൂററാണ്ടുകൾക്കു മുമ്പു മാറെറാലിക്കൊണ്ട ആ സമാധാനസന്ദേശം മറെറല്ലാ കാലങ്ങളേയും അപേക്ഷിച്ചു് ഇപ്പോൾ എല്ലാവരുടേയും മനസ്സാക്ഷിയെ ബന്ധിക്കുന്ന ഒരു ദൈവികാജ്ഞയായി സ്വീകരിക്കപ്പെടുകയും അതുല്യമായ ഒരു ദാനമായി വിലമതിക്കപ്പെടുകയും ചെയ്യേണ്ടിയിരിക്കുന്നു. സമാധാനം ഒരു യാഥാർത്ഥ്യമായി പരിണമിക്കട്ടെ. അതു ഇന്നത്തെ പരിഷ്കാരത്തിന്റെ മഹനീയനേട്ടമായിത്തീരട്ടെ. സ്വർഗ്ഗവും ഭൂമിയും ഒരുപോലെ ഇന്നു അതാണാഗ്രഹിക്കുന്നതും."

## ഉയിർപ്പുതിരുനാളിന്റെ തീയതി

ഇക്കഴിഞ്ഞ മാർച്ചുമാസത്തിൽ ഇംഗ്ലീഷ് പാർലമെൻറിലെ പ്രഭുസഭയിൽ, ഉയിർപ്പുതിരുനാൾ എല്ലാകൊല്ലവും ഒരു നിശ്ചിതതീയതിയിൽ ആഘോഷിക്കണം എന്ന പ്രമേയം ലോർഡ് മെർത്തിർ അവതരിപ്പിക്കുകയുണ്ടായി. പക്ഷെ കാൻറർബറി മെത്രാപ്പോലീത്തായും ഒരു കത്തോലിക്കനായ ഏൾ ഓഫ് ഇഡസ്ലിയും (Earl of Iddesleigh) പ്രമേയത്തെ എതിർത്തുകൊണ്ടു ചെയ്ത പ്രസംഗങ്ങൾക്കുശേഷം അവതാരകൻ പ്രമേയം പിൻവലിക്കുകയാണു ചെയ്തതു്.

ലോർഡ് മെർത്തിർ റോമിൽ പോയി ഈ വിഷയം സംബന്ധിച്ചു് പരിശുദ്ധ പിതാവിന്റെ അഭിപ്രായം എന്തെന്നു ആരായേണ്ടതാണെന്നു ലോർഡ് ഇഡസ്ലി അഭിപ്രായപ്പെട്ടു. അതിനു മറുപടിയായി, ലോർഡ് മെർത്തിർ, വേറെ കാര്യങ്ങൾ പ്രമാണിച്ചു് ഇക്കൊല്ലം തനിക്കു റോമിൽ പോകേണ്ടിവന്നേക്കുമെന്നും അപ്പോൾ ഇക്കാര്യവുംകൂടി നിർവ്വഹിക്കാമെന്നും പ്രസ്താവിച്ചു. സഭയുടെ അഭിപ്രായം ആരായാതെ ഈസ്റ്റർപോലുള്ള ക്രിസ്തുമതസംബന്ധമായ ഒരു തിരുനാളിന്റെ തീയതി മാററുവാൻ രാഷ്ട്രം ആലോചിക്കുന്നതുതന്നെ അനധികൃതമാണെന്നായിരുന്നു കാൻറർബറി മെത്രാപ്പോലീത്തായുടെ പക്ഷം. "പ്രധാനപ്പെട്ട സഭകളുടെയെങ്കിലും സമ്മതംലഭിക്കാതെ അങ്ങനെയൊരു വ്യത്യാസം വരുത്തുകയെന്നതു തികച്ചും അപ്രായോഗികമാണെ"ന്നത്രെ ഗവമ്മെൻറുഭാഗത്തുനിന്നുമുള്ള മറുപടിയിൽ ലോർഡ് ചാൻസലർ പ്രസ്താവിച്ചതു്. ഏപ്രിലിലെ രണ്ടാമത്തെ ശനിയാഴ്ച കഴിഞ്ഞുവരുന്ന ഞായറാഴ്ചയാണു് ഉയിർപ്പുതിരുനാളിനു നിർദ്ദേശിക്കപ്പെട്ട തീയതി.

ഉയിർപ്പുതിരുനാൾ ഒരു നിശ്ചിതതീയതിയിൽ ആഘോഷിക്കുന്നതിനെപ്പററി പരിശുദ്ധ സിംഹാസനം സ്വീകരിച്ചിട്ടുള്ള നിലയെ പരാമർശിച്ചു ലോർഡ് ഇഡസ്ലി ഇപ്രകാരം പ്രസ്താവിച്ചു: 1924-ൽ ഇക്കാര്യത്തെപ്പററി ആലോചിക്കാനായി ലീഗ് ഓഫ് നേഷൻസ് 11-ാം പീയൂസ് മാർപ്പാപ്പയെ സമീപിച്ചതാണു്. അതിനു മാർപ്പാപ്പാതിരുമേനി ബേർനി (Berne) ലെ തന്റെ പ്രതിനിധിവഴി ഇപ്രകാരം മറുപടി നല്കി: "പഞ്ചാംഗം പരിഷ്കരിക്കുന്ന കാര്യം, പ്രത്യേകിച്ചും ഉയിർപ്പുതിരുനാളിന്റെ തീയതി വ്യത്യാസപ്പെടുത്തുന്ന കാര്യം, മതപരമായ ഒന്നാണെന്ന വസ്തുത സർവ്വരാജ്യസംഘം വ്യക്തമായി അംഗീകരിച്ചിരിക്കുന്നതിൽ പരിശുദ്ധ സിംഹാസനത്തിനുള്ള സന്തോഷം രേഖപ്പെടുത്തുന്നു. എന്നാൽ ഈ വിഷയത്തിൽ വ്യത്യാസങ്ങൾ വരുത്തുന്നതുകൊണ്ടു്, വിശ്വാസസത്യസംബന്ധമായ യാതൊരു വിഷമതയ്ക്കും ഇടയാകുന്നില്ലെങ്കിലും, ചിരകാലപ്രതിഷ്ഠിതങ്ങളായ പാരമ്പര്യങ്ങൾ ഉപേക്ഷിക്കേണ്ടതായി വരുന്നതാണു്. പൊതുപ്രാധാന്യമർഹിക്കുന്ന ഗൗരവകാരണങ്ങളില്ലാതെ അങ്ങനെ ചെയ്യുകയെന്നതു ന്യായയുക്തമോ സ്വീകാര്യമോ ആയ ഒരു നടപടിയല്ല. പള്ളിത്തിരുനാളുകൾ, വിശിഷ്യ ഉയിർപ്പുതിരുനാൾ നിശ്ചയിക്കുന്നതിൽ തിരുസ്സഭയിൽ തുടർച്ചയായി നിലവിലിരുന്നിട്ടുള്ള നടപടിയേയും ആദരണീയമായ പാരമ്പര്യം പ്രദാനംചെയ്തിട്ടുള്ളതും പുരാതനകാലംമുതൽ സൂനഹദോസുകൾ അംഗീകരിച്ചിട്ടുള്ളതുമായ പതിവിനേയും വ്യത്യാസംവരുത്തുവാൻ മതിയാകുന്ന യാതൊരു കാരണവും പരിശുദ്ധ സിംഹാസനം കാണുന്നില്ല. എന്നാൽ ഈ സാഹചര്യങ്ങളിൽ എന്തെങ്കിലും വ്യതിയാനം വരുത്തുന്നതു പൊതുനന്മയ്ക്കാവശ്യമാണെന്നു കാണിക്കുന്നപക്ഷം ഒരു പൊതുസൂനഹദോസിന്റെ അഭിപ്രായം അറിയുന്നതിനു മുമ്പായിത്തന്നെ തിരുസിംഹാസനം ഈ കാര്യത്തെപ്പററി ആലോചിക്കുന്നതാണു്." ഏതാണ്ടിപ്രകാരമുള്ള ഒരഭിപ്രായം തന്നെയാണു് 1928-ലും പരിശുദ്ധ സിംഹാസനം പ്രകാശിപ്പിച്ചതെന്നും ലോർഡ് ഇഡസ്ലി തുടന്നു പ്രസ്താവിച്ചു. ഈ പരിതഃസ്ഥിതിയിൽ പ്രമേയം പിൻവലിക്കാൻ ലോർഡ് മെർത്തിർ നിർബന്ധിതനായി.

# ഒരിംഗ്ലീഷ് പുസ്തകത്തെപ്പററി

## "സെവൻ സ്റ്റോറി മൗണ്ടൻ"

[The Seven Storey Mountain by Thomas Merton: Harcourt Brace & Co., New York. Pages 422]

(കെ. ടി. സെബാസ്റ്റ്യൻ ബി. എ.)

കുറച്ചു വർഷങ്ങൾക്കുമുമ്പു് സോമർസെററ് മോം "Razor's Edge" എന്ന നോവൽ പ്രസിദ്ധപ്പെടുത്തിയപ്പോൾ ആധുനികനിരൂപകന്മാരിൽ ചിലർ പറയുകയുണ്ടായി അതിലെ നായകനായ ലാരി മനസ്സമാധാനത്തിനായി ഉഴലുന്ന ആധുനികമനുഷ്യരുടെ പ്രതിനിധിയാണെന്നു്. പക്ഷെ എല്ലാവിധ സാന്മാർഗ്ഗികതത്വങ്ങളേയും പഴഞ്ചൻ എന്നു മുദ്രയടിച്ചുകൊണ്ടു് കേവലം ഭൗതികമാത്രമായ ഒരു ജീവിതം നയിക്കുന്ന കഥാനായകനു് യഥാർത്ഥമായ മനശ്ശാന്തി ലഭിക്കുന്നതായി പുസ്തകത്തിൽനിന്നു നമുക്കു മനസ്സിലാകുന്നില്ല. കഥാനായകനെന്നതുപോലെതന്നെ വായനക്കാർക്കും "Razor's Edge" ന്റെ പാരായണം യാതൊരു മനശ്ശാന്തിയും നല്കുന്നില്ല. ഒരുവിധത്തിൽപറഞ്ഞാൽ നിരൂപണവിഷയമായ "Seven Storey Mountain"ന്റെ കത്താവായ തോമ്മസ്സ് മെർട്ടൻ മാനസികവും ആദ്ധ്യാത്മികവുമായ ശാന്തിക്കു വേണ്ടി ഉഴലുന്ന ആധുനിക യുവലോകത്തിന്റെ പ്രതിനിധിയത്രെ. പക്ഷെ മോമിന്റെ Razor's Edge-ഉം മെർട്ടന്റെ Seven Storey Mountain-ഉം തമ്മിൽ ദക്ഷിണോത്തരധ്രുവങ്ങൾ പോലെയുള്ള അകൽച്ചയുണ്ടു്. Razor's Edge മോമിന്റെ ഭാവനയിൽനിന്നുമാത്രം രൂപമെടുത്ത ഒരു കാല്പനികകഥയാണെങ്കിൽ, Seven Storey Mountain മെർട്ടന്റെ ആത്മകഥയാണു്. "Razor's Edge" അശ്ലീലമാണെങ്കിൽ, അതിന്റെ പാരായണം അനിതരസാധാരണവും അലൗകികവുമായ ഒരു ആനന്ദാനുഭൂതി വായനക്കാരുടെ മനസ്സിൽ ഉളവാക്കുവാൻ അപര്യാപ്തമാണെങ്കിൽ "Seven Storey Mountain" ആത്മസംയമനം സാധിച്ചു കഴിഞ്ഞിരിക്കുന്ന ഒരു യുവസന്യാസിയുടെ പരിപക്വവും അതിവിശുദ്ധവുമായ തൂലികയിൽനിന്നും ഉടലെടുത്തിരിക്കുന്ന ഒരുന്നതഗ്രന്ഥമത്രേ. അതിന്റെ പാരായണം ലോകായതികന്മാരായ യുവജനങ്ങളിൽ സ്വർഗ്ഗീയമായ ഒരു ആനന്ദാനുഭൂതി ഉളവാക്കും. നല്ലജീവിതം കഴിക്കുവാൻ ആഗ്രഹിക്കുന്ന വായനക്കാരെ വിശുദ്ധിയുടെ കൊടുമുടിയിലേക്കു് കൈകൊടുത്തു് ആനയിക്കുവാൻ പ്രസ്തുത പുസ്തകം ശ്രമിക്കുന്നു. പക്ഷെ അവിടെയല്ല പ്രധാന വ്യത്യാസം. ലാരിക്കു് ലഭിക്കാത്ത മനശ്ശാന്തി, ആത്മസമാധാനം, തോമ്മസ്സ് മെർട്ടനു ലഭിച്ചു. ജീവിതപ്രശ്നങ്ങൾ ഇന്നദ്ദേഹത്തെ അലട്ടുന്നില്ല. അവയെല്ലാം അദ്ദേഹം ശരിയായ സമാധാനം കണ്ടുപിടിച്ചിരിക്കുന്നു.

യുവാവായ ഗ്രന്ഥകാരന്റെ 26-ാമത്തെ വയസ്സുവരെയുള്ള ജീവചരിത്രം സംഭവബഹുലമത്രെ. ഒന്നാംലോകമഹായുദ്ധത്തിന്റെ പീരങ്കിഗർജ്ജനങ്ങൾക്കിടയിൽ 1915 ജനുവരിമാസത്തിലെ അവസാനദിവസം മെർട്ടൻ ഫ്രാൻസിലുള്ള ഒരു ചെറുഗ്രാമത്തിൽ ഭൂജാതനായി. മെർട്ടന്റെ പിതാവു് ന്യൂസിലണ്ടിൽനിന്നും ഇംഗ്ലണ്ടിൽവന്നു താമസമാക്കിയ ഒരു ചിത്രകാരനായിരുന്നു. അമ്മ ക്വേക്കർ മതവിഭാഗത്തിൽപ്പെട്ട ഒരമേരിക്കൻവനിതയും. ബാല്യത്തിൽത്തന്നെ മെർട്ടന്റെ മാതാപിതാക്കന്മാർ മൃതിയടഞ്ഞു. യാതൊരു മതവിഭാഗത്തിലുംപെടാതെ യാതൊരു മതബോധവും ലഭിക്കാതെ വളർന്നുവന്ന ഈ അനാഥബാലൻ ചില ബന്ധുക്കളുടെ സഹായത്തോടുകൂടി വിദ്യാഭ്യാസം ആരംഭിച്ചു. അനിതരസാധാരണമായ ധിഷണാശക്തിയാൽഅനുഗൃഹീതനായിരുന്ന കഥാനായകൻ കേംബ്രിഡ്ജു് സർവകലാശാലയിലെ ഒരു വിദ്യാർത്ഥിയെന്നനിലയിൽ ആംഗലസാഹിത്യത്തിലും മററു ആധുനിക യൂറോപ്യൻ ഭാഷകൾ പലതിലും അസാമാന്യമായ പാണ്ഡിത്യം സമ്പാദിച്ചു. ഇംഗ്ലീഷിലും ഫ്രെഞ്ചിലുമുള്ള ആധുനിക ഗ്രന്ഥകാരന്മാരിൽ മിക്കവരുടെയും ഗ്രന്ഥങ്ങൾ—നല്ലതും ചീത്തയുമായവ എല്ലാം—മെർട്ടൻ ഇക്കാലത്തു് വായിച്ചുകൂട്ടി. ഇന്നു് ഒരു സിസ്റ്റേർസ്യൻ ആശ്രമത്തിലെ കനത്ത കരിങ്കൽഭിത്തികൾക്കുള്ളിൽ ധ്യാനനിരതമായ ഒരു ജീവിതം നയിക്കുന്ന മെർട്ടനു് ഹെമിങ്ങ്വേ, ജെയിംസ് ജോയിസ്, D. H. ലോറൻസ്സ്, എവിലൻവോ, T. S. എലിയട്ട് ആഡ്റേജിഡ്ജ്, കിപ്ലിംങ്ങ്, ഹക്സിലി, വെൽസ്സ്, ഡോസ് പാസോസ്സ്, ഡയൊയിസർ, മോളിയർ എന്നിവരെ സംബന്ധിച്ചു അധികാരപൂർവ്വം വിമർശനം നടത്തുവാൻ സാധിക്കും. Seven Storey Mountain നെ സാഹിത്യപരമായിത്തന്നെ ഒരു ഉന്നതഗ്രന്ഥമാക്കിത്തീർക്കുന്ന ഘടകങ്ങളിൽ ഒന്നു് ഇതുതന്നെയാണു്. കേംബ്രിഡ്ജിൽ അദ്ധ്യയനം നടത്തുന്നകാലത്തുതന്നെ യൂറോപ്പുവൻകരയുടെ പല ഭാഗങ്ങളിലും അദ്ദേഹം പര്യടനം ചെയ്തു (ചുററിസഞ്ചരിച്ചു). യാതൊരുവിധ സന്മാർഗ്ഗബോധവുംകൂടാതെ സർവവിധ പാപങ്ങളിലും മുഴുകി ഭൗതികമാത്രമായ ഒരു ജീവിതമത്രെ അദ്ദേഹം ഇക്കാലങ്ങളിൽ നയിച്ചിരുന്നതു്. ഇരുപതാമത്തെ വയസ്സിൽ അദ്ദേഹം മാതൃബന്ധുക്കളുടെ ക്ഷണം സ്വീകരിച്ചു് അമേരിക്കയിലേക്കു് കപ്പൽകയറുകയും അവിടെ കൊളംബിയ സർവകലാശാലയിലെ ഒരു വിദ്യാർത്ഥിയായി പഠനം തുടരുകയും ചെയ്തു. കൊളംബിയയിലെ അന്നത്തെ അന്തരീക്ഷം മെർട്ടന്റെ അസന്മാർഗ്ഗജീവിതത്തിനു് ഏററവും യോജിച്ചതായിരുന്നു. ആധുനികജീവിതത്തിലെ സാമ്പത്തികവും സാമൂഹ്യവുമായ അനീതികൾക്കെതിരായി പടവെട്ടുവാനായി അദ്ദേഹം തീരുമാനിക്കുകയും കമ്മ്യൂണിസ്റ്റു് പാർട്ടിയിലെ ഒരു സജീവാംഗമായിച്ചേർന്നു പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഇക്കാലയളവിൽ മെർട്ടന്റെ അസന്മാർഗ്ഗജീവിതം അതിന്റെ മൂർദ്ധന്യത്തിൽ എത്തി. അശ്ലീലങ്ങളായ നിരവധി പുസ്തകങ്ങൾ അദ്ദേഹം ഒന്നിനുപുറകെ ഒന്നായി വായിച്ചു തീർത്തു. അതുപോലെ അശ്ലീലങ്ങളായ ചലച്ചിത്രങ്ങളും ദർശിച്ചു. ദുർവൃത്തന്മാരായ സ്നേഹിതന്മാരോടു ചേർന്നു അദ്ദേഹം സകലവിധ പാപങ്ങളിലും ഉൾപ്പെട്ടു. മെർട്ടന്റെ മാനസാന്തരം സാധിച്ചതു് സ്കോളാസ്റ്റിക്കു് ഫിലോസഫിയിലൂടെയായിരുന്നു. എം. എ. ഡിഗ്രിക്കായുള്ള പ്രബന്ധം രചിച്ചുകൊണ്ടിരിക്കുമ്പോഴത്രെ അദ്ദേഹം ഗിത്സന്റെ "Spirit of Medieval Phi osophy" ജാക്കു് മാരിട്ടെയിന്റെ "Art and Scholasticism" എന്നീ ഗ്രന്ഥങ്ങൾ വായിക്കുവാൻ ഇടയായതു്. പിന്നീടദ്ദേഹം വായിച്ചതു സെൻറു് അഗസ്റ്റിന്റെ ആത്മകഥയും തോമ്മസ് അക്കെമ്പിസിന്റെ ക്രിസ്തുാനുകരണവും ആയിരുന്നു. മെർട്ടനു് ദുർഗ്രഹമായിരുന്ന പല ജീവിതപ്രശ്നങ്ങൾക്കും സ്കോളാസ്റ്റിക് ഫിലോസഫി സമാധാനം കാണിച്ചുകൊടുത്തു. ക്രമേണ സൃഷ്ടിയുടെ ഉദ്ദേശ്യവും മതപരമായ ജീവിതത്തിന്റെ ആവശ്യകതയും അദ്ദേഹത്തിനു മനസ്സിലായി. ഈശ്വരനുമായി സമാധാനത്തിൽ ജീവിക്കുന്ന ഒരുവനുമാത്രമേ—പ്രസാദവരത്തിൽ ഇരിക്കുന്ന ഒരു ആത്മാവിനുമാത്രമേ—ശരിയായ ശാന്തി ലഭിക്കുകയുള്ളു എന്നദ്ദേഹത്തിനു ബോധ്യമായി. ജ്ഞാനസ്നാനം സ്വീകരിച്ച നിമിഷംമുതൽതന്നെ അദ്ദേഹം ഒരു പുതിയ മനുഷ്യനായി മാറുവാൻതുടങ്ങി. ലോകവുമായിട്ടു് യാതൊരു ഒത്തുതീർപ്പിനും മെർട്ടൻ തയ്യാറായില്ല. സ്വർഗ്ഗീയമായ ശാന്തിയുടേയും സമാധാനത്തിന്റേയും നികേതനം ഈശ്വരൻ മാത്രമാണെന്നു മനസ്സിലാക്കിയ മെർട്ടൻ ധ്യാനനിരതമായ ഒരു ജീവിതം വഴി അങ്ങുമായി ഒന്നിക്കുവാൻ വെമ്പൽകൊണ്ടു. പുരോഹിതവൃത്തിയുടെ മാഹാത്മ്യം മനസ്സിലാക്കിയ മെർട്ടൻ പ്രസ്തുത മഹോന്നതസ്ഥാനത്തിനായി തീവ്രമായി ആഗ്രഹിച്ചു പക്ഷേ തന്റെ പഴയ ജീവിതകാലത്തെക്കുറിച്ചു് ഓർത്തപ്പോൾ മെർട്ടൻ നടുങ്ങി. വൈദികവൃത്തി തന്നെപ്പോലെയുള്ളവർക്കു ദുഷ്പ്രാപ്യമാണെന്നു മനസ്സിലാക്കിയ അദ്ദേഹം വൈദികർ ചൊല്ലാറുള്ള നമസ്കാരക്രമങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വിലയ്ക്കുവാങ്ങി രഹസ്യമായി വായിക്കുവാൻ തുടങ്ങി. ന്യൂയോർക്കുപട്ടണം തനിക്കു നൽകുമായിരുന്ന സുഖസന്തോഷങ്ങളെ അദ്ദേഹം തൃണവൽഗണിച്ചു. മററുള്ളവരുടെ ദൃഷ്ടിയിൽപ്പെടാതെ സ്വന്തം മുറിയിൽ പ്രവേശിച്ചു വാതിലുകളും ജാലകങ്ങളും ബന്ധിച്ചു അതിനുള്ളിൽ സെൻറു് ഇഗ്നേഷ്യസിന്റെ "Spiritual Exercises" അഭ്യസിക്കുന്നതിനായിഅദ്ദേഹം ചെലവഴിച്ച മണിക്കൂറുകൾ ചുരുക്കമല്ലായിരുന്നു. ക്രമേണ അദ്ദേഹത്തിനു ധൈര്യം ലഭിക്കുകയും 1941-ൽ ഇരുപത്തിയാറാമത്തെ വയസ്സിൽ, രണ്ടാം ലോകമഹായുദ്ധം അതിന്റെ മൂർദ്ധന്യത്തിൽ എത്തിയ അവസരത്തിൽ, അമേരിക്കയിലുള്ള സന്യാസസമൂഹങ്ങളിൽവച്ചു് ഏററവും കർശനമായ നിയമങ്ങൾ അനുശാസിക്കുന്നട്രാപ്പിസ്റ്റു് ആശ്രമത്തിൽ അദ്ദേഹം പ്രവേശനം അപേക്ഷിച്ചു. ഇന്നദ്ദേഹം അവിടെ വലിയ തപശ്ചര്യകൾ അനുഷ്ഠിച്ചു് സ്രഷ്ടാവായ ദൈവത്തെ ധ്യാനിച്ചുകൊണ്ടു് ജീവിക്കുന്നു. ഇന്നു് തോമ്മസ്സ് മെർട്ടന്റെ പേരു് ഫാദർ ലൂയിസ് എന്നാണു്.


അമേരിക്കയിൽ ഇന്നു ജീവിച്ചിരിക്കുന്ന ഒന്നാംകിട സാഹിത്യകാരന്മാരിൽ പലരും കത്തോലിക്കാസഭയെ ആശ്ലേഷിച്ചുകഴിഞ്ഞിരിക്കുന്നു എന്നു പറഞ്ഞാൽ നമ്മിൽ പലർക്കും അതൊരു അത്ഭുതവത്തമാനമായിരിക്കും. "Foulton Ourster, Theorder Maynard, Clare Booth Luce, Evelyn waugh-Sheila Kay Smith, Luiz Budenz," എന്നിങ്ങനെ പോകുന്നു മാനസാന്തരപ്പെട്ട സാഹിത്യകാരന്മാരുടെ പേരുകൾ. ഇവരുടെ മാനസാന്തരകഥകൾ അമേരിക്കൻജനത ഇന്നു് അത്യാർത്തിയോടെ വായിച്ചുകൊണ്ടിരിക്കുകയാണു്. ഈ ഗ്രന്ഥങ്ങളുടെ പാരായണം അന്ധകാരത്തിൽ ഉഴലുന്ന എത്രയെത്ര ആത്മാക്കൾക്കു നേർവഴി കാണിച്ചുകൊടുക്കുകയില്ല? നിരൂപണവിഷയമായ മെർട്ടന്റെ ആത്മകഥ അമേരിക്കയിൽ ഇന്നു് ഏററവും പ്രചാരമുള്ള ഗ്രന്ഥങ്ങളിൽ ഒന്നത്രെ. ആധുനിക സാഹിത്യകാരന്മാരെ സംബന്ധിച്ചുള്ള മെർട്ടന്റെ നിരൂപണങ്ങൾ സാഹിത്യത്തിൽ അഭിരുചിയുള്ള ആരേയും ആകർഷിക്കുമെന്നതിനു് സംശയമില്ല. വലിയൊരു തത്വചിന്തകനായ മെർട്ടന്റെ ചിന്താശകലങ്ങൾ തത്വചിന്തയിൽ അഭിരുചിയുള്ളവക്കു് അതിമധുരങ്ങളായിരിക്കും. നമ്മുടെ വിദ്യാഭ്യാസ രീതിയിലുള്ള കുഴപ്പങ്ങളെ സംബന്ധിച്ചു് പലതും ഈ പുസ്തകത്തിൽനിന്നും മനസ്സിലാക്കുവാൻ സാധിക്കും. ആത്മസമാധാനത്തിനായി ഉഴലുന്ന ആയിരക്കണക്കിനു യുവജനങ്ങൾക്കു പ്രകാശം കാണിച്ചുകൊടുക്കുവാൻ ഈ പുസ്തകം തീർച്ചയായും പര്യാപ്തമത്രേ. അതാണു് ഈ പുസ്തകത്തിന്റെ ഏററവും വലിയ മാഹാത്മ്യം. ഈ പുസ്തകത്തെക്കുറിച്ചു് മോൺ. ഷീൻ പറയുകയാണു്: "Seven Storey Mountain ഇരുപതാം നൂററാണ്ടിലെ മറെറാരു സെൻറഗസ്റ്റിന്റെ ആത്മകഥയാണു്" എന്നു്.

— —

## ജർമ്മനിയിൽ

### പേപ്പൽ പ്രതിനിധി

യുദ്ധാനന്തരം ഇദംപ്രഥമമായി ജർമ്മനിയിൽ പേപ്പൽപതാക ഔദ്യോഗികമായി ഉയർത്തിയിരിക്കുന്നു. മാർപ്പാപ്പായുടെ പ്രതിനിധിയുടെ ആസ്ഥാനമായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന മന്ദിരത്തിന്റെ മുകളിലാണു പതാക തൂക്കിയിരിക്കുന്നതു്. പേപ്പൽ നൺഷ്യോ ആയി നിയമിതനായിരിക്കുന്ന മുവൻച്ചു് മെത്രാപ്പോലീത്ത ഇതുപ്രമാണിച്ചു് സമീപത്തുള്ള ഒരു ക്ലബിൽവച്ചു ഒരു വിരുന്നുസല്ക്കാരം നടത്തുകയുണ്ടായി. പശ്ചിമജർമ്മനിയിലെ ചാൻസലരായ ഡോക്ടർ അഡനാവുറും അതിൽസംബന്ധിച്ചിരുന്നു. അദ്ദേഹമൊരു കത്തോലിക്കനാണു്. വത്തിക്കാനിലേക്കു അദ്ദേഹം അയക്കാനുദ്ദേശിക്കുന്ന പ്രതിനിധിയുടെ പേർ ഇതേവരെ പുറത്തായിട്ടില്ല.



മോൺസിഞ്ഞോർ കാക്കശ്ശേരിയെ ഒല്ലൂർ ഗേൾസ്സ് സൊഡാലിററിക്കാർ അനുമോദിച്ച അവസരത്തിൽ എടുത്ത ഫോട്ടോ.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ. ഡി., ഡി.

Vol. 24 ‖ ERNAKULAM, APRIL 18, 1951 ‖ No. 33


# തിരുനാൾമംഗളം



വേദസാക്ഷിമകുടമണിഞ്ഞ് വിഖ്യാതി നേടിയ വിശുദ്ധ ഗീവറുഗീസിന്റെ തിരുനാൾ തിരുസ്സഭ ഘോഷിക്കുന്നതു് അടുത്ത തിങ്കളാഴ്ചയാണ്. ഈ പുണ്യവാന്റെ പൂജ്യനാമം ധരിക്കുന്നതിനു ഭാഗ്യം സിദ്ധിച്ചിരിക്കുന്ന തൃശ്ശൂർ മെത്രാൻ റൈററ് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ട് പി എച്ച്. ഡി. ഡി. ഡി. തിരുമേനിക്കു തിരുനാൾമംഗളങ്ങൾ ഹാർദ്ദമായി ആശംസിച്ചുകൊള്ളട്ടെ. തിരുമനസ്സുകൊണ്ടു ഭരണഭാരം കൈയേററശേഷം രൂപതയുടെ ആദ്ധ്യാത്മികാഭിവൃദ്ധിക്കുവേണ്ടി ചെയ്തിട്ടുള്ള പരിശ്രമങ്ങൾ സുവിദിതങ്ങളാണ്. തിരുനാൾ പ്രദക്ഷിണം സംബന്ധിച്ച് തിരുമേനി പ്രസിദ്ധംചെയ്തിട്ടുള്ളതും ഞങ്ങൾ അന്യത്ര ചേർത്തിരിക്കുന്നതുമായ ഇടയലേഖനംതന്നെ ഈ വസ്തുതയ്ക്കൊരു തെളിവത്രെ ഏവംവിധം തിരുമനസ്സിലെ വിദഗ്ദ്ധനേതൃത്വത്തിൽ രൂപത ഉത്തരോത്തരം പുരോഗമിക്കുന്നതിനു് ഇടവരട്ടെ. തിരുമേനി ദീർഘായുഷ്മാനായും വിജയശ്രീലാളിതനായും രൂപതാഭരണം നിർവ്വഹിക്കുവാനുള്ള അനുഗ്രഹം ജഗദീശൻ പ്രദാനം ചെയ്യുമാറാകയും ചെയ്യട്ടെ.

# ക്രിസ്തുവിന്റെ പുനരുത്ഥാനം മനുഷ്യവർഗ്ഗത്തിന്റെ വിജയം

"നിങ്ങൾ ഈ ദേവാലയത്തെ നശിപ്പിച്ചുകളയുക, ഞാൻ അതിനെ മൂന്നു ദിവസംകൊണ്ടു വീണ്ടും പണിയും" എന്നു് നമ്മുടെ കർത്താവു് തന്റെ പരസ്യജീവിതത്തിനിടയിൽ ശത്രുക്കളായ യഹൂദന്മാരോടു് അരുളിച്ചെയ്യുകയുണ്ടായി. അവിടുത്തെ ഈ തിരുമൊഴികൾ അവർ മറന്നില്ല. കർത്താവിനെ ബന്ധനസ്ഥനാക്കി വിസ്തരിക്കുന്നതിനായി പ്രധാനാചാര്യന്റെ കോടതിയിൽ ഹാജരാക്കിയപ്പോൾ ശത്രുക്കൾ ഈ തിരുമൊഴികളെ അവിടുത്തെപ്പേരിൽ ദൈവദൂഷണക്കുററം ആരോപിക്കുവാൻ ഉപയോഗപ്പെടുത്തി. ഓർശ്ലം ദേവാലയത്തെ താൻ നശിപ്പിക്കുമെന്നു ധിക്കാരമായി അവിടുന്നു പറഞ്ഞുവെന്നും അതൊരു വലിയ ദൈവദൂഷണമാണെന്നുമായിരുന്നു അവർ കോടതിമുമ്പാകെ കൊണ്ടുവന്ന കുററാരോപണം. കർത്താവിന്റെ പ്രസ്തുത തിരുമൊഴികളെ വാക്കിലും അർത്ഥത്തിലും അവർ ഈ വിധത്തിൽ അലങ്കോലപ്പെടുത്തിയെങ്കിലും അവിടുത്തെ ആശയം അവർ മനസ്സിലാക്കാതിരുന്നില്ല. തന്നെ അവർ വധിച്ചാലും മൂന്നാംദിവസം താൻ പുനർജീവിക്കുമെന്നാണു് പ്രസ്തുത വാക്കുകൾകൊണ്ടു് ഈശോ വിവക്ഷിച്ച അർത്ഥമെന്നു് അവർ ഗ്രഹിച്ചിരുന്നു. കർത്താവിന്റെ മൃതശരീരം സംസ്കരിക്കപ്പെട്ട കുടീരത്തിന്റെ പ്രവേശനദ്വാരം അടച്ചിരുന്ന കല്ലിനു മുദ്രവയ്ക്കുകയും അവിടെ റോമാപട്ടാളക്കാരെ കാവലിടുകയും ചെയ്യണമെന്നു യഹൂദന്മാർ റോമൻ ഗവർണ്ണരായ പീലാത്തോസിനോടപേക്ഷിച്ചപ്പോൾ അവർ അതിനു പറഞ്ഞ കാരണം, മരണശേഷം താൻ മൂന്നാംദിവസം ഉയിർക്കുമെന്നു് ഈശോ പറഞ്ഞിട്ടുണ്ടെന്നും ആ വാക്കു നിറവേറി എന്നു മനുഷ്യരെ വിശ്വസിപ്പിക്കുവാൻവേണ്ടി അവിടുത്തെ ശിഷ്യന്മാർ മൃതശരീരം കുടീരത്തിൽനിന്നു രഹസ്യമായി എടുത്തു മാററിക്കളഞ്ഞേക്കുമെന്നും ആയിരുന്നു. കർത്താവിന്റെ പ്രസ്തുത തിരുമൊഴികൾ ഉച്ചരിക്കപ്പെട്ടപ്പോൾ അവയുടെ അർത്ഥം അവിടുന്നു ഉയിർക്കുമെന്നാണെന്നു ശിഷ്യന്മാർക്കു് മനസ്സിലായില്ലെന്നും പുനരുത്ഥാനത്തിനുശേഷമാണു് അവർക്കതു മനസ്സിലായതെന്നും സുവിശേഷകൻ പ്രസ്താവിച്ചിട്ടുണ്ടു്. കർത്താവു് ഉയിർക്കുമെന്നുള്ള വിശ്വാസം ശ്ലീഹന്മാർക്കും മററു ശിഷ്യന്മാർക്കും ഉണ്ടായിരുന്നില്ലെന്നു് ഉയിർത്ത വസ്തുത വിശ്വസിക്കുവാൻ അവർ കാണിച്ച വൈമനസ്യത്തിൽനിന്നു തെളിയുന്നുണ്ടു്. ഏതായാലും താൻ ഉയിർക്കുമെന്നു് കർത്താവു നേരത്തെ ഉറപ്പുപറഞ്ഞിരുന്നുവെന്നുള്ളതിനു യാതൊരു സംശയവുമില്ല. മാത്രമല്ല, തന്റെ ദൈവത്വത്തിനു തെളിവു നൽകുവാൻ യഹൂദന്മാർ ആവശ്യപ്പെട്ടപ്പോൾ തന്റെ ഉയിർപ്പാണു് അതിനു തെളിവായി ചൂണ്ടിക്കാണിച്ചതു്. മററുപല അവസരങ്ങളിലും എന്നപോലെ ഇതിലും, അവിടുന്നു് അലങ്കാരരൂപത്തിലാണു് തന്റെ ആശയം വെളിപ്പെടുത്തിയതു്. പണ്ടു് യോനാസ് ദീർഘദർശി മൂന്നുദിവസം മത്സ്യത്തിന്റെ ഉള്ളിൽ കഴിച്ചുകൂട്ടിയതുപോലെ താൻ മൂന്നുദിവസം ഭൂമിക്കുള്ളിൽ കഴിച്ചുകൂട്ടുമെന്നാണു് അവിടുന്നു് യൂദന്മാരോടു പറഞ്ഞതു്. തന്റെ പരസ്യജീവിതകാലത്തിൽ താൻ ചെയ്തിട്ടുള്ള അത്ഭുതങ്ങളെ തന്റെ ദൈവത്വത്തിനു തെളിവായി അവിടുന്നു ചൂണ്ടിക്കാണിച്ചുവെങ്കിലും ഏററവും വലിയ അത്ഭുതമായ തന്റെ പുനരുത്ഥാനത്തെയാണു് സർവ്വോപരിയായ തെളിവായി അവിടുന്നു് പരിഗണിച്ചതു്. അതുകൊണ്ടു് പൗലോസ് ശ്ലീഹാ പറയുന്നു: "ക്രിസ്തു ഉയിർത്തിട്ടില്ലെങ്കിൽ നമ്മുടെ വിശ്വാസം വ്യർത്ഥമാണു്" എന്നു്.

## പുനരുത്ഥാനം ചരിത്രവസ്തുത

വി. പൗലോസിന്റെ ലേഖനങ്ങളിൽ പലതും സുവിശേഷങ്ങൾക്കുമുമ്പു് എഴുതപ്പെട്ടിട്ടുള്ളവയാണു്. അതിനാൽ കർത്താവിന്റെ പുനരുത്ഥാനത്തിനു നമുക്കുള്ള ആദ്യത്തെ സാക്ഷി പൗലോസ് ശ്ലീഹാ തന്നെയാകുന്നു. കർത്താവു് മരിച്ചു് കഷ്ടിച്ചു് ഇരുപതുകൊല്ലം കഴിഞ്ഞപ്പോൾ ശ്ലീഹാ അവിടുത്തെ പുനരുത്ഥാനത്തെക്കുറിച്ചു് കോറിന്തിക്കാർക്കു് എഴുതുകയുണ്ടായി. ആ എഴുത്തിൽ പുനരുത്ഥാനത്തെ അറിയിക്കുകയോ തെളിയിക്കുകയോ അല്ല, അറിഞ്ഞിട്ടുള്ളതും തെളിഞ്ഞിട്ടുള്ളതുമായ ഒരു വസ്തുതയായി ചൂണ്ടിക്കാണിക്കുകയാണു് ചെയ്തിരിക്കുന്നതു്. ലോകാവസാനത്തിൽ മരിച്ചവരെല്ലാം ഉയിർക്കുമെന്നുള്ള നിലവിലിരുന്ന വിശ്വാസത്തെ സംശയിക്കുകയും അതിനെപ്പററി നിഷേധരൂപത്തിൽ വാദിക്കുകയും ചെയ്തവരോടു് ശ്ലീഹാ പറയുന്നു, ക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ അവർക്കുള്ള വിശ്വാസം മനുഷ്യരുടെ പൊതുവായ പുനരുത്ഥാനത്തിൽ വിശ്വസിക്കുവാൻ അവരെ പ്രേരിപ്പിക്കേണ്ടതാണു്. കാരണം, ക്രിസ്തുവിന്റെ പുനരുത്ഥാനം സകല മനുഷ്യരുടെയും പുനരുത്ഥാനത്തിനു് നിദാനവും മാതൃകയുമാണു്. ഇങ്ങന്നെ ക്രിസ്തുവിന്റെ പുനരുത്ഥാനം അന്നത്തെ ക്രിസ്ത്യാനികൾ സർവ്വസമ്മതമായും വിശ്വസിച്ചുപോരുന്ന ഒരു യഥാർത്ഥ സംഭവമാണെന്നു് സന്ദർഭാനുസാരം ചൂണ്ടിക്കാണിക്കുന്ന പൗലോസ് ശ്ലീഹാ പുനരുത്ഥാനശേഷം ഈശോ കാണപ്പെട്ട ആളുകളുടെ ചില പേരുകളും പറഞ്ഞിട്ടുണ്ടു്. മാത്രമല്ല, ഈശോയുടെ പുനരുത്ഥാനത്തെപ്പററി നേരിട്ടറിവുള്ളവരും പുനരുത്ഥാനശേഷം ഈശോ കാണപ്പെട്ടവരുമായ അനേകമാളുകൾ താൻ ലേഖനം എഴുതുന്ന കാലത്തു് ജീവിച്ചിരിപ്പുണ്ടെന്നും ശ്ലീഹാ പറയുന്നു. അതിനാൽ ഈശോയുടെ പുനരുത്ഥാനം യഥാർത്ഥത്തിൽ നടന്ന സംഭവമാണെന്നു് ആദിമക്രിസ്ത്യാനികൾക്കു പൊതുവേ ബോദ്ധ്യമുണ്ടായിരുന്നുവെന്നു തീർച്ചതന്നെ.

## പുനരുത്ഥാനം വിജയമകുടം

ഇങ്ങനെ യഥാർത്ഥത്തിൽ നടന്ന ഈശോയുടെ പുനരുത്ഥാനം മനുഷ്യവംശത്തിനു് എത്ര പ്രധാനമായ സംഭവമാണെന്നും വി. പൗലോസ് തന്റെ ലേഖനങ്ങളിൽ വിശദീകരിച്ചിട്ടുണ്ടു്. പുനരുത്ഥാനം ഈശോയുടെ ജീവിതത്തിനു മകുടമായി പരിലസിക്കുന്നു. അവിടുത്തെ പീഡാനുഭവവും മരണവും മനുഷ്യപാപത്തിനു പരിഹാരമായി ദൈവം സ്വീകരിച്ചുവെന്നും, അവവഴിയായി അവിടുന്നു് പിശാചിനേയും പാപത്തേയും മരണത്തേയും കീഴടക്കി എന്നും പുനരുത്ഥാനം തെളിയിക്കുന്നു. പുനരുത്ഥാനത്തിലാണു് ഈശോ സാക്ഷാൽ ജേതാവായി പ്രത്യക്ഷപ്പെടുന്നതു്. അതുവരെയുള്ള തന്റെ ഭൗമികജീവിതം പാപമൊഴിച്ചു് മറെറല്ലാററിലും തന്റെ സഹോദരരായ മനുഷ്യരുടെ ജീവിതംപോലെ ബലഹീനതയോടുകൂടിയതായിരുന്നു. അവിടുത്തെ ശരീരം മററു മനുഷ്യശരീരങ്ങളെപ്പോലെ ദാഹവും വിശപ്പും ക്ഷീണവും മററു ബലഹീനതകളും അവയുടെ പരിണാമമായ മരണവും ഉള്ളതായിരുന്നു. പുനരുത്ഥാനശേഷമാകട്ടെ അവിടുത്തെ ശരീരം അക്ഷയവും മഹിമയുള്ളതുമായിത്തീർന്നു. "മരിച്ചവരിൽനിന്നുയിർത്ത ക്രിസ്തു ഇനി ഒരിക്കലും മരിക്കുകയില്ല; മരണത്തിനു് അവിടുത്തെമേൽ യാതൊരാധിപത്യവുമില്ല" എന്നാണു് ശ്ലീഹാ ഉറപ്പുപറയുന്നതു്. "ഓ! മരണമേ, നിന്റെ വിജയമെവിടെ? ഓ! മരണമേ, നിന്റെ മൂർച്ചയെവിടെ?" എന്നു് ആനന്ദതുന്ദിലനായി ശ്ലീഹാ ഉദ്ഘോഷിക്കുന്നു. ആദത്തിന്റെ പാപത്താൽ മനുഷ്യവർഗ്ഗത്തിനു നഷ്ടപ്പെട്ടതു മുഴുവനും ഉപരിയായവിധത്തിൽ ക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ അവർക്കു ലഭിച്ചിരിക്കുന്നുവെന്നു ശ്ലീഹാ പ്രസ്താവിക്കുന്നു. അതിനാൽ ക്രിസ്തുവിന്റെ പുനരുത്ഥാനം മനുഷ്യവർഗ്ഗത്തിന്റെ വിജയമാണെന്നു് ശ്ലീഹാ പഠിപ്പിക്കുന്നു. ക്രിസ്തു പീഡകൾ സഹിക്കുകയും മരിക്കുകയും ചെയ്തശേഷം മഹിമയോടുകൂടി ഉയിർത്തെഴുന്നേററതുപോലെ ക്രിസ്തുവിൽ വിശ്വസിക്കുകയും അവിടുത്തെ സ്നേഹിക്കുകയും അവിടുത്തെ കല്പനകൾ അനുസരിച്ചു ജീവിക്കുകയും ചെയ്യുന്നവർ മരിച്ചാലും ഉയിർക്കും. ക്രിസ്തുവിന്റെ പീഡകൾ അവിടുത്തെ ഉയിർപ്പിനും മഹിമയ്ക്കും വിജയത്തിനും നിദാനമായിരുന്നതുപോലെ ക്രിസ്തുവിനോടു് യോജിച്ചുനിന്നുകൊണ്ടു് ഈലോകത്തിൽ എത്രവളരെ പീഡകൾ അനുഭവിക്കുന്നവർക്കും അവ പരലോകഭാഗ്യത്തിനു നിദാനമായിരിക്കും. അതിനാൽ ഈ ലോകത്തിൽ ക്ലേശങ്ങളനുഭവിച്ചു് കഷ്ടപ്പെടുന്ന നമുക്കു് ഉയിർത്തെഴുന്നേററ ദിവ്യരക്ഷകന്റെ നേരെ ദൃഷ്ടിതിരിക്കാം. "നിങ്ങളുടെ ദുഃഖം സന്തോഷമായി പകർത്തപ്പെടും" എന്നാണല്ലോ ക്രിസ്തു അരുളിച്ചെയ്തിട്ടുള്ളതു്. അതിനൊരു തെളിവായിട്ടാണു് പീഡകളനുഭവിച്ചു മരിക്കുവാനും തദനന്തരം മഹിമയോടുകൂടി ഉയിർക്കുവാനും അവിടുന്നു് തിരുമാനിച്ചതു്. അവിടുത്തെ സഹനങ്ങൾ സന്തോഷമായി പകരുന്നതുപോലെ നമ്മുടെ സഹനങ്ങളേയും സന്തോഷമായി പകർത്തിത്തരുമെന്നു് പുനരുത്ഥാനംവഴിയായി അവിടുന്നു നമ്മെ പഠിപ്പിക്കുന്നു. ഇതു മനസ്സിലാക്കിക്കൊണ്ടാണു് പൗലോസ് ശ്ലീഹാ ഇപ്രകാരം ഉദ്ബോധിപ്പിക്കുന്നതു്. "ക്രിസ്തുവിനോടുകൂടി സഹിച്ചാൽ ക്രിസ്തുവിനോടുകൂടി വാണരുളാം; ക്രിസ്തുവിനോടുകൂടി മരിച്ചാൽ ക്രിസ്തുവിനോടുകൂടി ജീവിക്കാം." കണ്ണുനീരിന്റെ ഈ താഴ്വരയിൽ ജനനംമുതൽ മരണംവരെ നാനാതരം ദുഃഖങ്ങൾ അനുഭവിക്കുന്ന മനുഷ്യമക്കൾക്കു് ഇതെത്രയോ ആശ്വാസപ്രദം!

## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | " | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |

## റഷ്യൻ മോഡൽതന്നെ

"പിന്തിരിപ്പൻ തീരുമാനം" എന്ന ശീർഷകത്തിൽ ഏപ്രിൽ 10-ലെ മദ്രാസ് മെയിൽ പത്രം പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന മുഖപ്രസംഗത്തിൽ ഇപ്രകാരം പറയുന്നു:—

തിരു-കൊച്ചിയിലെ പുതിയ വിദ്യാഭ്യാസപദ്ധതിയനുസരിച്ചു് അദ്ധ്യാപകർക്കു അവരുടെ വ്യക്തിവൈഭവം പ്രകടിപ്പിക്കാൻ തരപ്പെടുകയില്ല അവർ കേവലം ഒരുദ്യോഗസ്ഥദുഷ്പ്രഭുത്വത്തിന്റെ ഉപകരണങ്ങളായിത്തീരുന്നു. തിരുവിതാംകൂർ പ്രൈവററു് സ്കൂൾ അദ്ധ്യാപകസംഘം പ്രസിഡണ്ടു് ഈ പദ്ധതിയെ റഷ്യൻമോഡൽ എന്നു വിവരിച്ചതിൽ വാസ്തവമുണ്ടു്. എല്ലാ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലേയും പതിവു് ഇതുതന്നെയാണു്. അദ്ധ്യാപകരെ അവരുടെ പ്രചരണോപകരണങ്ങളായി സ്വീകരിക്കുക എന്നതു് കമ്മ്യൂണിസ്റ്റ് തന്ത്രത്തിന്റെ ആദ്യത്തെ പടിയാണു്. പിഞ്ചുമനസ്സുകളിൽ കമ്മ്യൂണിസ്റ്റ് വിഷം കുത്തിവെക്കുകയും സ്വാതന്ത്ര്യചിന്തയെ ഞെക്കിക്കൊല്ലുകയുമാണു് ചെയ്യുന്നതു്. നാസി ജർമ്മനിയിലും ഇതേ ഉദ്ദേശത്തിൽ സ്കൂളുകളെ ദേശീകരിക്കാൻ ഒരു ശ്രമം നടത്തി. നാസികൾ അവരുടെ ഇഷ്ടാനുസരണം രൂപംകൊടുക്കുന്ന രാഷ്ട്രത്തിൽനിന്നു് അന്യമായി ചിന്തിക്കുന്നതിനോ, അറിയുന്നതിനോ വിദ്യാർത്ഥികൾക്കു് ഇടം നൽകരുതെന്നായിരുന്നു അവരുടെ പ്ലാൻ. ഈ രീതിയിൽ ഇന്ത്യയിലെ ഏതെങ്കിലും സംസ്ഥാനം വിദ്യാഭ്യാസത്തെ വ്യഭിചരിപ്പിക്കാൻ ഉദ്ദേശിക്കുന്നെങ്കിൽ അതൊരത്യാഹിതമായിരിക്കും.

സ്വാതന്ത്ര്യമായ പ്രവർത്തനങ്ങൾക്കു സൗകര്യവും, വിവിധ ഏജൻസികൾക്കു് വ്യക്തിപരമായ ഉൽക്കർഷദീക്ഷയും ഇല്ലാതെവന്നാൽ വിദ്യാഭ്യാസം പുരോഗമിക്കാൻ പോകുന്നില്ല.

തിരു-കൊച്ചി ഗവമ്മെണ്ടു് ഇന്നത്തെ അപകടപൂർണ്ണമായ പദ്ധതി ഉപേക്ഷിക്കുകയും അദ്ധ്യാപകർക്കു് സംഘടനാസ്വാതന്ത്ര്യം അനുവദിക്കയും ചെയ്യണമെന്നു വീണ്ടും ഉദ്ബോധിപ്പിക്കുന്നു.

## അനുമോദനയോഗം

"ഡൊമസ്റ്റിക് പ്രലേററു്" സ്ഥാനം ലഭിച്ച റൈററ് റവ. മോൺ. പോൾ കാക്കശ്ശേരിയേയും "പ്രൊ എക്ലേസിയ എത് പൊന്തിഫിച്ചെ" എന്ന ബഹുമതിമുദ്ര ലഭിച്ച ശ്രീ അക്കര ദേവസി ആഗസ്തി അവർകളേയും അനുമോദിക്കുന്നതിനായി ഏപ്രിൽ 15-ാംനു തൃശ്ശൂർ മെത്രാൻ റൈററ് റവ. ഡോക്ടർ ജോർജ് ആലപ്പാട്ടുതിരുമനസ്സിലെ മഹനിയാദ്ധ്യക്ഷതയിൽ ഒല്ലൂർപള്ളി മുഖമണ്ഡപത്തിൽവച്ചു് ഒരു പൊതുയോഗംകൂടിയിരിക്കുന്നു. തദവസരത്തിൽ ഷെവ. ജോസഫ് പെട്ട, റവ. ഫാ. ജോർജ് അക്കര, ഡോക്ടർ ഇ. ജെ. ആൻറണി, ശ്രീമതി എം. എ. മേരി ആദിയായവർ അനുമോദനപ്രസംഗങ്ങൾ നടത്തുകയുണ്ടായി.

## വിവാഹം

തലയോലപ്പറമ്പു് മുതുകുളത്തിൽ ശ്രീ എം. ടി. ഉലഹന്നാനും മേവെള്ളൂർ കിഴക്കേ വാലയിൽ ശ്രീമതി വി. ജെ. അന്നമ്മയും തമ്മിലുള്ള വിവാഹം ഏപ്രിൽ 9-ാംനു തലയോലപ്പറമ്പു ദേവാലയത്തിൽവച്ചു് സമംഗളം നടന്നിരിക്കുന്നു.

## ചരമം

ഉറുമ്പുകാവുപള്ളി ഇടവക ആലനോലിക്കൽ അവിര മത്തായി ഏപ്രിൽ 10-ാംനു 72-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. R. I. P.

## സമ്മർസ്കൂൾ

വരാപ്പുഴ അതിരൂപത കത്തോലിക്കാ സംഘത്തിൻെറ ആഭിമുഖ്യത്തിൽ എറണാകുളം സെൻറ് ആൽബർട്ട്സ് ഹൈസ്കൂളിൽവച്ച് 1951 ഏപ്രിൽ 22-ാം നു- ഞായറാഴ്ചമുതൽ 29-ാം നു- ഞായറാഴ്ചവരെ ഒരു സമ്മർസ്കൂൾ നടത്തുന്നതാണെന്നറിയുന്നു. ഏപ്രിൽ 22-ാം തീയതി വൈകുന്നേരം 5—30 ന് റവ. ഡോക്ടർ ഏബ്രഹാം വടക്കേൽ ബി. എ. പി എച്ച്. ഡി. ഡി. ഡി. സമ്മേളനം ഉൽഘാടനം ചെയ്യുന്നതും ശ്രീ കെ. എ. പോൾ ഒരു പ്രസംഗം ചെയ്യുന്നതുമാണ്. തുടർന്നുള്ള ദിവസങ്ങളിൽ കാലത്തു 10 മുതൽ 1 മണിവരെയും ഉച്ചകഴിഞ്ഞ് 3മുതൽ 5വരെയുംപാഠക്ലാസുകൾ ഉണ്ടായിരിക്കും. ക്രിസ്തുവിൻെറ സഭ എന്നവിഷയത്തെഅധികരിച്ച് റവ. ഡോ.ജോസഫ് ചേന്നാട്ട് പി എച്ച്. ഡി. ഡി. ഡി. യും തിരുസഭാചരിത്രം എന്ന വിഷയത്തെപ്പററി ശ്രീ പി. ററി. തോമസ് എം. എ. എൽ. ടി. യും സഹകരണപ്രസ്ഥാനം എന്ന വിഷയത്തെപ്പററി ശ്രീ ജോസഫ് മാഞ്ഞൂരാൻ എം. എ. എൽ. ടി. യും ക്ലാസുകൾ നടത്തുന്നതാണ്. ഏപ്രിൽ 23-ാംനു- മുതൽ എല്ലാദിവസവും വൈകുന്നേരം 6 മണിക്ക് പൊതുജനോപകാരപ്രദങ്ങളായ വിഷയങ്ങളെക്കുറിച്ച് പ്രസംഗങ്ങളുണ്ടായിരിക്കും. ഉപസംഹാരസമ്മേളനം ഏപ്രിൽ 29 ാംനു- ഞായറാഴ്ച വൈകുന്നേരം 5-30 നു നടത്തപ്പെടുന്നതാണ്. നിവൃത്തിയുള്ളവരെല്ലാം സമ്മർസ്കൂളിൽ സംബന്ധിക്കണമെന്ന് എറണാകുളം മെത്രാപ്പോലീത്താ തിരുമേനി പ്രത്യേകം താല്പര്യപ്പെടുന്നു എന്ന വിവരവും അറിയിച്ചുകൊള്ളുന്നു.

## പോസ്റ്റ്‌വഴി

മതബോധനം

വാഷിംഗ്ടണിലെ കപ്പൂച്ചിൻ കോളെജിൽ വേദശാസ്ത്രം പഠിക്കുന്ന വിദ്യാർത്ഥികളുടെ ആഭിമുഖ്യത്തിൽ, പോസ്റ്റ് വഴി മതബോധനം നല്കുന്ന ഏർപ്പാട് 1944-ൽ നടപ്പാക്കിയതാണ്. അപ്രകാരം പഠനം ആരംഭിച്ച 641 പേരിൽ 150 പേർ ഇതിനകം അതു പൂർത്തിയാക്കിയിരിക്കുന്നു. അവരിൽ 25 പേർ കത്തോലിക്കാസഭയിൽ പ്രവേശിച്ചതായി അറിവുലഭിച്ചിട്ടുണ്ട്. വേറെ 15 പേർകൂടി സഭാപ്രവേശത്തിനുള്ള ആഗ്രഹം പ്രദർശിപ്പിച്ചിരിക്കുന്നു.

## സമാധാനാർത്ഥം


നിശ്ശബ്ദപ്രാർത്ഥന

അമേരിക്കൻ ഐക്യനാടുകളിലെ 2000-ലധികം സംഘടനകൾ എല്ലാ ദിവസവും ഉച്ചസമയത്തു ഒരു മിനിട്ടനേരം ലോകസമാധാനാർത്ഥം നിശ്ശബ്ദപ്രാർത്ഥനയിൽ ചെലവഴിച്ചുവരുന്നു. 1948 ഒക്ടോബറിലാണു ഈ പ്രസ്ഥാനം ആരംഭിച്ചതു്. വേറെ പല രാജ്യക്കാരും അതിനെ അനുകരിച്ചുവരുന്നു.

## ഉരുക്കു തിരശ്ശീലയുടെ

മറയിൽനിന്നു്

ഇക്കഴിഞ്ഞ ജൂബിലിവത്സരത്തിൽ കമ്മ്യൂണിസ്റ്റ്പിടിയിലമർന്നിരിക്കുന്ന യൂറോപ്യൻ രാജ്യങ്ങളിൽനിന്നു് ആകെ 7 പേർ മാത്രമാണു റോം സന്ദർശിച്ചതു്. അവരിലൊരാളുടെ പേർ മാത്രമേ അറിയപ്പെട്ടിട്ടുള്ളൂ. അദ്ദേഹം ക്രേക്കോയിലെ മെത്രാപ്പോലീത്തായായ കാർഡിനൽ സപ്പീഹയാണ്. തിരുമനസ്സുകൊണ്ട് കഴിഞ്ഞ ഏപ്രിലിൽ വിശുദ്ധവത്സരവിസിത്തകൾ നടത്തുകയും പ. പിതാവിനെ സന്ദർശിച്ചശേഷം മടങ്ങുകയുംചെയ്തു.



മോൺസിഞ്ഞോർ കാക്കശ്ശേരിയെ ഒല്ലൂർ സി. ഇ. സി. ക്കാർ അനുമോദിച്ച അവസരത്തിൽ എടുത്ത ഫോട്ടോ.

## മാററ് ററാൽബട്ട്

ചലച്ചിത്രം

ഐർലൻറിലെ ഒരു തൊഴിലാളിയായിരുന്ന മാററ്ററാൽബട്ടിൻെറ ചരിത്രം അമേരിക്കൻ ഐക്യനാടുകളിൽ ചലച്ചിത്രമാക്കിവരുന്നു.

## സന്ദർശനസമയത്തു

നിലംപതിച്ചു

ഓശാനഞായറാഴ്ച പരിശുദ്ധപിതാവിനെ സന്ദർശിച്ചവരുടെ കൂട്ടത്തിലുണ്ടായിരുന്ന 14 വയസ്സായ കമ്മലീനബോത്തി എന്ന ഒരു ബാലിക പെട്ടെന്നു നിലംപതിക്കുകയും അല്പസമയം കഴിഞ്ഞു ആസ്പത്രിയിൽവച്ച് ഹൃദയസ്തംഭനത്താൽ മൃതിയടയുകയും ചെയ്തിരിക്കുന്നു. സന്ദർശകഗണത്തിൽ 3000 പേരോളമുണ്ടായിരുന്നു. സ്വമാതാവുമൊരുമിച്ചാണു കമ്മലീന വന്നിരുന്നതു്. ഒരു ലഘുപ്രസംഗം ചെയ്യുന്നതിനായി മാർപ്പാപ്പാതിരുമേനി സിംഹാസനത്തിൽ ആരോഹണംചെയ്ത അവസരത്തിലാണ് അവൾ മൂർച്ഛിച്ചുവീണതു്. തൽക്ഷണം അവളെ വത്തിക്കാൻ പ്രഥമശുശ്രൂഷാകേന്ദ്രത്തിലേക്കും അനന്തരം ആസ്പത്രിയിലേക്കും കൊണ്ടുപോയെങ്കിലും ഫലമൊന്നുമുണ്ടായില്ല. ഈ സംഭവങ്ങളൊന്നും അറിയാതെ, പരിശുദ്ധപിതാവു പ്രഭാഷണം പൂർത്തിയാക്കുകയുംചെയ്തു.

## അനാഥസംരക്ഷണം

പൊൻടിഫിക്കൽദുരിതനിവാരണകമ്മിഷൻ 9 വയസ്സിനു താഴെ പ്രായമുള്ള 5000 ഇററാലിയൻ അനാഥബാലരെ അമേരിക്കൻ ഐക്യനാടുകളിലേക്കയക്കാൻ ഏർപ്പാടുകൾ ചെയ്തുവരുന്നു. മിക്ക കുട്ടികളും അവരുടെ ബന്ധുക്കളുടെ പക്കൽ എത്തിതാമസിക്കുന്നതാണ്. ബാക്കിയുള്ളവരെ അമേരിക്കൻ കുടുംബങ്ങൾ ദത്തെടുക്കുന്നതിനു അവിടത്തെ "നാഷനൽ കാത്തലിക് വെൽഫേയർ കോൺഫറൻസ്" വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതായിരിക്കും. മേൽപ്പറഞ്ഞ ബാലക്കെല്ലാം 18 വയസ്സുവരെ ഇററാലിയൻ പൗരത്വം ഉണ്ടായിരിക്കുന്നതാണ്. അതിനുശേഷം യഥേഷ്ടം അവർക്കു അമേരിക്കൻ പൗരത്വം സ്വീകരിക്കാവുന്നതാണ്.

## ജപമാലാപ്രസ്ഥാനം

അനുദിനം കുടുംബങ്ങളിൽ ജപമാല ചൊല്ലുന്ന പതിവ് നാടെങ്ങും പ്രചരിപ്പിക്കുവാൻ അക്ഷീണം യത്നിച്ചുവരുന്ന ഫാദർ പാട്രിക് പേയ്ററൺ എന്ന അമേരിക്കൻ വൈദികൻ കഴിഞ്ഞ ഏതാനും വാരങ്ങളായി ലങ്കാസ്റ്റർ രൂപതയിൽ ധ്യാനപ്രസംഗങ്ങൾ നടത്തുകയായിരുന്നു. തൽഫലമായി 75000—ലധികം പേർ തങ്ങളുടെ ശേഷിച്ചിരിക്കുന്ന ജീവിതകാലം മുഴുവൻ ദിവസംതോറും ജപമാലചൊല്ലുന്നതാണെന്നു വാഗ്ദാനംചെയ്ത പ്രതിജ്ഞാപത്രത്തിൽ ഒപ്പുവച്ചിരിക്കുന്നു. അവരിൽഅകത്തോലിക്കരും ഉൾപ്പെടുന്നുണ്ടെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണ്.

സുപ്രസിദ്ധ കഥാപ്രസംഗകൻ
ശ്രീ. ജോസഫ് ചിറ്റേടൻ & പാർട്ടിയുടെ
കാതും കരളും കുളുർപ്പിക്കുന്ന കലാരംഗിയേറിയ

### കഥാപ്രസംഗപരിപാടി

ഏപ്രിൽ 1 ഒല്ലൂർപ്പള്ളി 7 താണിശ്ശേരിപ്പള്ളി 12 വേലൂർപള്ളി L. S. സ്കൂൾ രജതജൂബിലിസമ്മേളനത്തിൽ 15 മണ്ടൂർപ്പള്ളി 21 തൃശൂർ, അഖിലേന്ത്യാ പ്രദർശനഹാളിൽ 29 കുരിയച്ചിറപ്പള്ളി 30 മുക്കാട്ടുകരപ്പള്ളി. മററു പല തീയതികളിലേക്കും ആലോചനകൾ വന്നുകൊണ്ടിരിക്കുന്നു. ബുക്കിങ്ങിനു്, നിശ്ചിതതീയതി കാണിച്ച് താഴെ വിലാസത്തിൽ ഉടൻ എഴുതുക:

ജോസഫ് ചിറ്റേടൻ, കുഴപ്പിള്ളി, അയ്യമ്പിള്ളി




"നീയെന്തിനാ പട്ടാളത്തിൽ ചേന്നതു്?"

"എനിക്കു കുറച്ചു വ്യായാമം വേണമെന്നു ഡോക്ടർ പറഞ്ഞു."

"അതിനു പട്ടാളത്തിൽ ചേന്നിട്ടുവേണമോ?"

"പട്ടാളത്തിൽ ചേന്നാൽ ഡ്രില്ലെടുത്തു വ്യായാമം ഉണ്ടാകും; അതിനു ശമ്പളവും കിട്ടും."

* * *

"ഈ ചെരിപ്പുകൾ ഒരു ജീവിതകാലം മുഴുവൻ നിലനില്ക്കുന്നവയാണ്."

"അത്തരമാണ് എനിക്കാവശ്യം. ഒരു ജോടി തരു."

"ഒരു ജോടി മതിയോ?"

* * *

മോസ്കോയിൽനിന്നു

ഒന്നാമൻ: ആദത്തിൻേറയും ഹവ്വായുടേയും വംശമേതായിരുന്നു?

രണ്ടാമൻ: അവർ സോവ്യററു് പൗരന്മാരായിരുന്നു. യാതൊരു സംശയവുമില്ല. അവർക്കു ഉടുക്കാനൊന്നുമുണ്ടായിരുന്നില്ല; ഉണ്ണാനുമൊന്നുമുണ്ടായിരുന്നില്ല. ഒരേ ഒരു കനിമാത്രം. എന്നാൽ പറുദീസായിൽ വാസവും.

അവൻ വിചാരിച്ചതുതന്നെ

ദക്ഷിണകൊറിയയിൽ കമ്മ്യൂണിസ്റ്റ്കാർ ബോമ്പിട്ടുനശിപ്പിച്ച ഒരു വ്യവസായശാലയുടെനഷ്ടശിഷ്ടങ്ങൾ നോക്കിക്കൊണ്ടുനിന്നജനക്കൂട്ടത്തിൽഒരാൾ: "ഇതെല്ലാം ഒരേഒരാൾമൂലമാണ്." എന്നു വിളിച്ചുപറഞ്ഞു. ഉടനെതന്നെ ഒരു കമ്മ്യൂണിസ്റ്റ് പോലിസുകാരൻ അയാളെ അറസ്റ്റുചെയ്തു അടുത്ത പോലിസ് സ്റ്റേഷനിലേക്കു പിടിച്ചുവലിച്ചു കൊണ്ടുപോയി. അവിടെ ചെന്നപ്പോൾ അയാൾ വീണ്ടും ഊന്നിപ്പറഞ്ഞു: "ഇതിനെല്ലാം ഒരേ ഒരാൾ, പ്രസിഡൻറു് ട്രൂമനാണ് കാരണ"മെന്നു്. കുററപ്പുള്ളിയെ ഉടനെതന്നെ മോചിപ്പിച്ചു. പോകുന്നതിനുമുമ്പായി അയാളെ അറസ്റ്റുചെയ്ത പോലിസുകാരനോടു് സംസാരിക്കുന്നതിനു അനുമതി ചോദിച്ചു. അനന്തരം: "സഖാവേ, ആരെപ്പററിയാണ് ഞാൻ സൂചിപ്പിക്കുന്നതെന്നാണ് അങ്ങു കരുതിയതു്."

അതിനു മറുപടിപറയാൻ പോലിസുകാരൻ ധൈര്യപ്പെട്ടില്ല.

(Catholic Digest)




"എന്താ! തുണിമാറാൻ പോകയാണോ?"

"ഞാനൊരു രക്ഷാവ്യവസ്ഥ തെററിച്ചു. വളരെ അയവായി വസ്ത്രം ധരിച്ചിരുന്നതിനാൽ അതിന്മേൽ യന്ത്രം കേറിപ്പിടിച്ചു. വളരെ പ്രയാസപ്പെട്ടാണ് ഞാൻ രക്ഷപ്രാപിച്ചതു്."


## മേയ് 2-ാം തീയതി

എൻെറ മകൻെറയും രണ്ടാമത്തെ മകളുടെയും വിവാഹദിനമാകയാൽ മേയ് മാസം 2-ം 3 ം തീയതികളായ ബുധൻ, വ്യാഴം എന്നീ ദിവസങ്ങളിൽ ഞാൻ എറണാകുളം ക്യാമ്പിൽ ഉണ്ടായിരിക്കുന്നതല്ലെന്നും

ടി 2-ാം തീയതി ബുധനാഴ്ചമാത്രം എറണാകുളം, തൃശൂർ സെയിൽസ് ഡപ്പോകൾ തുറക്കുന്നതല്ലെന്നും

മാന്യവായനക്കാരെ അറിയിച്ചുകൊള്ളുന്നു.

എന്നു്. കാളത്തു് പാവുണ്ണി ഔസേപ്പ് വൈദ്യൻ
Prop: കാളൻ ആയുർവ്വേദിക് ഫാർമ്മസി
(റെയിൽവേസ്റ്റേഷനു സമീപം) നെല്ലായി P. O.

## കൊച്ചി തിരുവിതാംകൂർ വാർത്തകൾ

തിരു-കൊച്ചിയിലെ വിദ്യാലയങ്ങളിൽ സർക്കാർ പാഠപ്പുസ്തകങ്ങൾ നടപ്പിലാക്കുവാനുള്ള പദ്ധതിയനുസരിച്ച് അടുത്തവർഷത്തേക്ക് സർക്കാർവകയായി 7 പാഠപ്പുസ്തകങ്ങൾ തയാറാക്കിയിരിക്കുന്നു. അവ ഒന്നാംക്ലാസിലേക്കുള്ള ഒന്നാം പാഠം, 3—4 ഫോറങ്ങളിലേക്കുള്ള കേരളപാഠാവലി (ചിത്രപാഠാവലിക്കുപകരം), 4—5—6 ഫോറങ്ങളിലേക്കുള്ള കേരളപദ്യപാഠാവലി, 6-ാം ഫോറത്തിലേക്കുള്ള സെക്ഷൻസ് ഫ്റം പ്രോസ് & പോയട്രി (ഡീറെയിൽഡ ടെക്സ്റ്റ്) എന്നിവയാണ്. ഒന്നാം പാഠം എറണാകുളം ഗവമ്മെൻറു പ്രസ്സിൽനിന്നും മററുള്ളവ തിരുവനന്തപുരം ഗവമ്മെൻറു പ്രസ്സിൽനിന്നും ലഭിക്കുന്നതാണ്.

—ലെവി സമ്പ്രദായമനുസരിച്ചുള്ള നെല്ലു സംഭരണം നിയന്ത്രണം മുതലായവ സംബന്ധിച്ച ചട്ടങ്ങൾ ഗവമ്മെൻറിൽനിന്നും പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഗവമ്മെൻറിലേക്ക് അളക്കേണ്ട നെല്ല് എത്രയെന്നു തീരുമാനിക്കുന്നതിൽ കൃഷിസ്ഥലത്തിൻെറ വിസ്തീർണ്ണം, ഉൽപാദനശക്തി, കൃഷിക്കാരൻെറ വീട്ടാവശ്യം, കൃഷിച്ചെലവ് മുതലായവ പരിഗണിക്കുന്നതാണ്. ഒരേക്കറും അതിൽ കുറവും മാത്രം നിലമുള്ളവരെ ലെവിയിൽനിന്നും ഒഴിവാക്കിയിരിക്കുന്നു. ഒരു നിലത്തിൻെറ ലെവി അവസാനമായി നിശ്ചയിക്കപ്പെട്ടാൽ അതു സ്ഥിരമായിരിക്കുന്നതാണ്. ഒരേക്കറിൽ ഒരു പൂവിൽ ശരാശരി 100 പറ വിളവുണ്ടാകുന്ന നിലങ്ങൾക്കു താഴെ ചേർക്കുന്നനിരക്കിൽ ലെവി ചുമത്തുന്നതാണ്: 5 ഏക്കർ മുതൽ 10 ഏക്കർവരെ ഏക്കറിനു 40 പറ; 10 ഏക്കർ മുതൽ 50 ഏക്കർവരെ ഏക്കറിനു 50 പറ; 50 ഏക്കറും അതിൽ കവിഞ്ഞും ഏക്കറിനു 60 പറ. കൃഷിക്കാരൻ കൊയ്ത്തിനു 7 ദിവസംമുമ്പ് പ്രവൃത്തിയാരെയും കൊയ്ത്തിനുശേഷം 7 ദിവസത്തിനകം ഗ്രെയിൻപർച്ചേസിംഗ് തഹസിൽദാരെയും വിവരം അറിയിക്കേണ്ടതാണ്. ജി. പി. തഹസിൽദാർ നിശ്ചയിക്കുന്ന അളവിൽ കർഷകനു പരാതിയുണ്ടെങ്കിൽ ഒരാഴ്ചക്കകം കമ്മീഷണർക്ക് അപ്പീൽ കൊടുക്കാവുന്നതാണ്. നിലങ്ങളുടെ ഉടമസ്ഥാവകാശം കൈമാററം ചെയ്യുകയോ പണയപ്പെടുത്തുകയോ ചെയ്താൽ 15 ദിവസത്തിനകം വിവരം ജി. പി. തഹസിൽദാരെ അറിയിക്കേണ്ടതാണ്. അദ്ദേഹത്തിൻെറ പെർമിററുകൂടാതെ നെല്ല് ഒരു താലൂക്കിൽനിന്നു മറെറാരു താലൂക്കിലേക്കു കൊണ്ടുപോകുവാൻ പാടുള്ളതല്ല. നെല്ലു ജാമ്യത്തിന്മേൽ പണം കടംകൊടുക്കുകയോ ഗവമ്മെൻറിനല്ലാതെ നെല്ലു വില്ക്കുകയോ ചെയ്യാനും പാടില്ലാത്തതാകുന്നു.

—തിരു-കൊച്ചി മെഡിക്കൽ കോളെജിൽ പ്രവേശനം ആഗ്രഹിക്കുന്നവർ അടുത്ത ജൂലൈ 11-ാംനു-ക്കകം അപേക്ഷകൾ അയക്കേണ്ടതാണ്. ഇതിനുള്ള ഫോറങ്ങൾ മേയ് 15-നും 30-നും ഇടയ്ക്കു മാത്രമേ ലഭിക്കുകയുള്ളു. ആകെയുള്ള 60 സീററുകളിൽ 5 എണ്ണം പിന്നോക്കസമുദായങ്ങൾക്ക് സംവരണം ചെയ്യുന്നതായിരിക്കും. അവർ ഫീസടയ്ക്കേണ്ടതില്ലെന്നുമാത്രമല്ല അവർക്കുവേണ്ട ഹോസ്റ്റൽ സൗകര്യങ്ങൾ പിന്നോക്കസമുദായസംരക്ഷണവകുപ്പ് ചെയ്തുകൊടുക്കുന്നതുമാണ്. അപേക്ഷകരിൽനിന്ന് ആവശ്യമുള്ളവരെ ഒരു സെലക്ഷൻ ബോർഡു തിരഞ്ഞെടുക്കുന്നതാണ്. മെഡിക്കൽ കോളെജിലെ പ്രതിവർഷഫീസായ 240 ക. ഒന്നിച്ചടയ്ക്കേണ്ടതാണെന്നറിയുന്നു. കോളെജ് ഉൽഘാടനം ചെയ്യുന്നതിനു കേന്ദ്രഗവമ്മെൻറിൻെറ ആരോഗ്യവകുപ്പമന്ത്രിണി രാജകുമാരി അമൃതുകൗറിനെ ക്ഷണിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

—മുൻപരിപാടിയനുസരിച്ച് രാഷ്ട്രപതി പുരുഷോത്തമദാസ് താണ്ഡൻ ഏപ്രിൽ 15-ാംനു- തിരു-കൊച്ചിയിലെത്തിയിരിക്കുന്നു. 20-ാംനു- അദ്ദേഹം മടങ്ങിപ്പോകുന്നതാണെന്നറിയുന്നു.

—1952 മുതൽ തിരു-കൊച്ചി സംസ്ഥാനത്തു പൊതുവായ വിദ്യാഭ്യാസരീതി നടപ്പിൽവരുത്തുന്നതിനാൽ ഇപ്പോൾ കൊച്ചി എസ്. എസ്. എൽ. സി. ക്കുള്ള പാർട്ടുസമ്പ്രദായം നിത്തലാക്കുന്നതാണെന്നറിയുന്നു.

—തിരു-കൊച്ചി അസംബ്ലിയിൽ, ജനന നിയന്ത്രണത്തെ പ്രോത്സാഹിപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് ഒരു മെമ്പർ അവതരിപ്പിച്ച പ്രമേയം ഭൂരിപക്ഷവോട്ടനുസരിച്ച് നിരാകരിക്കപ്പെട്ടിരിക്കുന്നു.

---

ബ. അൽഫോൻസാമ്മ, വി. റീത്താ, വി. ഫിലോമിനാ എന്നിവരുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യങ്ങൾ സാധിച്ചതിനു കൃതജ്ഞത.

പോൾ പുതുക്കാടൻ
നെല്ലിക്കുന്നു

---

## ഇന്ത്യാവാർത്തകൾ

1951-ലെ സെൻസസനുസരിച്ച് കാശ്മീർ ഒഴികെയുള്ള ഇൻഡ്യയിലെ ആകെ ജനസംഖ്യ 35,68,91,624 ആണ്. ഇതിൽ പുരുഷന്മാരുടെ സംഖ്യ 18,33,84,807-ം സ്ത്രീകളുടേതു 17,35,06,817-ം ആണ്. കാശ്മീരിലെ ജനസംഖ്യ കഴിഞ്ഞ കൊല്ലത്തെ സെൻസസനുസരിച്ച് 43,70,000 ആണ്. ഇൻഡ്യയിൽ 1941-ലെ ജനസംഖ്യയെക്കാൾ നാലേകാൽകോടി (13.4 ) ജനങ്ങൾ ഇപ്പോൾ വർദ്ധിച്ചിട്ടുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഇൻഡ്യയുടെ ആകെ വിസ്തൃതി 11 ലക്ഷം ചതുരശ്രമൈലാണ്.

—ഒറീസാ ഗവർണർ ശ്രീ ആസാഫ് ആലി അവധിയിൽ പ്രവേശിച്ചിരിക്കുന്നതിനാൽ അദ്ദേഹത്തിനുപകരം ഇൻഡ്യൻ നാട്ടുരാജ്യവകുപ്പു സെക്രട്ടറി ശ്രീ വി. പി. മേനോൻ ആക്റ്റിംഗ് ഗവർണ്ണരായി നിയമിതനായിരിക്കുന്നു.

—മേയ് 1-ാംനു- മുതൽ നടപ്പിൽവരുത്തുന്ന പുതിയ പോസ്റ്റൽനിരക്കുകൾ ഗവമ്മെൻറിൽനിന്നും പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. പ്രാദേശികലററുകൾക്കു ഇപ്പോൾ അനുവദിച്ചിരിക്കുന്ന 1 ണ. സൗജന്യനിരക്കു അന്നുമുതൽ നിത്തലാക്കുന്നതാണ്. മേലിൽ എഴുത്തുകൾക്കു 2 ണ. കവറുകളോ $1\frac{1}{2}$ ണ. ലററർകാർഡുകളോ 1 ണ. ലോക്കൽ പോസ്റ്റുകാർഡുകളോ ഉപയോഗിക്കേണ്ടതാണ്. രജിസ്ട്രേഷൻഫീസ് ഉരുപ്പടി ഒന്നുക്കു 4 ണ. എന്നതു $4\frac{1}{2}$ ണ യായി വർദ്ധിപ്പിക്കും. വി. പി. ചാർജു 25 ക. വരെ 1 ണ യും അതിൽ കൂടിയതിനു 2 ണ യും ആയിരിക്കും. 25 ക യിൽ കവിഞ്ഞ വിലയുള്ള വി. പി. ഉരുപ്പടികൾ ഇൻഷുർ ചെയ്യേണ്ടതാണ്. ഇൻഷ്വറൻസു നിരക്കു ആദ്യത്തെ 100 കയ്ക്കു 4 ണയും കൂടുതലുള്ള ഓരോ 100 കയ്ക്കു 2 ണ വീതവുമായിരിക്കും. ഒരു ഉരുപ്പടി പരമാവധി 5000 ക. വരെ ഇൻഷുർ ചെയ്യാവുന്നതാണ്. മണിയാർഡർനിരക്കു 5 ക വരെ 2 ണ യും 5 ക മുതൽ 10 ക വരെ 3 ണ യും 10 ക. മുതൽ 15 ക വരെ 4 ണ യും 15 ക. മുതൽ 25 ക വരെ 6 ണയും 25 കയ്ക്കുമേൽ ഓരോ 25 കയ്ക്കും 6 ണ വീതവും 25 കയിൽ താഴെയുള്ള അംശങ്ങൾക്കു മേൽപ്പറഞ്ഞ നിരക്കുമായിരിക്കും. മണിയാർഡറുകളും ലററുകളുമെല്ലാം സർചാർജ്ജുകൂടാതെ എയർമെയിലിൽ അയക്കുന്നതാണ്.

—തുണി വില്പന സംബന്ധിച്ചുള്ള കേന്ദ്രഗവമ്മെൻറിൻെറ ഒരു പ്രസ്നോട്ടിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: അപര്യാപ്ത പ്രദേശങ്ങളായ മദ്രാസ്, തിരു-കൊച്ചി, മൈസൂർ, ഹൈദ്രബാദ് മുതലായ സംസ്ഥാനങ്ങളിലെ മില്ലുകളിൽ ഉൽപാദിപ്പിക്കപ്പെടുന്ന തുണിയിൽ കയററുമതി കഴിച്ചുള്ളതിൻെറ മൂന്നിലൊന്നു പ്രസ്തുത മില്ലുടമസ്ഥന്മാർക്കു ഉൽപാദനമേഖലയിൽ തങ്ങൾക്കിഷ്ടമുള്ള ലൈസൻസ് വ്യാപാരികൾക്കു വില്ക്കാവുന്നതാണ്.

—മദ്രാസ് മദ്യനിരോധനമന്ത്രിയായിരുന്നു രാജിവച്ച ശ്രീ എൻ. സഞ്ചീവറെഡ്ഡി ആന്ധ്റപ്രവിശ്യ കോൺ. കമ്മിററി പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

—ബറോഡാ നാടുവാഴിയെന്ന നിലയിൽ മഹാരാജ പ്രതാപ്സിംഗ് ഗയിക്കുവാരിക്കു ഇൻഡ്യാഗവമ്മെൻറു നൽകിയിരുന്ന അംഗീകാരം പിൻവലിക്കുകയും അദ്ദേഹത്തിൻെറ 21 വയസ്സു പ്രായമുള്ള പുത്രൻ ഫത്തിസിംഗിനെ നാടുവാഴിയായി അംഗീകരിക്കുകയും ചെയ്തിരിക്കുന്നു.

## പുതിയ പ്രൊവിൻഷൽ

കമ്മലീത്താ ഒന്നാംസഭയുടെ പ്രൊവിൻഷലായി, വെരി റവ. ഫാദർ എവിസേവൂസിൻെറ സ്ഥാനത്തു, വെരി റവ. ഫാദർ ജോൺ ഒ. സി. ഡി. തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

## ജന: മക് ആർതറെ

### പിരിച്ചുവിട്ടു

കൊറിയയിലെ ഐക്യരാഷ്ട്രസേനയുടെ സുപ്രീംകമാൻഡർ ജനറൽ മക്ആർതറെ തൽസ്ഥാനത്തുനിന്നും അമേരിക്കൻ പ്രസിഡണ്ടു ട്രൂമൻ പിരിച്ചുവിട്ടിരിക്കുന്നു. അമേരിക്കയുടെയും ഐക്യരാഷ്ട്രസമിതിയുടേയും നയങ്ങൾക്കു പരിപൂർണ്ണപിന്തുണനല്കുവാൻ അദ്ദേഹത്തിനു സാധിക്കുന്നില്ല എന്നതാണ് പിരിച്ചുവിടലിനു കാരണമായി പ്രസിഡണ്ടു ട്രൂമൻ പ്രസ്താവിച്ചതു. ജന. മക്ആർതറെക്കു പകരം 8-ാം പടയുടെ കമാൻഡർ ജനറൽ മാത്യു റിഡ്ജ്‌വേ സുപ്രീംകമാൻഡറായി നിയമിതനായിരിക്കുന്നു.

സിർക്കോ ആരാം തേൽ

No. 1. ഓമ്മക്കുറവ്, തലകറക്കം, തലവേദന, മുതലായ രോഗങ്ങളെ നീക്കി ശിരഃസൗഖ്യവും, സുഖനിദ്രയും ലഭിക്കുന്നതിനും

No. 2. പ്രത്യേകിച്ച് കേശസമൃദ്ധിക്കും ഞങ്ങളുടെ എണ്ണകൾ ഉപയോഗിപ്പിൻ.

| | | 8 ഔ: | 12 ഔ: |
|---|---|---|---|
| പ്രായഭേദംകൂടാതെ | No. 1. | 3—12—0 | 5—4—0 |
| ഉപയോഗിക്കാവുന്നതു | No. 2. | 4—0 —0 | 5—8—0 |

എം. ജെ. മാത്യു വൈദ്യൻ, മട്ടക്കുഴി വൈദ്യശാല, കാഞ്ഞിരപ്പള്ളി

## 3000 ബാലന്മാർ പാടി

ഏപ്രിൽ 1-ാംനു- മാർപ്പാപ്പാ തിരുമേനി ദിവ്യബലിയർപ്പിച്ചപ്പോൾ 3000 ബാലന്മാർ ഒരുമിച്ചു പാട്ടുകൾ പാടുകയുണ്ടായി. "മരക്കുരിശിൻെറ കൊച്ചുഗായകർ" എന്ന സംഘടനയിലെ അംഗങ്ങളായ അവർ 22 രാജ്യങ്ങളിൽനിന്നും വന്നിരുന്നവരാണ്. ശുഭ്രവസ്ത്രധാരികളായിരുന്ന അവർ നെഞ്ചിൽ ഓരോ ചെറിയ മരക്കുരിശും ധരിച്ചിരുന്നു. പരിശുദ്ധകുർബാന ആരംഭിക്കുന്നതിനു 20 മിനിട്ടുമുമ്പു മാർപ്പാപ്പാതിരുമേനി ബാലകരെ നേരിട്ടുകാണുന്നതിനുവേണ്ടി "സേദിയ ജെസ്റ്റത്തോറിയാ"യിൽ ആരൂഢനായി ബെസിലിക്കാ സന്ദർശിക്കുകയുണ്ടായി. തദവസരത്തിൽ ആ ബാലഗായകസംഘം "തു എസ് പേത്രൂസ്" (നീ പത്രോസാകുന്നു) എന്ന ഗാനമാലപിച്ചു. ചടങ്ങുകളെല്ലാം വത്തിക്കാൻ റേഡിയോ വഴി പ്രക്ഷേപണംചെയ്യപ്പെട്ടു. കുർബാനയ്ക്കുശേഷം മാർപ്പാപ്പാതിരുമേനി ബാലകർക്കെല്ലാവർക്കുമായി പ്രത്യേകമായ ഒരാശിർവ്വാദം നല്കുകയുംചെയ്തു. തുടന്നു, ആ "കൊച്ചുഗായകരു"ടെ ഒരു സാർവ്വദേശിയ കോൺഗ്രസ്സ് നടത്തപ്പെട്ടു. മൂന്നു ദിവസത്തേക്കു അതു നീണ്ടുനിന്നു. പ്രസ്തുതസംഘടനയുടെ സ്ഥാപകനായ കാനൺ ഫെർനൻറ് മെയ്ലെയാണ് അതിൻെറ നേതൃത്വം വഹിച്ചതു.

## വൈദികൻ

### സിനിമാതാരം

- ഇദംപ്രഥമമായി ഒരു വൈദികൻ ഒരു ചലച്ചിത്രത്തിലെ ഏററവും പ്രധാനപ്പെട്ട ഭാഗം അഭിനയിക്കാൻ പോകയാണ്. അദ്ദേഹത്തിൻെറ പേർ ഫാദർ വെന്നാൻസിയോ മാർക്കോ എന്നാണ്. സ്പെയിനിലെ ഒരു റേഡിയോപ്രസംഗകനായ അദ്ദേഹം അവിടെ നിർമ്മിക്കപ്പെടുവാൻ പോകുന്ന "Cerca del Cielo" (സ്വർഗ്ഗസമീപം) എന്ന ചലച്ചിത്രത്തിൽ ബിഷപ്പു പൊളാങ്കോയുടെ ഭാഗം അഭിനയിക്കുന്നതായിരിക്കും. ഫാദർ മാർക്കോ ഇതിനുമുമ്പും ചില ചിത്രങ്ങളിൽ അപ്രധാനങ്ങളായ പല ഭാഗങ്ങളും അഭിനയിച്ചിട്ടുള്ളതാണ്.

കമ്മ്യൂണിസത്തിനെതിരായി സ്പെയിനിൽ നടന്ന ആഭ്യന്തരസമരത്തെ അധികരിച്ചുള്ളതാണു മേൽപ്പറഞ്ഞ സിനിമ. 1939 ൽ ബിഷപ്പു പൊളാങ്കൊ കമ്മ്യൂണിസ്റ്റുകാരാൽ വധിക്കപ്പെട്ടു. ടെറവുലിലെ മെത്രാനായിരുന്ന അദ്ദേഹം, 1938-ൽ ആ നഗരം കമ്മ്യൂണിസ്റ്റുക്കു അധീനമാകുന്നതുവരെ അവിടെത്തന്നെ വസിച്ചു തുടന്നു ബാർസലോണിയായിലെ കാരാഗൃഹത്തിലടയ്ക്കപ്പെട്ടു. ദേശീയസേന ക്രമപ്രവൃദ്ധമായ വിജയം വരിച്ചു വന്നതിനാൽ, ചെമ്പടക്കാർ തുടരെത്തുടരെ പിൻവാങ്ങാൻ നിർബന്ധിതരായി അതനുസരിച്ച് അവർ മെത്രാൻതിരുമേനിയേയും ഓരോ കാരാഗൃഹത്തിലേക്കു മാററിക്കൊണ്ടിരുന്നു. അവസാനം 1939 ഫെബ്രുവരി 7-ാംനു- മററു പലരുമൊരുമിച്ചു അദ്ദേഹം നിഷ്ഠുരണം വധിക്കപ്പെടുകയാണുണ്ടായതു.

## ബവിൻ നിര്യാതനായി

മുൻബ്രിട്ടീഷ് വിദേശകാര്യസെക്രട്ടറി ഏണസ്റ്റു ബവിൻ ഏപ്രിൽ 14-ാംനു- നിര്യാതനായിരിക്കുന്നു. ഒരു കൊല്ലത്തോളമായി അദ്ദേഹത്തിൻെറ ആരോഗ്യസ്ഥിതി വളരെ മോശമായിരുന്നുവെന്നു മാത്രമല്ല ഈയിടെയായി അദ്ദേഹത്തിനു നിമോണിയാരോഗവും പിടിപെട്ടിരിക്കയായിരുന്നു.



കല്ലൂക്കാട്ട് സെൻറ് അഗസ്റ്റിൻ മദ്ധ്യാപനസമിതി.

# വിശുദ്ധ റോമൻ റോട്ടാ

## സാർവദേശീയ കോടതി എന്ന പേർ യഥാർത്ഥത്തിൽ അർഹിക്കുന്ന ഏകസ്ഥാപനം

(എ. വി. തോമസ്)

ഇററാലിയൻജനതയുടെയും ലോകമാസകലമുള്ള കത്തോലിക്കരുടേയും വിവാഹസംബന്ധമായ കേസുകൾകേട്ട തീരുമാനിക്കുന്നതിനു് അധികാരമുള്ള ഒരു കോടതിയാണു് വിശുദ്ധ റോമൻ റോട്ടാ. വിശ്വവ്യാപകമായ കത്തോലിക്കാസഭയുടെ വിപുലമായ ഭരണയന്ത്രത്തിൻെറ ഒരുഭാഗം മാത്രമാണിതു്. 1929-ൽ വത്തിക്കാനും ഇററാലിയൻ ഗവമ്മെണ്ടും തമ്മിൽചെയ്ത ലാറററാൻ ഉടമ്പടിമൂലമാണു് ഇററാല്യൻ ജനതയുടെ വിവാഹസംബന്ധമായ കാര്യങ്ങൾ നിയന്ത്രിക്കുന്നതിനുള്ള അധികാരം വത്തിക്കാനു ലഭിച്ചതു്.

സഭാസംബന്ധമായ കാര്യങ്ങളിൽ ന്യായം നടത്തുന്നതിനായി മാർപ്പാപ്പാ സ്ഥാപിച്ചിട്ടുള്ള കോടതിയാണു് റോട്ടാ. അതിനു സമർപ്പിക്കപ്പെടുന്ന കേസുകൾ കേട്ടു് നിയമാനുസരണം തീരുമാനംചെയ്യുക എന്നതാണു് റോട്ടായുടെ കത്തവ്യം. ഈ കോടതിയിൽ സാധാരണ പത്തു ജഡ്ജിമാരാണുള്ളതു്. "ആഡിറേറഴ്സ്" എന്നു് ഇവക്കു് ഔദ്യോഗികമായി പേരുപറഞ്ഞുവരുന്നു. അധികാരത്തിൽ ഇവക്കെല്ലാം ഒരു നിലയാണു്. പ്രധാന ജഡ്ജിക്കു ഡീൻ എന്നു പറയുന്നു. ഇദ്ദേഹത്തിനു് മുൻഗണനയുണ്ടെന്നല്ലാതെ സഹപ്രവത്തകന്മാരുടെമേൽ അധികാരമൊന്നുമില്ല.

മാർപ്പാപ്പാ നേരിട്ടാണു് റോട്ടായിലേക്കു നിയമനങ്ങൾ നടത്തുന്നതു്. കാനൻനിയമത്തിലും രാഷ്ട്രനിയമത്തിലും ഡോക്ടർ ബിരുദം നേടിയിട്ടുള്ളവരും സ്വഭാവശുദ്ധി, വിവേകം, നൈയാമിക വൈദഗ്ദ്ധ്യം ഇവയിൽ പ്രഖ്യാതരും സാമാന്യം പ്രായംചെന്നവരും ആയ വൈദികരെമാത്രമേ റോട്ടായിൽ ജഡ്ജിമാരായി നിയമിക്കയുള്ളു. കത്തോലിക്കാലോകത്തിൻെറ നാനാഭാഗത്തുനിന്നും വരുന്ന കേസുകൾ കേട്ട തീരുമാനിക്കേണ്ട ഒരു കോടതിക്കു് അനുയോജ്യമായവിധം ഇതിലെ ജഡ്ജിമാർ വിവിധദേശങ്ങളിൽ പെട്ടവരാണു്. റോട്ടായിലെ ഒരു ജഡ്ജി കത്തോലിക്കാസഭയിലെ അത്യുന്നതമായ ഒരു ന്യായാധിപസ്ഥാനമാണു് അലങ്കരിക്കുന്നതു്. അദ്ദേഹത്തിനു് "മോൺസിഞ്ഞോർ" എന്ന ബഹുമാന്യപദവിയും ഉണ്ടു്.

ഈ റോമൻ കോടതിയിലെ ഒരു പ്രധാന ഉദ്യോഗസ്ഥനാണു് "നീതിസംരക്ഷകൻ" (Promoter of Justice). നീതിക്കുവേണ്ടി എപ്പോഴും വാദിക്കുക എന്നതാണു് അദ്ദേഹത്തിൻെറ കത്തവ്യം. ക്രിമിനൽക്കേസുകൾ നടത്തുകയും പൊതുസമാധാനത്തിനു ബാധകമായ സിവിൽക്കേസുകളിൽ മാദ്ധ്യസ്ഥംവഹിക്കുകയും അദ്ദേഹത്തിൻെറ ചുമതലകളിൽപ്പെട്ടവയാണു്. റോട്ടായിലെ മറെറാരു പ്രധാന ഉദ്യോഗസ്ഥനാണു് "ബന്ധസംരക്ഷകൻ" (Defender of the Bond). വിവാഹത്തിൻെറയും തിരുപ്പട്ടത്തിൻേറയും സാധുതപത്തെപ്പററി സംശയങ്ങൾ ഉന്നയിക്കപ്പെടുന്ന ഘട്ടങ്ങളിൽ കക്ഷികൾ വഞ്ചനപ്രവത്തിക്കുന്നതുകൊണ്ടോ അഥവാ അവക്കു ശരിയായ നിയമപരിജ്ഞാനമില്ലാത്തതുകൊണ്ടോ തെററായ ഒരു തീരുമാനത്തിൽ എത്തിച്ചേരാതിരിക്കുന്നതിനുവേണ്ടി വിവാഹം, തിരുപ്പട്ടം ഈ കൂദാശകളുടെ സ്വീകരണം സാധുവാണെന്നു സ്ഥാപിക്കുന്നതിനായി ശക്തിപൂർവ്വം വാദിക്കുക എന്നതാണു് ഇദ്ദേഹത്തിൻെറ കത്തവ്യം. "രജിസ്ട്രാർ", "ആക്കൈവിസ്റ്റ്" (റിക്കാർഡു സൂക്ഷിപ്പുകാരൻ), "അക്കൗണ്ടൻറു്" എന്നിങ്ങനെ മററുദ്യോഗസ്ഥന്മാരും ഈ കോടതിയിലുണ്ടു്. ഇവരുടെ ചുമതലകൾ മിക്കവാറും സാധാരണകോടതികളിലേതുപോലെതന്നെയാണു്.

മററു കോടതികളിൽ ഉള്ളതുപോലെ റോട്ടായിലും വക്കീലന്മാരുണ്ടു്. ഇവക്കു ചില പ്രത്യേകയോഗ്യതകൾ അവശ്യമാണു്. റോട്ടായിലെ ഒരു വക്കീലിനു് കാനൻനിയമത്തിൽ ഒരു ഡോക്ടറുടെ ഡിഗ്രിയെങ്കിലും ഉണ്ടായിരിക്കണം. ഇതിനുംപുറമേ റോട്ടായുടെ പ്രവത്തനം സംബന്ധിച്ചുള്ള മൂന്നു കൊല്ലത്തെ പരിശീലനം പൂർത്തിയാക്കിയിരിക്കണം. ഈ പരിശീലനം പൂർത്തിയാക്കിയശേഷം റോട്ടായിലെ എല്ലാ ജഡ്ജിമാരുടേയും സാന്നിദ്ധ്യത്തിൽ ഒരു പ്രത്യേക പരിക്ഷയുണ്ടു്. ഈ പരിക്ഷയിലും വിജയം നേടിക്കഴിഞ്ഞാൽ റോട്ടായിലെ വക്കീലന്മാരുടെ ഗണത്തിൽ ചേരുന്നതിനു് പ്രധാന ജഡ്ജിയിൽനിന്നും ഒരു "ക്ഷണം" ലഭിക്കുന്നു. അനന്തരം തൻെറ കത്തവ്യങ്ങൾ "മനസ്സാക്ഷിക്കനുയോജ്യമായവിധം വിശ്വസ്തതയോടെ" ചെയ്തുകൊള്ളാമെന്നു് സത്യപ്രതിജ്ഞചെയ്തുകൊണ്ടു് ഒരുവൻ വിശുദ്ധ റോമൻ റോട്ടായിലെ വക്കീലായിത്തീരുന്നു. റോട്ടായിലെ വക്കീലന്മാരുടെ പേരുകൾ ഒരു പ്രത്യേകലിസ്റ്റായി തയ്യാറാക്കിയിട്ടുണ്ടു്. ഈ ലിസ്റ്റിൽപ്പെട്ടവക്കു മാത്രമേ റോട്ടായിൽ കക്ഷികൾക്കുവേണ്ടി വാദിക്കുവാൻ പാടുള്ളു.

റോട്ടായിൽ സാധാരണ മൂന്നു ജഡ്ജിമാർ ഒരുമിച്ചാണു് കേസുകൾ കേൾക്കുന്നതു്. ഈ ജഡ്ജിമാർ മുറയനുസരിച്ചു് മാറിമാറിവരുന്നു. അസാധാരണ വിഷമമോ പ്രാധാന്യമോ ഉള്ള കേസുകൾ മാത്രമേ പത്തു ജഡ്ജിമാരും ഒരുമിച്ചിരുന്നു കേൾക്കാറുള്ളു.

റോട്ടാ സർവ്വപ്രധാനമായി ഒരു അപ്പീൽക്കോടതിയാണു്. കീഴ്ക്കോടതികളിലെ വിധികളിന്മേൽ അപ്പീൽ കേട്ടു തീരുമാനിക്കുന്നതിനായിട്ടാണു് റോട്ടാ സംസ്ഥാപിതമായിട്ടുള്ളതും. ഇതിൻെറ പ്രവത്തനം ശരിയായി ഗ്രഹിക്കുന്നതിനു് ഇതുമായി ബന്ധപ്പെട്ട മററു വൈദികകോടതികളെപ്പററിയും അറിഞ്ഞിരിക്കേണ്ടതാണു്.

യഥാവിധി സംസ്ഥാപിതമായിട്ടുള്ള ഓരോ കത്തോലിക്കാരൂപതയ്ക്കും വൈദികകാര്യങ്ങൾ സംബന്ധിച്ച തീരുമാനം ചെയ്യുന്നതിനായി ഒരു കോടതി ഉണ്ടായിരിക്കണമെന്നു് കാനൻനിയമം അനുശാസിക്കുന്നു. റോട്ടായിലേതിനോടു സമാനമായ ഉദ്യോഗസ്ഥന്മാർ ഇവിടെയുമുണ്ടു്. ഈ കോടതികളിലാണു് സാധാരണ കേസുകളുടെ തീരുമാനം. കേസുകൾ ആദ്യമായി വിസ്തരിക്കപ്പെടേണ്ടതും ഇവിടെയാണു്. രൂപതക്കച്ചേരിയിലെ ഒരു വിധിയിന്മേൽ, ആ രൂപത ഏതു വൈദികപ്രവിശ്യയിൽ ഉൾപ്പെടുന്നുവോ ആ പ്രവിശ്യയിലെ മെത്രാപ്പോലീത്തായുടെ കോടതിയിൽ അപ്പീൽ കൊടുക്കാവുന്നതാണു്. മെത്രാപ്പോലീത്തായുടെ കോടതിയിൽനിന്നും ഉണ്ടാകുന്ന വിധിസംബന്ധിച്ചു് വീണ്ടും അപ്പീൽ കൊടുക്കേണ്ടതായിവന്നാൽ അതു് മാർപ്പാപ്പായുടെ കോടതിയായ റോമൻ റോട്ടായിലാണു് കൊടുക്കേണ്ടതു്. രൂപതക്കച്ചേരിയിൽനിന്നു നേരിട്ടും റോട്ടായിലേക്കു അപ്പീൽകൊടുക്കാവുന്നതാണു്; പലപ്പോഴും അങ്ങനെ ചെയ്യുന്നുമുണ്ടു്.

വൈദികസംബന്ധമായ മിക്കവാറും എല്ലാ കേസുകൾക്കും ഉള്ള അപ്പീൽക്കോടതിയാണു് വിശുദ്ധ റോമൻ റോട്ടാ. റോട്ടായുടെ തീരുമാനം ന്യായമായില്ലെന്നു തോന്നുന്നവക്കു് അതിന്മേൽ പരാതികൊടുക്കുന്നതിനു പിന്നെയും മാർഗ്ഗമുണ്ടു്. അപ്പസ്തോലിക്കു് സിഗ്നത്തുരാ എന്ന ഒരു ...ന്നതകോടതിയാണതു്. ആറു കർദ്ദിനാളന്മാരും അവരെ സഹായിക്കുന്നതിനുള്ള അനവധി ഉദ്യോഗസ്ഥന്മാരും ഉൾപ്പെട്ടതാണു് ആ കോടതി. അപ്പസ്തോലിക്കു് സിഗ്നത്തുരായാണു് വൈദികകാര്യങ്ങളിൽ യഥാർത്ഥത്തിൽ ഏററം ഉന്നതമായ അപ്പീൽക്കോടതി. ഇതിനുപരിയായി മാർപ്പാപ്പായുടെ പക്കൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണു്. പക്ഷേ വളരെ അപൂർവ്വമായിമാത്രമേ മാർപ്പാപ്പാ ഇങ്ങനെയുള്ള അപ്പീൽ കേൾക്കാറുള്ളു.

അപ്പസ്തോലിക്കു് സിഗ്നത്തുരാ അപ്പീൽകേസുകൾ കേട്ട തീരുമാനിക്കാറില്ല. കീഴ്ക്കോടതിവിധികൾ പുനർവിചാരണചെയ്യണമെന്നുള്ള അപേക്ഷകൾ പരിഗണിക്കുകയും ജഡ്ജിമാരെ വിസ്തരിക്കുകയുമാണു് ഈ കോടതി ചെയ്യുന്നതു്. റോട്ടായിലെ ജഡ്ജിമാക്കു് എതിരായുള്ള പരാതികൾ കേൾക്കുന്നതു് ഈ കോടതിയാണു്. റോട്ടായുടെ വിധി പുനർവിചാരണചെയ്യണമെന്നു് അപേക്ഷയുണ്ടായാൽ സിഗ്നത്തുരാ ആ അപേക്ഷയുടെ സ്വീകാര്യതയെപ്പററി പരിഗണിക്കുന്നു. അപേക്ഷ അനുവദനീയമായി തോന്നിയാൽ കേസ് പുനർവിചാരണയ്ക്കായി വീണ്ടും റോട്ടായിലേക്കു അയക്കുന്നു; മററു മൂന്നു ജഡ്ജിമാരോ അഥവാ ജഡ്ജിമാർ എല്ലാവരുംകൂടിയോ കേസ് വീണ്ടും വിസ്തരിക്കുന്നു. റോട്ടായുടെ വിധികളിൽ ന്യായരാഹിത്യം ഉണ്ടാകാതിരിപ്പാൻ മതിയായ പരിരക്ഷയാണു് അപ്പസ്തോലിക്കു് സിഗ്നത്തുരാ.

പരിഷ്കൃതമായ ഏതൊരു രാഷ്ട്രത്തിൻേറയും നീതിന്യായവകുപ്പിനെ അതിശയിക്കത്തക്ക പ്രവത്തനവിശേഷത്തോടുകൂടിയ ഒരു ന്യായാധിപസ്ഥാപനം കത്തോലിക്കാസഭയ്ക്കുണ്ടെന്നു് പലരും അറിഞ്ഞിട്ടില്ലായിരിക്കാം.

ലോകത്തിലെ അത്യുൽകൃഷ്ടമായ ന്യായാസനങ്ങളിൽ ഒന്നാണു് റോട്ടാ. നിരന്തരം പ്രവത്തിച്ചുകൊണ്ടിരിക്കുന്ന ഒരു സാർവ്വദേശീയസ്ഥാപനമാണിതു്. ലോകത്തിലെ യാതൊരു രാഷ്ട്രത്തിനും ഇതിൻെറമേൽ നിയന്ത്രണമില്ല. കത്തോലിക്കാസഭയുടെ സാർവ്വദേശീയത്വത്തേയും സ്വാതന്ത്ര്യത്തേയും ഇതു പ്രഖ്യാപനം ചെയ്യുന്നു. യഥാർത്ഥമായ ഒരു സാർവ്വദേശീയന്യായാസനം അന്വേഷിക്കുന്നവർ അവരുടെ ദൃഷ്ടികൾ റോമൻ റോട്ടായിലേക്കു തിരിക്കട്ടെ.


സിഷ്യ ബാങ്ക് ക്ലിപ്തം

ഹെഡാഫീസ്—ആലപ്പുഴ

ബ്രാഞ്ചസ്: മണിമല—പുളിങ്കുന്ന

ഡിപ്പോസിററുകൾ സ്വീകരിക്കുക, പണം കടം കൊടുക്കുക, ഡ്രാഫ്ററു്, ബില്ല മുതലായവ കൊടുക്കുകയും വാങ്ങുകയും ചെയ്യുക തുടങ്ങി എല്ലാ ബാങ്കു പ്രവത്തനങ്ങളും നടത്തുന്നു.

പലിശനിരക്കു് അടങ്ങിയ കൂടുതൽ വിവരങ്ങൾ ഏതെങ്കിലും ആഫീസിൽനിന്നും അറിയാവുന്നതാണു്.

എ. സി. മാത്യു, ബി. എ., സി. എ., ഐ. ഐ. ബി.

(സിക്രട്ടറി)



സ്വർണ്ണപണയം

കുറഞ്ഞപലിശ. കൂടുതൽ നിരക്കു്

ബങ്ക് ഓഫ് കൊച്ചിൻ ക്ലിപ്തം

എറണാകുളം

മട്ടാഞ്ചേരി, ചാലക്കുടി, തൃശ്ശൂർ, വില്ലിങ്ങ്ടൺ ഐലൻഡു്





കിടങ്ങൂർ: ഏപ്രിൽ 1-ാംനു- റവ. ഫാദർ ജോസഫ് കോട്ടൂർ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽവച്ചു് വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ ഒരു ശാഖ ഉൽഘാടനം ചെയ്തിരിക്കുന്നു. തദവസരത്തിൽ മെ. മാത്യു പോൾ, കെ. സി. ചാക്കൊ ബി. എ. എന്നിവർ പ്രസംഗിച്ചു.

—മോനിപ്പള്ളി: റവ. ഫാ. തോമസ് ചാമക്കാല ഒ. എസ്. എച്ച്. അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ചു് വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ ഒരു ശാഖ ഉൽഘാടനം ചെയ്തിരിക്കുന്നു. തദവസരത്തിൽ മെ. മാത്യു പോൾ, കെ. സി. ചാക്കൊ ബി. എ. എന്നിവർ പ്രസംഗിച്ചു.

—തീക്കോയി: ചെറുപുഷ്പ മിഷൻലീഗിൻെറയും സെൻറ് മേരീസ് വായനശാലയുടെയും സംയുക്തവാർഷികം റവ. ഫാ. ജേക്കബ് വെള്ളരിങ്ങാട്ടു് അവർകളുടെ അദ്ധ്യക്ഷതയിൽ ഏപ്രിൽ 8-ാംനു- നടത്തപ്പെട്ടു. ശ്രീ പി. ടി. ചാക്കൊ എം. എ. എൽ എൽ. ബി., റവ. പി. എബ്രാഹം എന്നിവർ പ്രസംഗിച്ചു.

—പള്ളിപ്പുറം: സ്ഥലത്തെ പടമാടൻ കുടുംബാംഗമായ റവ. ഫാ. തിയോഫിൻ ജോസഫ് ടി. ഒ. സി. ഡി. മാർച്ചു് 12-ാംനു- വൈദികപട്ടം സ്വീകരിച്ചശേഷം ഏപ്രിൽ 1-ാം നു- സ്വന്തം ഇടവകയിൽ ആദ്യമായി ദിവ്യബലിയപ്പിക്കുകയുണ്ടായി. നവവൈദികനെ അനുമോദിക്കുന്നതിനായി കൂടിയ യോഗത്തിൽ വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് അദ്ധ്യക്ഷത വഹിക്കുകയും വെരി റവ. ഫാ. ജറോം ടി. ഒ. സി. ഡി., ശ്രീ ജോർജ്ജ് ചേലങ്ങര ബി. എ. ബി. എൽ. എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

—വയനാട്ടു് പേരിയകോളനിയിൽ നവമായി പണിചെയ്തിരിക്കുന്ന കപ്പേളയിൽ ഏപ്രിൽ 1-ാംനു- പ്രഥമദിവ്യബലിയപ്പിച്ചിരിക്കുന്നു.

—കല്ലറ പഴയപള്ളി: കാലംചെയ്ത ബിഷപ്പ് ചൂളപ്പറമ്പിൽ തിരുമനസ്സിലെ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന അലെക്സ് മെമ്മോറിയൽ ഗ്രന്ഥശാലയുടെ ഉൽഘാടനം മാർച്ചു് 31-ാംനു- വെരി റവ. മോൺ. ജേക്കബ് നടുവത്തുശേരി നിവ്വഹിച്ചിരിക്കുന്നു.

—പാലാരിവട്ടം: സെൻറ് ജോസഫ്സ് പ്രവത്തകസംഘത്തിൻെറ 5-ാം വാർഷികസമ്മേളനം ഏപ്രിൽ 8-ാംനു- റവ. ഫാ. ജോർജ്ജ് ചേലാട്ട ബി. എ. അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു.

—ഒളശ പള്ളിയിലെ തിരുനാളാഘോഷങ്ങളോടനുബന്ധിച്ചു് കാഥികൻ ശ്രീ ജോസഫ് ചിറയടൻ ഒരു കഥാപ്രസംഗം നടത്തുകയുണ്ടായി.

—മരങ്ങാട്ടുപള്ളി: ആനക്കല്ല് ഫൊറോനാപള്ളിയിൽ ആണ്ടുതോറും പതിവുള്ള നാല്പതുമണിയാരാധന ഈ കൊല്ലം ഏപ്രിൽ 5-ാംനു- ആരംഭിച്ചു് 7-ാംനു- അവസാനിച്ചിരിക്കുന്നു. ആരാധനയോടനുബന്ധിച്ചു് നടത്തപ്പെട്ട വാർഷികധ്യാനത്തിൽ മോൺ. തോമസ് വടശേരി, റവ. ഫാ. ജേക്കബ് വലിയപറമ്പിൽ എന്നിവർ പ്രസംഗിക്കുകയുണ്ടായി.

—കാഞ്ഞിരത്താനം: വിൻസെൻറ് ഡി പോൾ സൊസൈററിയുടെ വാർഷികസമ്മേളനം ഏപ്രിൽ 12-ാംനു- റവ. ഫാ. ഇരനേവൂസ് സി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടിരിക്കുന്നു. ബ്രദർ മാത്യു പോൾ തദവസരത്തിൽ ഒരു പ്രസംഗം ചെയ്തു.

—ഫോർട്ടുകൊച്ചി: 60-ൽപ്പരം വർഷങ്ങളായി വിദ്യാഭ്യാസരംഗത്തു പ്രശസ്തസേവനം നിവ്വഹിച്ചുവരുന്ന സാൻറക്രൂസ് ഹൈസ്കൂളിനു് കഴിഞ്ഞ 7 വർഷങ്ങളായി സ്ഥിരാംഗീകരണം ഇല്ലാതിരിക്കയായിരുന്നല്ലോ. എന്നാൽ, ഇപ്പോൾ ഗോവാപാത്രിയക്കീസായി നിയമിതനായിരിക്കുന്ന കൊച്ചിമെത്രാൻ ഡോ. അൽവർണസ് തിരുമനസ്സിലേയും പ്രസ്തുത സ്കൂൾ ഭാരവാഹികളുടേയും പരിശ്രമഫലമായി, മദ്രാസ് ഗവമ്മെൻറിൻെറ പുതിയ ആക്ററപ്രകാരം ആവശ്യമായ അമ്പതിനായിരത്തോളം ക. സെക്യൂരിററി വയ്ക്കാതെതന്നെ സ്കൂളിനു് സ്ഥിരാംഗീകരണം ലഭിച്ചിരിക്കുന്നു.

"WE PREACH CHRIST CRUCIFIED." (1 Cor. 1, 23)

## പ്രഭാഷണം

# അപരാധബോധം

ഇപ്പോൾ ഞാൻ എന്നെ അയച്ചവന്റെ അടുക്കലേക്കുപോകുന്നു. നീ എവിടേക്കുപോകുന്നുവെന്നു് നിങ്ങളിൽ ഒരുത്തനും എന്നോടു ചോദിക്കുന്നില്ല. ഞാൻ നിങ്ങളോടു് ഇവ പറഞ്ഞതുകൊണ്ടു് നിങ്ങളുടെ ഹൃദയം ദുഃഖപൂരിതമായിരിക്കുന്നു. എന്നാൽ സത്യം ഞാൻ നിങ്ങളോടുപറയുന്നു: ഞാൻ പോകുന്നതാണു് നിങ്ങൾക്കു നല്ലതു്. ഞാൻ പോകുന്നില്ലെങ്കിൽ ആശ്വാസപ്രദൻ നിങ്ങളുടെ അടുക്കലേക്കു വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ പക്കലേക്കു ഞാൻ അയക്കും. അവൻ വന്നുകഴിയുമ്പോൾ പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും, ലോകത്തെ കുററപ്പെടുത്തും. (അതു്) അവർ എന്നിൽ വിശ്വസിക്കാതിരുന്നതുകൊണ്ടു പാപത്തെക്കുറിച്ചും, ഞാൻ എന്റെ പിതാവിന്റെ അടുക്കലേക്കു പോകയും നിങ്ങൾ ഇനി എന്നെ കാണാതിരിക്കയും ചെയ്യുന്നതുകൊണ്ടു് നീതിയെക്കുറിച്ചും, ഈ ലോകത്തിന്റെ അധികാരി വിധിക്കപ്പെട്ടിരിക്കകൊണ്ടു് ന്യായവിധിയെക്കുറിച്ചും (ആയിരിക്കും). എനിക്കു നിങ്ങളോടു് ഇനിയും വളരെപ്പറയുവാനുണ്ടു്. എന്നാൽ അവ ഗ്രഹിക്കുവാൻ ഇപ്പോൾ നിങ്ങൾക്കു് കഴിയുകയില്ല. സത്യാത്മാവു് വന്നുകഴിയുമ്പോൾ അവൻ സകല സത്യങ്ങളിലും നിങ്ങളെ നയിക്കും. അവൻ സ്വയമായി പറകയില്ല; പ്രത്യുത, അവൻ കേൾക്കുന്നതെല്ലാം പറയുകയും വരുവാനിരിക്കുന്നവ നിങ്ങളെ അറിയിക്കയും ചെയ്യും. അവൻ എനിക്കുള്ളതിൽനിന്നെടുത്തു് നിങ്ങൾക്കു കാണിച്ചുതരുന്നതുകൊണ്ടു് എന്നേയും മഹത്വപ്പെടുത്തും. എന്റെ പിതാവിനുള്ളതെല്ലാം എന്റേതു് ആകുന്നു. ഇതുകൊണ്ടാകുന്നു അവൻ എനിക്കുള്ളതിൽനിന്നെടുത്തു് നിങ്ങൾക്കു കാണിച്ചുതരും എന്നു ഞാൻ നിങ്ങളോടു പറഞ്ഞതു്. (ഉയിർപ്പു 4-ാംഞായർ; സുവിശേഷം: യോഹ. XVI 5-15).

മദ്ധ്യഭാരത്സംസ്ഥാനത്തിൽ നിയമസഭാസമ്മേളനം നടന്നുകൊണ്ടിരുന്നപ്പോൾ—തീപ്പൊരിപ്രസംഗങ്ങളും തണുപ്പൻ തമാശകളും വാക്കൗട്ടുകളും വിമർശനങ്ങളും തകൃതിയായി നടന്നുകൊണ്ടിരുന്നപ്പോൾ—രണ്ടു കുരങ്ങന്മാർ സന്ദർശകഗാലറിയിൽ പ്രവേശിച്ചുവത്രെ. ആരുംതന്നെ കാര്യമായി അവയെ തടഞ്ഞില്ല; തടഞ്ഞാലും ഒട്ടുംതന്നെ അനുസരിക്കാൻ ഭാവമില്ലാതെ അവ അവിടെ ഇരിപ്പുറപ്പിച്ചു. കുറെനേരം അവ നിനിമേഷരായി സഭാനടപടികൾ വീക്ഷിച്ചു. അതിനുശേഷം അവ സഹജമായ വിക്രിയകൾ ആരംഭിച്ചു. ഉടനെ പോലീസ് ഇടപ്പെട്ടു് അവയെ പുറത്താക്കിവിട്ടുവത്രെ; ഹാളിൽ കുറെ ബഹളമുണ്ടാകയും സഭാനടപടികൾക്കു് അല്പസമയം വിഘാതം സംഭവിക്കയും ചെയ്തുവെന്നുള്ളതും പ്രസ്താവ്യമാണു്. ഈ സംഭവത്തെ ആസ്പദമാക്കി പലരും പലവിധത്തിലുള്ള വ്യാഖ്യാനങ്ങൾ നൽകി. അതിൽ രണ്ടെണ്ണം ഇവിടെ സ്മർത്തവ്യമാണു്. ഒരുകൂട്ടർ കുരങ്ങന്മാരെ ആട്ടിയോടിച്ചതു് ഒട്ടും ന്യായീകരിക്കത്തക്കതല്ല എന്നു വാദിച്ചു; ഡാർവിന്റെ പരിണാമവാദമനുസരിച്ചു് കുരങ്ങു മൂത്തു് മനുഷ്യനായതാണു്; തന്നിമിത്തം കുരങ്ങന്മാർ അവരുടെ വംശജരായ സന്താനപരമ്പരകളെ കാണുവാൻ വന്നതിൽ ന്യായക്കേടില്ലത്രെ. മറെറാരു കൂട്ടർ—ലോകത്തിന്റെ സാന്മാർഗ്ഗികാധഃപതനത്തെ ഉൽക്കണ്ഠയോടെ വീക്ഷിക്കുന്ന ചില നിരീക്ഷണപടുക്കൾ—മനുഷ്യൻ മൃഗീയതയിലേക്കു അധഃപതിച്ചുപോയതുകൊണ്ടും അങ്ങനെ അവനും മൃഗത്തെപ്പോലെ ജീവിക്കുവാനാരംഭിച്ചിരിക്കകൊണ്ടും അവന്റെ കൂട്ടത്തിൽ മൃഗങ്ങളായ കുരങ്ങന്മാർ വന്നിരിപ്പുറപ്പിക്കുന്നതിൽ അനീതിയുടെ കണികപോലുമില്ലെന്നും വാദിച്ചു. "അവ അവയുടെ സ്വന്തത്തിലേക്കുവന്നു; സ്വന്തം അവയെ സ്വീകരിച്ചു്" എന്നു, സുപ്രസിദ്ധമായ ഒരു വേദവാക്യത്തെ അല്പം ഭേദപ്പെടുത്തിപ്പറയുവാനും കാരണമില്ലെന്നില്ല. പരിണാമവാദം ഇന്നു ഒരുപക്ഷേ ത്യാജ്യകോടിയിൽ തള്ളപ്പെട്ടുകഴിഞ്ഞിരിക്കാം ശാസ്ത്രീയരംഗത്തിൽ. എന്നാൽ അതു് അഴിച്ചുവിട്ട ഭൗതികത്വമനസ്ഥിതി ഇന്നു മനുഷ്യരാശിയെ കൂടുതൽകൂടുതൽ വഷളാക്കിത്തീർത്തിരിക്കയാണു്. മനുഷ്യൻ തിന്മയിലേക്കു ചാഞ്ഞവനാണു്; ഒഴുക്കിനനുസരിച്ചു് നീന്തുവാൻ എല്ലാവർക്കും എളുപ്പവുമാണല്ലോ. തന്നിമിത്തം മൃഗീയത—ആത്മാവില്ല, പാപമില്ല, പുണ്യമില്ല എന്നു തുടങ്ങിയ സിദ്ധാന്തങ്ങൾ—പലർക്കും ആകർഷകമായിത്തോന്നാം. യഥാർത്ഥത്തിൽ, പാപബോധം നശിക്കുമ്പോഴാണു് മനുഷ്യൻ മൃഗമായി അധഃപതിച്ചുപോകുന്നതു്. ഇന്നത്തെ സുവിശേഷത്തിൽ ക്രിസ്തുനാഥൻ പരിശുദ്ധാത്മാവിനെ അയക്കുമെന്നും ആ പവിത്രാത്മാവു് വരുമ്പോൾ പാപബോധം ജനങ്ങളിൽ ജനിപ്പിക്കുമെന്നും വാഗ്ദാനം ചെയ്യുന്നുണ്ടു്. മനുഷ്യർ മൃഗങ്ങളായി ജീവിക്കുവാൻ ഇടവരാതിരിക്കണമെങ്കിൽ പാപത്തെക്കുറിച്ചുള്ള യഥാർത്ഥബോധം നൽകുവാനായി നാം പരിശുദ്ധാത്മാവിനോടു മനമുരുകിക്കൊണ്ടു് പ്രാർത്ഥിക്കണം.

ഇന്നത്തെ ലോകം നന്നാകണമെങ്കിൽ ഈ അപരാധബോധമാണു് ആവശ്യമായിരിക്കുന്നതു്. സ്വന്തം പാപങ്ങൾ പാപങ്ങളല്ലെന്നു കാണിക്കുവാൻ—അവയെ സാധൂകരിക്കുവാൻ—ശ്രമിക്കുന്ന ഒരു മനസ്ഥിതി ഇന്നത്തെ യുവജനങ്ങളിൽ പലരിലും കടന്നുകൂടിയിട്ടുണ്ടു്. പാപം പരമ്പരാഗതമാണെന്നു്, പിതാക്കന്മാരിൽനിന്നു ലഭിക്കുന്ന ചില ജന്മവാസനകളുടെ ഫലമാണെന്നു, പറഞ്ഞു പഴയ കാരണവന്മാരുടെ തലയിൽ കെട്ടിയേല്പിക്കുവാൻ ശ്രമിക്കുക; പാപം ദുഷിച്ച സാഹചര്യങ്ങളുടേയും ദുഷ്ടമിത്രങ്ങളുമായുള്ള സഹവാസത്തിന്റേയും ഫലമാണെന്നു പറഞ്ഞു സ്വയം നീതീകരിക്കുവാൻ ശ്രമിക്കുക; പാപം മനുഷ്യന്റെ ശരീരപ്രകൃതിയുടേയും ബലഹീനതകളുടേയും ഫലമാണെന്നു തെററായ ചില മനശ്ശാസ്ത്രസിദ്ധാന്തങ്ങളെ ആസ്പദമാക്കിയും പുതിയ പുതിയ ചില പദങ്ങൾ സൃഷ്ടിച്ചും കൊട്ടിഘോഷിച്ചുകൊണ്ടു് ദൈവത്തിന്റെമേൽ അപരാധമെല്ലാം ആരോപിക്കുവാൻ ശ്രമിക്കുക—ഇങ്ങനെ പലതും ഇന്നത്തെ ലോകത്തിൽ കണ്ടുവരുന്നുണ്ടു്. എന്തുകൊണ്ടാണു് ആധുനികലോകത്തിനു് പാപബോധം നഷ്ടപ്പെട്ടതു്? കാരണം, മനുഷ്യമാഹാത്മ്യം അവഗണിക്കപ്പെട്ടിരിക്കുന്നുവെന്നുള്ളതുതന്നെ. കത്തോലിക്കാസഭയിൽ, ഓരോ മനുഷ്യനും ഒരു ദൈവികസൃഷ്ടിയും, ദൈവത്തിന്റെ ദത്തുപുത്രനും, ക്രിസ്തുവിന്റെ മൗതികശരീരാംഗവുമായിരുന്നു. പതിനെട്ടും പത്തൊമ്പതും നൂററാണ്ടുകളിൽ മനുഷ്യൻ ഒരു താത്വികവസ്തുവും സൃഷ്ടിയിൽ മാത്രം ഈശ്വരവിധേയനുമായിത്തീർന്നു. ഇന്നാകട്ടെ അവൻ കേവലം മൃഗസമാനൻ—കൃമിതുല്യൻ—ആയിത്തീർന്നിരിക്കുന്നു; മുതലാളിത്തത്തിൽ അവൻ ഒരു വെറും "കൈ"മാത്രം; കമ്മ്യൂണിസ്റ്റുകാർക്കാണെങ്കിൽ അവൻ വെറും ഒരു വയറുമാത്രവും. മനുഷ്യനു് ധാർമ്മികമായ ഒരു പരമാന്ത്യമുണ്ടെന്നും, തന്റെ നിരൂപണവചനപ്രവൃത്തികൾ ജീവന്റെ പുസ്തകത്തിൽ ലേഖനം ചെയ്യപ്പെടുന്നുണ്ടെന്നും, അവ ഒരിക്കൽ തന്റെ നിത്യാന്ത്യത്തെ നിശ്ചയിക്കുമെന്നുംമററുമുള്ള മൗലികപ്രമാണങ്ങൾ തിരസ്കൃതങ്ങളാകുമ്പോൾ, പാപവും നിരർത്ഥകമായിഭവിക്കുന്നു. അതാണു് ഇന്നത്തെ മനുഷ്യനു് ബാധിച്ചിരിക്കുന്ന രോഗം.

പാപബോധരാഹിത്യം അധഃപതിച്ച ലോകസ്ഥിതിയെ കൂടുതൽ മോശമാക്കിത്തീർക്കുന്നു. ലോകം കൂടുതൽ പാപം ചെയ്യുന്നു; അതിന്റെ ഗൗരവം കുറച്ചുമാത്രം അതു് മനസ്സിലാക്കുകയും ചെയ്യുന്നു. വാസ്തവത്തിൽ, പണ്ടും ഇന്നത്തെപ്പോലെ സുകൃതികളും വികൃതികളുമുണ്ടായിരുന്നു. എന്നാൽ അന്നത്തേതിൽനിന്നു ഒരു വലിയ വ്യത്യാസം ഇന്നുണ്ടു്. അന്നത്തെ പാപികൾ തങ്ങൾ പാപികളാണെന്നു ധരിച്ചിരുന്നു; ഇന്നത്തെ പാപികളാകട്ടെ തങ്ങൾ സുകൃതികളാണെന്നു വിചാരിക്കുന്നു. പണ്ടുള്ളവർ നിയമം ലംഘിച്ചിരുന്നെങ്കിലും, നിയമം ശരിയെന്നു സമ്മതിച്ചിരുന്നു; ആധുനികരോ, നിയമം ലംഘിക്കുന്നതിനു പുറമേ, ആ നിയമം തെററാണെന്നും ശഠിക്കുന്നു. പൗരാണികർ തെററുചെയ്തിരുന്നെങ്കിലും നല്ലവരാകുവാൻ അഭിലഷിച്ചു; ആധുനികരും തിന്മചെയ്യുന്നുണ്ടെങ്കിലും, നന്നാകാനാഗ്രഹിക്കുന്നില്ല. നിയമം ലംഘിച്ചാലും നിയമസാധുത്വത്തെ ചോദ്യംചെയ്യാത്തവർക്കു ആശ്വാസകാശമുണ്ടു്; എന്നാൽ നിയമസാധുത്വത്തേയും ചോദ്യംചെയ്യുന്നവർക്കു വലിയ രക്ഷാമാർഗ്ഗമൊന്നും കാണുന്നില്ല. താൻ രോഗാതുരനാണെന്നു ഗ്രഹിക്കാത്തവൻ വൈദ്യന്റെ ആവശ്യം ഗ്രഹിക്കുകയില്ലല്ലോ. അനുസരണ, ശുദ്ധത, എളിമ, ക്ഷമ തുടങ്ങിയ സദ്ഗുണങ്ങൾ ഇന്നു ബലഹീനതയായും അസ്വാതന്ത്ര്യമായും അപരിഷ്കൃതമായും പരിഗണിക്കപ്പെടുകയും അധികാരധിക്കാരം, ലൈംഗികസ്വാതന്ത്ര്യം, ഔദ്ധത്യം, പ്രതികാരം എന്നി ദുർഗ്ഗുണങ്ങൾ ഇന്നു് "ആണത്ത"മായും സ്വാതന്ത്ര്യമായും പരിഷ്കാരമായും ജീവിതവിജയമായും പരിഗണിക്കപ്പെടുകയും ചെയ്യുന്നുണ്ടെങ്കിൽ പാപബോധത്തിന്റെ അഭാവത്തെയാണു് അതു കാണിക്കുന്നതു്. തിന്മയെ തിരിച്ചറിയുന്നില്ലെങ്കിൽ അതിനെ എതിർക്കുന്നതിനു് മനുഷ്യൻ അശക്തനാണു്; നന്മയോടുള്ള അലക്ഷ്യഭാവം ആത്മവഞ്ചനയുമാണു്. ഇസയാസ് പ്രവാചകൻ പറയുന്നതു് ശ്രദ്ധിക്കുവിൻ: "നന്മയെ തിന്മയെന്നും തിന്മയെ നന്മയെന്നും വിളിക്കുന്നവർക്കും, പ്രകാശത്തിനുപകരം ഇരുട്ടും ഇരുട്ടിനുപകരം പ്രകാശവും നൽകുന്നവർക്കും, മധുരത്തിനുപകരം കയ്പും കയ്പിനുപകരം മധുരവും പ്രദാനം ചെയ്യുന്നവർക്കും ദുരിതം."

കത്തോലിക്കാസഭയൊഴിച്ചുള്ള ഇന്നത്തെ സാന്മാർഗ്ഗികലോകത്തിൽ വലിയ അരാജകത്വമാണു് നടമാടിക്കൊണ്ടിരിക്കുന്നതു്. സാന്മാർഗ്ഗികസിദ്ധാന്തങ്ങൾ ദിവസേനയെന്നോണം മാററപ്പെടുന്നു, പുതിയ വ്യാഖ്യാനങ്ങൾ നൽകപ്പെടുന്നു. സുകൃതികളെ അവഹേളിക്കയും വികൃതികളെ ആദരിക്കയും ചെയ്യുമ്പോൾ പരിഷ്കാരം താറുമാറായി ഭവിക്കുന്നു. നന്മയല്ല വിജയമാണു് ഇന്നത്തെ ആദർശം, ദരിദ്രനായ ഒരുവൻ നല്ലവനായിരിക്കാം; എന്നാലവനെ വിജയലക്ഷ്മി കടാക്ഷിക്കുന്നില്ലെങ്കിൽ, അവൻ പരാജയപ്പെട്ടവനായി ആധുനികലോകം കണക്കാക്കും. ഈദൃശാദർശം പാപബോധത്തിനും പ്രായശ്ചിത്താനുഷ്ഠാനത്തിനും മാർഗ്ഗബന്ധംചെയ്യുന്നു. തങ്ങളുടെ മരണക്കിടക്കയിൽപ്പോലും അവർ ആത്മപ്രശംസ നടത്തുന്നു; എന്നാൽ, ദൈവകാരുണ്യം അപേക്ഷിച്ചു് പാപത്തെക്കുറിച്ചു് പശ്ചാത്തപിക്കുവാൻ അവർ ശ്രമിക്കുന്നില്ല. മതത്തെ സാന്മാർഗ്ഗികാധഃപതനംകൂടാതെ ശിഥിലീഭവിപ്പിക്കാമെന്നുള്ള വ്യാമോഹം വലിയൊരാപത്താണു് മനുഷ്യസമുദായത്തിനു് വലിച്ചുവെച്ചതു്. "വിശ്വാസമല്ല, ജീവിതമാണു് കാര്യം" എന്ന പ്രസ്താവന യൂറോപ്പിൽ മാറെറാലിക്കൊണ്ടു. കേരളത്തിലാകട്ടെ "മതമേതായാലും വേണ്ടതില്ല, മനുഷ്യൻ നന്നായാൽ മതി" എന്ന തത്വത്തിൽനിന്നാരംഭിച്ചു് "മതമൊന്നും ആവശ്യമില്ല, മനുഷ്യൻ നന്നായാൽമതി" എന്ന മറെറാരബദ്ധത്തിൽ ചെന്നു ചാടിയിരിക്കുന്നു. എന്നാൽ ഒരു പരമാർത്ഥം നാം മറക്കരുതു്: വിശ്വാസമനുസരിച്ചാണു് നാം ജീവിക്കുന്നതു്; തെററു വിശ്വസിച്ചാൽ തെററു പ്രവർത്തിക്കും. ജീവിതത്തെ നാം തത്വാനുസൃതമാക്കുന്നില്ലെങ്കിൽ, തത്വത്തെ നാം ജീവിതാനുസൃതമാക്കും. "സർവ്വമതസമ്മേളന"ങ്ങൾ നടത്തി വിശാലമനസ്കതയുടെ നെററിപ്പട്ടം കെട്ടിനടക്കുന്ന ചിലർ ഒരു മതത്തിലും വിശ്വാസമില്ലാതെയും തന്മൂലം യാതൊരു സന്മാർഗ്ഗനിയമങ്ങളുമില്ലാതെയുമുള്ള ഒരു ജീവിതസരണിയിലാണു് എത്തിച്ചേരുക. പാപബോധം മനുഷ്യരിൽ സംജാതമാകണമെങ്കിൽ മതബോധം അവരിൽ രൂഢമൂലമാകണം. ഇന്നത്തെ പത്രമാസികകൾ, ഗ്രന്ഥങ്ങൾ, സർവ്വകലാശാലകൾ, വിദ്യാലയങ്ങൾ, പ്രസംഗപീഠങ്ങൾ, സിനിമാ, റേഡിയോ എന്നിവയെല്ലാം മതബോധത്തേയും തദ്വാരാ പാപബോധത്തേയും മനുഷ്യഹൃദയങ്ങളിൽനിന്നും, പ്രത്യേകിച്ചു് യുവഹൃദയങ്ങളിൽനിന്നും, നിക്കംചെയ്യുന്നതിനുള്ള പരിശ്രമത്തിൽ പ്രത്യക്ഷമായും പരോക്ഷമായും വ്യാപൃതമായിരിക്കയാണു്. തങ്ങളുടേയും തങ്ങളുടെ വത്സലസന്താനങ്ങളുടേയും ഹൃദയത്തിൽനിന്നു പാപബോധം ഒരിക്കലും നഷ്ടമാകാതിരിപ്പാനായി മാതാപിതാക്കന്മാർ നിരന്തരം ജാഗരൂകരായിരിക്കയും അതിനായി പരിശുദ്ധാത്മാവിനോടു് പ്രത്യേകം പ്രാർത്ഥിക്കയും ചെയ്യട്ടെ. (ജെ. ചെമ്മണൂർ)

## സംഭവകഥകൾ

### രണ്ടുദിവസം

#### മരണത്തിനൊരുങ്ങുവാൻ

ജർമ്മനിയിലെ ചക്രവർത്തിനിയായിരുന്ന മരിയ തെരേസ സ്വപുത്രർക്കു നൽകിയ ഒരുപദേശമാണിതു്: "എന്റെ പ്രിയ മക്കളേ, മരണത്തിനൊരുങ്ങുവാൻവേണ്ടി എല്ലാക്കൊല്ലവും രണ്ടുദിവസം നീക്കിവയ്ക്കണമെന്നു നിങ്ങളോടു ഞാനാവശ്യപ്പെടുന്നു. അവയെ നിങ്ങളുടെ ജീവിതത്തിലെ അവസാനദിവസങ്ങളെപ്പോലെ നിങ്ങൾ പരിഗണിക്കയും ചെയ്യണം."

#### നേതാവിനറിയാം

ദക്ഷിണാഫ്റിക്കൻ സമരകാലത്തു ഒരു രാത്രിയിൽ ലോർഡ് റോബർട്ട്സിന്റെ സൈന്യവ്യൂഹം, നയതന്ത്രദൃഷ്ട്യാ പ്രാധാന്യമർഹിക്കുന്ന ഒരാക്രമണത്തിനൊരുങ്ങി അതിവേഗം മാർച്ചുചെയ്യുകയായിരുന്നു. അപ്പോൾ യോദ്ധാക്കളിലൊരാൾ നിറുന്നനിരാശയോടെ കൂട്ടുകാരനോടാവലാതിപ്പെട്ടു: "ഈ യാത്രകൊണ്ടെന്തു പ്രയോജനം?" അതിനു ലഭിച്ച മറുപടിയാണിതു്: "അതെപ്പററി ആലോചിച്ചു തല പുകയേണ്ട. വേഗം നടക്കൂ. കാര്യമെല്ലാം റോബർട്ട്സിനറിയാം."

ജീവിതയാത്രയിൽ ആവലാതിപ്പെടാതെയും ദൈവപരിപാലനാരഹസ്യങ്ങൾ അപഗ്രഥനംചെയ്യാനാഗ്രഹിക്കാതെയും മുന്നോട്ടുപോകുക. എല്ലാം നമ്മുടെ നേതാവായ ക്രിസ്തുവിനറിയാം. അവിടുത്തെ അനുഗമിക്കുക.

#### ചീത്തക്കൂട്ടുകാർ

വാൾട്ടർ സ്വമാതാവുമായി ഇപ്രകാരം വാഗ്വാദമാരംഭിച്ചു: "റോബട്ട്സണുമൊരുമിച്ചു കളിക്കാൻപോകാൻ അമ്മ എന്നെ അനുവദിക്കാത്തതു് എന്തുകൊണ്ടാണെന്നു എനിക്കു മനസ്സിലാകുന്നില്ല. അവൻ ചിലപ്പോഴെല്ലാം പ്രാകുകയും വികൃതിത്തരങ്ങൾ കാട്ടുകയും ചെയ്യുന്നുണ്ടെന്നുള്ളതു വാസ്തവം. പക്ഷെ അമ്മ എന്നെ നല്ലവണ്ണമല്ലേ വളർത്തിയിരിക്കുന്നതു്? ആകയാൽ അവൻവഴി എനിക്കു് എന്തെങ്കിലും ദൂഷ്യം വരുമെന്നു് അമ്മ വിചാരിക്കുന്നുണ്ടോ? മാത്രമല്ല, അവനെ നന്നാക്കിയെടുക്കാനും ഒരുപക്ഷെ എനിക്കു സാധിച്ചെന്നു വരികയില്ലേ?"

അവന്റെ അമ്മ പ്രതിവചിച്ചു: "വാൾട്ടർ, നീ ഒരുഗ്ലാസ്സു വെള്ളമെടുത്തു അതിൽ ഒരു തുള്ളി മഷിയൊഴിക്കുക. ഒരു തുള്ളിമാത്രം മതികേട്ടോ." അവൻ അങ്ങനെചെയ്തു.

"അമ്മേ, നോക്കൂ! ഒററത്തുള്ളിമഷികൊണ്ടു് ഈ വെള്ളത്തിന്റെ നിറം മുഴുവൻ മാറിയിരിക്കുന്നതുകണ്ടോ?"

"മകനേ, അതാണു ഞാനും പറഞ്ഞതു്. ഇനി ഒരു തുള്ളി നല്ലവെള്ളമൊഴിച്ചു വെള്ളം മുഴുവൻ ശുദ്ധമാക്കുക."

"അമ്മ എന്നെ കളിപ്പിക്കുകയാണോ? ഒന്നല്ല, പത്തല്ല, നൂറുതുള്ളി നല്ലവെള്ളം ചേർത്താലും ഗ്ലാസ്സിലെ വെള്ളം പഴയതുപോലെയാകയില്ല."

"അക്കാരണത്താലാണു് റോബർട്ട്സണുമായുള്ള സഹവാസംവഴി നിന്റെ സ്വഭാവം മലിനമാകാൻ ഞാൻ അനുവദിക്കയില്ലെന്നു പറഞ്ഞതു്. നിന്റെ സഹവാസം അവനെ നന്നാക്കുമെന്നും എനിക്കു പ്രതീക്ഷയില്ല."

(The Ideal Xtian Home)

## ആ ദുരന്തനാടകത്തിലെ പാത്രങ്ങൾ

# പീലാത്തോസ്

(ഫാദർ എസ്സ്. തേർമഠം എം. ഒ. എൽ.)

ഗാഗുൽത്താമലയിൽവച്ച് നടന്ന ആ ഭയങ്കരശോകനാടകത്തിൽ പീലാത്തോസാണ് വളരെ പ്രധാനമായ ഭാഗം അഭിനയിക്കുന്നതു്. എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിന്റെ ദുർബ്ബലഹസ്തങ്ങൾ ക്രിസ്തുവിനെ കഴുവേററുവാനുള്ള വിധിയിൽ ഒപ്പുവെച്ചു. വിശ്വാസപ്രമാണത്തിൽ അദ്ദേഹത്തിന്റെ നാമവുംകൂടി ചേർത്തിരിക്കുന്നതുകൊണ്ടു് ചരിത്രപരമായി അദ്ദേഹത്തിന്റെ ഭരണമേധാവിത്വം അപ്പസ്തോലന്മാരുടെ കാലംതൊട്ടുതന്നെ അംഗീകൃതമായിട്ടുള്ളതാണെന്നു് ഊഹിക്കാവുന്നതാണ്. സർവ്വ നീതിന്യായവകുപ്പുകൾക്കും വിരുദ്ധമായി പീലാത്തോസ് ക്രിസ്തുവിനെ ദാരുണമായ മരണത്തിനു് വിധിച്ചിരുന്നില്ലെങ്കിൽ അവിടത്തെ മരണം വേറെവിധത്തിൽ സംഭവിക്കുമായിരുന്നു. അതിൽ കുരിശുമരണത്തിന്റെ ഉത്തരവാദിത്വം മുഴുവനും പീലാത്തോസിന്റെ ശിരസ്സിൽത്തന്നെയാണ് കയററിവയ്ക്കേണ്ടതു്. എന്തുകൊണ്ടെന്നാൽ "നിന്നെ വിട്ടയക്കുവാനും, കുരിശിൽ തറയ്ക്കുവാനും എനിക്കധികാരമുണ്ടെന്നു" പീലാത്തോസ് ക്രിസ്തുവിനോടു് തുറന്നുപറയുന്നുണ്ടു്. പക്ഷെ സ്വാർത്ഥികളായ പ്രബലന്മാരുടെ ചവുട്ടേററു് വശംകെട്ടു് വലയുന്ന പാവങ്ങളെ രക്ഷിക്കുന്നതിനു് അദ്ദേഹത്തിന്റെ കരങ്ങളിൽ കൊടുത്തിരിക്കുന്ന അധികാരത്തെ പീലാത്തോസ് ദുഷ്പ്രയോഗിച്ചു. അദ്ദേഹം മനുഷ്യജീവിതത്തെ ഇട്ടു പന്താടി.

പീലാത്തോസിന്റെ സ്വഭാവം വളരെ വിചിത്രമായ ഒന്നാണ്. ചിലസമയം അദ്ദേഹം നിർദ്ദയനും മർക്കടമുഷ്ടിക്കാരനുമെന്നു് തോന്നിപ്പോകും. പക്ഷെ ആർക്കും അനുകമ്പ തോന്നുന്ന ഒരു ദുർബ്ബലത അദ്ദേഹത്തിന്റെ സ്വഭാവത്തിൽ ഉടനീളം നീണ്ടുകിടക്കുന്നുണ്ടു്. നിയമത്തോടു് വലിയ ബഹുമാനവും അതിന്റെ അനുഷ്ഠാനത്തിൽ വളരെ നിഷ്ഠയും പീലാത്തോസ് കാണിച്ചിരുന്നു. എന്നാൽ അതിരുകവിഞ്ഞ അന്യായത്തെ അലക്ഷ്യമായി കടത്തിവിടുന്നതിനു് അദ്ദേഹം തെല്ലും മടിച്ചിരുന്നില്ല. ക്രൂരകർമ്മങ്ങളിൽ അദ്ദേഹം ചെന്നായുടെ കൂട്ടുകാരനാണെങ്കിലും തൻകാര്യം കാണുവാൻ ചിലപ്പോൾ ആട്ടിൻകുട്ടിയായും രൂപാന്തരപ്പെടാറുണ്ടു്. എത്ര വലിയ നികൃഷ്ടതയിലേക്കും കിഴിഞ്ഞിറങ്ങുവാൻ അദ്ദേഹത്തിനു് തെല്ലും സങ്കോചമുണ്ടായിരുന്നില്ല. പണവും പദവിയും അദ്ദേഹത്തിന്റെ ജീവിതലക്ഷ്യങ്ങളാണ്. അവയ്ക്കുവേണ്ടി സത്യത്തേയും നീതിയേയും അവഗണിച്ചു് പീലാത്തോസ് എന്തുവേണമെങ്കിലും പ്രവർത്തിക്കും. ഒരു ഭരണമേധാവിയിൽ അവശ്യം കാണേണ്ടതായ പ്രാപ്തി, നിഷ്കന്മഷത്വം, ചുറുചുറുക്കു്, ക്ഷമ, നിഷ്പക്ഷത തുടങ്ങിയ വിശിഷ്ടഗുണങ്ങളിൽ ഒന്നുപോലും ആ ഭരണാധിപനിൽ ഉണ്ടായിരുന്നില്ല. ക്രിസ്തുവിന്റെ വിസ്താരം ധർമ്മത്തോടുള്ള അദ്ദേഹത്തിന്റെ ഒരു വെല്ലുവിളിയായിരുന്നു. ഭീമമായ ഒരു പരാജയമാണ് അതിൽ അദ്ദേഹത്തിനുണ്ടായതു്. അദ്ദേഹം അറിഞ്ഞുംകൊണ്ടു് ഒരു നിർദ്ദോഷിയുടെ ശിരസ്സിൽ കൊലക്കുററം കയററിവച്ചു. ആ വിധിനടത്തൽ ഊഹാതീതമായ കാഠിന്യത്തോടുകൂടിയായിരുന്നു. സത്യത്തിനെതിരായി ഇത്രയും കടുത്തൊരു കൈയേററം ലോകചരിത്രത്തിൽ വേറെ കാണുവാൻ പ്രയാസമാണ്. അതിന്റെ പ്രവർത്തകനെന്ന നിലയിൽ പീലാത്തോസിന്റെ നാമം പരമ്പരാഗതമായി ലോകത്തിൽ എന്നും നിലനില്ക്കും. ക്രിസ്തുവിനെ വിസ്തരിച്ചു വിധിച്ചതിൽ എങ്ങനെ പീലാത്തോസ് സത്യത്തിനും നീതിക്കും എതിരായി പ്രവർത്തിച്ചുവെന്നറിയണമെങ്കിൽ അദ്ദേഹത്തിന്റെ അതീതജീവിതത്തിന്റെ ചരിത്രവും അധികാരസീമയിലിരിക്കുന്ന രാജ്യത്തിന്റെ സ്ഥിതിയും നല്ലപോലെ മനസ്സിലാക്കേണ്ടതാണ്.

ക്രിസ്ത്വബ്ദം 26-ൽ അദ്ദേഹം യൂദയായുടെ ഗവർണ്ണരായി നാനാതരത്തിലുള്ള കർത്തവ്യങ്ങളുടെ അകമ്പടിയോടുകൂടിയാണ് പീലാത്തോസ് പ്രസ്തുതോദ്യോഗം കൈയേററതു്. പട്ടാളവും നികുതിയും അദ്ദേഹത്തിന്റെ അധീനതയിൽ ആയിരുന്നു. സ്ഥലത്തെ നീതിന്യായവകുപ്പിന്റെ സകലമേധാവിത്വം മാത്രമല്ല കൊലയ്ക്കു വിധിക്കുവാനുള്ള അധികാരവും പീലാത്തോസിൽത്തന്നെയാണ് സ്ഥിതിചെയ്തിരുന്നതു്. യഹൂദന്മാരുടെ മതപരമായ കാര്യങ്ങളിൽ ഒരിക്കലും കൈകടത്തി ശല്യമുണ്ടാക്കരുതെന്നു് അദ്ദേഹത്തിനു തക്കതായ താക്കീതു മുമ്പുതന്നെ ലഭിച്ചുകഴിഞ്ഞിരുന്നു. എന്നിട്ടും യഹൂദന്മാരുടെ കോപാഗ്നിയെ പീലാത്തോസ് പലപ്രാവശ്യവും ഊതികത്തിച്ചിട്ടുണ്ടു്. വിഗ്രഹാരാധനയുടെ മുദ്രയോടുകൂടി ഒരു വ്യൂഹം റോമൻപട്ടാളത്തെ പീലാത്തോസ് വിശുദ്ധനഗരിയിൽ നിർത്തി. ഗവർണ്ണരുടെ ഈ ധിക്കാരത്തെ യഹൂദന്മാർ ശക്തിയുക്തം എതിർത്തു. പൊതുജനാഭിപ്രായത്തിനു് അവസാനം അദ്ദേഹം തലകുനിക്കേണ്ടിവന്നു. ജറുസലമിനു് അത്യാവശ്യമായ ഒരു ജലസേചനപദ്ധതി അദ്ദേഹം രൂപവൽക്കരിച്ചു. പക്ഷെ അതിനുവേണ്ട പണം ദൈവാലയഭണ്ഡാഗാരത്തിൽനിന്നു ശക്തിയുപയോഗിച്ചെടുക്കുവാൻ അദ്ദേഹം തീർച്ചയാക്കി. അടികൊണ്ട സർപ്പത്തെപ്പോലെ യഹൂദന്മാർ ക്രുദ്ധിച്ചിറങ്ങി. രക്തച്ചൊരിച്ചിലോടുകൂടിയ ഒരു ഭയങ്കരലഹളതന്നെ അവർ നടത്തി. അവിടെയും പീലാത്തോസ് തോററു് പിന്മാറേണ്ടിവന്നു. ഇവയുടെയെല്ലാം ഫലമായി പീലാത്തോസിന്റെ ഹൃദയാന്തർഭാഗത്തു് യഹൂദന്മാരോടുള്ള വിദ്വേഷം കട്ടപിടിച്ചുകിടന്നു. എന്നാൽ യഹൂദനേതാക്കന്മാർക്കുണ്ടായിരുന്ന അസാധാരണ സ്വാധീനശക്തി പീലാത്തോസിനെ ഹതധൈര്യനാക്കി. അതദ്ദേഹത്തിന്റെ ഗവർണ്ണർസ്ഥാനത്തെക്കൂടി തട്ടിക്കളഞ്ഞേക്കുമോ എന്നദ്ദേഹം സംശയിച്ചു. അദ്ദേഹത്തിനെതിരായി യഹൂദന്മാരുടെ ഒരാവലാതികൂടി റോമയിൽ എത്തിയാൽ പീലാത്തോസിന്റെ ഭരണാധികാരം അതോടെ അവസാനിക്കും. യഹൂദനേതാക്കന്മാരുടെ സന്മനസ്സിന്റെ ത്രാസിൽ തന്റെ ഉദ്യോഗം തൂങ്ങിക്കിടക്കുന്ന അവസരത്തിലാണ് ക്രിസ്തുവിനെ വിസ്തരിക്കുവാൻ ആദ്യത്തെ ദുഃഖവെള്ളിയാഴ്ചദിവസം പീലാത്തോസ് ന്യായാസനത്തിലിരുന്നതു്.

പീലാത്തോസിന്റേയും യഹൂദന്മാരുടേയും മനോഭാവങ്ങൾതമ്മിൽ ഒരു സംഘട്ടനം നടന്നു. അവരുടെ ഹൃദയങ്ങളിൽ പുകഞ്ഞുകൊണ്ടിരുന്ന അസൂയയുടെ കരിനിഴൽ അവരുടെ മുഖങ്ങളിലദ്ദേഹം തെളിഞ്ഞുകണ്ടു. "കുററവാളിയുടെ" നിഷ്കളങ്കത, യഹൂദന്മാരുടെ തടിച്ചുകൊഴുത്ത അസൂയ, സ്ഥാനഭ്രംശത്തിലുള്ള ഭയം, എല്ലാം ഒത്തിണങ്ങിയപ്പോൾ പീലാത്തോസൊന്നു് ഞെട്ടി. കൊടുമ്പിരികൊണ്ട ആ സാഹചര്യത്തിൽനിന്നു് ഊഴന്നു പുറത്തുവരുവാൻ അദ്ദേഹം ആവുന്നതും പരിശ്രമിച്ചു. ക്രിസ്തുവിനോടു് നീതി പ്രവർത്തിച്ചാൽ യഹൂദന്മാരുടെ അസൂയാഗ്നിയിൽ തന്റെ ഗവർണ്ണരുദ്യോഗംതന്നെ ചാമ്പലാകുമെന്നു് അദ്ദേഹത്തിനറിയാം. ന്യായാധിപൻ സ്വന്തം കാര്യലാഭത്തിനുവേണ്ടി അനീതി പ്രവർത്തിക്കുന്നതു് അദ്ദേഹം വഹിക്കുന്ന സ്ഥാനത്തിനുതന്നെ അപമാനകരമാണെന്നു് പീലാത്തോസിന്റെ മനസ്സാക്ഷി ഉപദേശിച്ചു. അനീതി പ്രവർത്തിച്ചാലും സ്ഥാനം നിലനിർത്തണമെന്നു് അഭിമാനം ഉദ്ഘോഷിച്ചു. ക്രിസ്തുവിനെ ഏതെങ്കിലുംതരത്തിൽ നശിപ്പിക്കണമെന്നു് ശപഥംചെയ്തിറങ്ങിയിരിക്കുന്ന യഹൂദന്മാരെ സന്തോഷിപ്പിച്ചു് ക്രിസ്തുവിനോടു നീതിനിർവ്വഹിക്കാമെന്നു് പീലാത്തോസ് വൃഥാ മോഹിച്ചു. ആ യഹൂദപുരോഹിതന്മാരുടെ ഹൃദയകൗടില്യത്തിന്റെ ആഴം കാണുവാൻ കരബലത്തിൽ അഭിമാനംകൊള്ളുന്ന ആ റോമാക്കാരനു് സാധിച്ചില്ല. പീലാത്തോസിന്റെ ന്യായവാദങ്ങൾ ആ ചെന്നായ്ക്കളുടെ ഭീകരാട്ടഹാസത്തിൽ ലയിച്ചുപോയി.

പീലാത്തോസ് പരസ്യമായും ഔദ്യോഗികമായും നടത്തിയ ആ വിസ്താരത്തിന്റെ സംക്ഷിപ്തവിവരണം വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. അതിനെ സൂക്ഷ്മമായി നാം പരിശോധിക്കുന്നപക്ഷം പ്രസ്തുതവിസ്താരത്തിനു് മൂന്നു ഘട്ടങ്ങളുണ്ടെന്നു കാണാവുന്നതാണ്. വിസ്താരത്തിന്റെ ആരംഭത്തിൽത്തന്നെ ക്രിസ്തു നിർദ്ദോഷിയാണെന്നു ആ ഭരണാധിപനു് ബോധപ്പെട്ടു. തന്മൂലം അന്യായക്കാരും പ്രതിയുംതമ്മിൽ ഒരൊത്തുതീർപ്പുണ്ടാക്കുവാൻ അദ്ദേഹം വൃഥാ പരിശ്രമിച്ചു. അതിൽ അദ്ദേഹത്തിനു് പരിപൂർണ്ണപരാജയമാണുണ്ടായതു്. പിന്നീടു് അദ്ദേഹം ജനക്കൂട്ടത്തിന്റെ അനുകമ്പയ്ക്കുവേണ്ടി ഒരപേക്ഷ നടത്തി. "അവനെ കുരിശിൽ തറയ്ക്കുക" എന്ന ക്രൂരാട്ടഹാസത്തിൽ അതു അലിഞ്ഞുചേർന്നു. നേരിട്ടു് കുററക്കാരനെ വിസ്തരിക്കാതെ യഹൂദന്മാരുടെ ന്യായാസനങ്ങളിൽനിന്നുള്ള വിധിയെ കണ്ണടച്ചു് അംഗീകരിക്കുവാൻ പീലാത്തോസ് തയ്യാറുണ്ടായിരുന്നില്ല. പുതിയ ഒരു വിസ്താരം നടത്താതെ തങ്ങളുടെ വിധിത്തീർപ്പു് അങ്ങനെതന്നെ പീലാത്തോസ് സ്വീകരിച്ചു ക്രിസ്തുവെ വധിക്കുന്നതിനു യോദ്ധാക്കൾക്കു് ഏല്പിച്ചുകൊടുക്കുമെന്നായിരുന്നു യഹൂദനേതാക്കന്മാരുടെ വിശ്വാസം. എന്തധർമ്മംകൊണ്ടാണ് ക്രിസ്തുവെ അദ്ദേഹത്തിന്റെ മുമ്പിൽ ഹാജരാക്കിയിരിക്കുന്നതെന്നു പീലാത്തോസ് ചോദിച്ചപ്പോൾ അവർ കൊടുത്ത മൂർച്ചയുള്ള പ്രത്യുത്തരത്തിൽനിന്നു് അവരുടെ ഈർഷ്യാഭാവം തെളിയുന്നുണ്ടു്. "ഇവൻ കുററക്കാരനല്ലായിരുന്നുവെങ്കിൽ ഇവനെ അങ്ങയുടെ സന്നിധിയിൽ ഹാജരാക്കുകയില്ലായിരുന്നു" എന്നാണവർ പറഞ്ഞതു്.

യഹൂദന്മാർ ക്രിസ്തുവിന്റെ മരണമാണ് ആവശ്യപ്പെടുന്നതെന്നു് പീലാത്തോസിനു് ആരംഭത്തിൽത്തന്നെ മനസ്സിലായി. എന്നാൽ തങ്ങളുടെ ആഗ്രഹത്തിനനുസരിച്ചു് ആ ന്യായാധിപൻ പ്രവർത്തിക്കുവാൻ തയ്യാറില്ലെന്നു മനസ്സിലായപ്പോൾ അദ്ദേഹത്തിന്റെ ശ്രദ്ധയെ ആകർഷിക്കാവുന്ന മൂന്നു അപരാധങ്ങളെക്കൂടി അവർ ക്രിസ്തുവിൽ ആരോപിച്ചു. ഇവൻ ജനങ്ങളുടെ ഇടയിൽ വിപ്ലവമുണ്ടാക്കുന്നു; സീസറിനു് കപ്പം കൊടുക്കരുതെന്നു പ്രസംഗിക്കുന്നു; രാജാവായി സ്വയം പ്രഖ്യാപിക്കുന്നു.

യഹൂദന്മാരുടെ ഉദ്ദേശ്യം സാധിക്കുന്നതിനുവേണ്ടി ക്രിസ്തുവിന്റെ പേരിലുള്ള അപരാധം തരത്തിനൊപ്പം മാററിക്കൊണ്ടിരിക്കുന്നു. സ്വയം ദൈവപുത്രനെന്നു അഭിമാനിച്ചു്, ക്രിസ്തു ദൈവദൂഷണം പറഞ്ഞുവെന്ന അപരാധം അവർ പീലാത്തോസിന്റെ സന്നിധിയിൽ ബോധിപ്പിച്ചുവെങ്കിൽ അദ്ദേഹം വെറും പുഞ്ചിരിതൂകുകമാത്രം ചെയ്യുമായിരുന്നു. പീലാത്തോസ് നിത്യം ആരാധിക്കുന്ന ദേവന്മാരുടെ ദൈവത്വത്തെപ്പററി അത്ര ചിന്തിക്കാററില്ല. അവരിൽ ഒരാളാണെന്നു് ക്രിസ്തു സ്വയം പറഞ്ഞിരുന്നുവെന്നാൽത്തന്നെ പീലാത്തോസിനെപ്പോലെയുള്ള ഒരു ന്യായാധിപനു് അത്ര വലിയ അപരാധമായി തോന്നുവാൻ കാരണമില്ല. കുടിലമതികളായ യഹൂദന്മാർക്കു് ഇതു നല്ലപോലെ അറിയാമായിരുന്നു. അതുകൊണ്ടാണ് അവർ അന്യായത്തിന്റെ രീതിയൊന്നു് മാററി പീലാത്തോസിനു സമർപ്പിച്ചതു്. എന്നാൽ ആദ്യത്തെ രണ്ടും പീലാത്തോസിന്റെ ഹൃദയത്തെ തെല്ലും സ്പർശിച്ചില്ല. മൂന്നാമത്തേതാകട്ടെ അദ്ദേഹത്തിന്റെ ജിജ്ഞാസയെ തട്ടിയുണർത്തി. അതുകൊണ്ടു് അദ്ദേഹം ക്രിസ്തുവിന്റെ രാജത്വത്തെപ്പററി ചോദ്യംചെയ്യാൻതുടങ്ങി. പീലാത്തോസ് അനന്തരം നടത്തിയ വിസ്താരത്തിൽനിന്നു ഈ വിഷയത്തിനു് അദ്ദേഹം തെല്ലൊരു പ്രാധാന്യം നൽകിയുള്ളതുപോലെ തോന്നുന്നു.

നീതിവിരുദ്ധമായ ആ വിസ്താരത്തിന്റെ ഗതി ക്രിസ്തുവിന്റെ രാജത്വത്തെ സ്പർശിച്ചുകൊണ്ടാണ് മുന്നോട്ടു നീങ്ങിയതു്. ഭൗതികരാജാക്കന്മാരുടെ ചേരിയിൽ ചേരാതെ എങ്ങനെ അവിടത്തെ രാജത്വം ഒററതിരിഞ്ഞു നില്ക്കുന്നുവെന്നു ക്രിസ്തുതന്നെ പീലാത്തോസിനു വിശദമാക്കിക്കൊടുത്തു "നിങ്ങളുടെ രാജാവിനെ ഞാൻ കഴുവേററണമോ?" യഹൂദന്മാരുടെ അഭിമാനത്തെ കുത്തിപ്പൊന്തിക്കുന്ന ഒരു ചോദ്യമാണിതു്. അന്നറിയപ്പെട്ടിരുന്ന ശിക്ഷകളിൽവെച്ചു് നിന്ദ്യവും ഭയാനകവുമായ ഒന്നാണ് കുരിശിൽ തറച്ചു കൊല്ലുകയെന്നതു്. അത്രയ്ക്കും ഹീനമായ ഒരു ശിക്ഷാവിധിക്കു വിധേയനായ രാജാവിന്റെ പ്രജകളെപ്പററി എന്തഭിമാനമാണ് ലോകത്തിനുണ്ടാവുക. യഥാരാജഃ തഥാപ്രജഃ എന്നുണ്ടല്ലോ. യഹൂദന്മാരെ നിന്ദാദൃഷ്ടിയോടുകൂടിയാണു പീലാത്തോസ് നോക്കിയിരുന്നതെങ്കിലും അഹങ്കാരികളായ യഹൂദന്മാരുടെ മരവിച്ചുപോയ അഭിമാനത്തെ കുത്തിമുറിവേല്പിച്ചാൽ വേദനകൊണ്ടു് പിടഞ്ഞെഴുന്നേററു ക്രിസ്തുവിനെ വിമുക്തനാക്കുവാൻ കേണപേക്ഷിക്കുമെന്നാണു ഭീരുവായ ആ ഭരണാധിപർ കരുതിയതു്. പക്ഷെ നയശാലികളായ യഹൂദന്മാരുടെ മുമ്പിൽ അദ്ദേഹത്തിനു തോൽവി സമ്മതിക്കേണ്ടിവന്നു.

(ശേഷം അടുത്തതിൽ)

## ചൈനായിലെ സ്ഥിതി

ഷംഗായിയിലെ കത്തോലിക്കാ സർവ്വകലാശാല കമ്മ്യൂണിസ്റ്റുകാർ സ്വാധീനമാക്കുകയും അവിടെ പ്രൊഫസ്സർ ജോലിനോക്കിവന്നിരുന്ന 12 വൈദികരെ ഉദ്യോഗത്തിൽനിന്നും പിരിച്ചുവിടുകയും ചെയ്തിരിക്കുന്നു. പ്രസ്തുത സർവ്വകലാശാലയിൽ 1200 വിദ്യാർത്ഥികളാണുള്ളതു്.

കാൻറണിലെ അനാഥശാലയുടെ മേൽനോട്ടം വഹിക്കുന്ന കന്യാസ്ത്രീകൾ ശിശുക്കളെ വേണ്ടവിധം സംരക്ഷിക്കുന്നില്ലെന്നുള്ള ഒരു വ്യാജവാർത്ത അവിടത്തെ പത്രങ്ങൾ പ്രചരിപ്പിച്ചുവരുന്നു. ഈ കുററങ്ങൾതന്നെ ആരോപിച്ചു് നാങ്കിംഗിൽനിന്നും രണ്ടു കന്യാസ്ത്രീകളെ നാടുകടത്തിയിട്ടുണ്ടു്. എന്നാൽ അതേസമയംതന്നെ മതപരിവർത്തനങ്ങൾ തുടന്നുവരുന്നുമുണ്ടു്. പെക്കിംഗിൽ കഴിഞ്ഞ വർഷത്തിൽ 1000 പേർ ജ്ഞാനസ്നാനം സ്വീകരിക്കയുണ്ടായി. അവരിൽ 75 ശതമാനം പേരും മാതാവിന്റെ സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിച്ച അവസരത്തിലാണു മനസ്സുതിരിഞ്ഞതു്.

## God Must Be

Voltaire examined the position now taken up by the Agnostic, but he could not accept it. His creed contained this much—'I believe in God.' In that belief 'one finds difficulties,' he said; 'in the belief that there is no God, absurdities.' 'Si Dieu n'existait pas, il faudrait l 'inventer' was one of his maxims. Such a flash of insight may be counted unto Voltaire for some of the righteousness he sadly lacked.

## Ill Health No Bar

In a letter written to Meredith toward the end of his life, Robert Louis Stevenson said: 'For fourteen years I have not had a real day's health. . . . . I have written in bed, and written out of it, written in hemorrhages, written in sickness, written torn by coughing, written when my head swam for weakness; and for so long, it seems to me, I have won my wager and recovered my glove. . . . . The battle goes on—ill or well, is a trifle; so as it goes. 'I was made for a contest, and the Powers have so willed that my battlefield should be this dingy, inglorious one of the bed and the physic bottle.'

## The Danger of Favours

We read that Rabbi Samuel was passing over a plank laid across a stream when a stranger drew nigh and offered his hand to conduct him with safety over the frail bridge. The Rabbi on inquiring who this person was, learned that he was a suitor who desired him to adjudicate upon his cause. On hearing this he said: 'Friend, thou hast disqualified me by thy eager courtesy. I am no longer able to judge thy cause with impartiality.'

(*Democracy*)

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam.

Sathya Deepam

Vol. 24 Ernakulam April 18, 1951 No. 33

നീതികഥ

# കസേരയുടെ പരിഭ്രമം

(ജി. സി. ടീലാർ)

സെമെനോഫിന്റെ പുത്തൻ ബംഗ്ലാവ്, യാത്രക്കാരെ ആകർഷിച്ചുകൊണ്ട് ആകാശംമുട്ടെ ഉയർന്നുനിന്നു. വിശാലമായ അനേകം ഹാളുകൾ അതിലുണ്ട്. ഓരോന്നിലും മേശ, കസേര, കട്ടിൽ മുതലായ സാമഗ്രികൾ വേണ്ടുവോളം. ആണ്ടുതോറും പുതിയ സാമാനങ്ങൾ അയാൾ പണിയിച്ചുകൊണ്ടുമിരുന്നു. പുതിയ മേശകളും കസേരകളും കട്ടിലുകളും കാലങ്ങൾ പോകുംതോറും സ്ഥാനംപിടിച്ചുതുടങ്ങി. യജമാനന്റെ ഈ പ്രവൃത്തി കണ്ട് അവിടെ വിശ്രമംകൊണ്ടിരുന്ന കസേരകൾ പരിഭ്രാന്തചിത്തരായി. ഇങ്ങനെ കുറേകാലം കഴിയുമ്പോൾ തങ്ങൾക്കു നിർബാധം കിടക്കുന്നതിനു മുറികളിൽ സ്ഥലം ഉണ്ടാകയില്ലെന്നായിരുന്നു അവരുടെ ഭീതി.

സെമെനോഫ് ഭാര്യയെ വിളിച്ചു പറഞ്ഞു: "ഞാൻ ദേശസഞ്ചാരത്തിനു പുറപ്പെടുന്നു. ഇവിടത്തെ കാര്യങ്ങൾ ഞാൻ തിരിച്ചുവരുന്നതുവരെ ഭംഗിയായി അന്വേഷിച്ചുകൊള്ളുക." ഒരു മടക്കുകസേര അതൊളിച്ചുനിന്നു കേട്ടു. യജമാനൻ പുറത്തിറങ്ങുന്ന തക്കംനോക്കി അവൻ ഇരിപ്പായി. പടിക്കൽ ഒരു കാർ വന്നു നിന്നു. പുതിയ വേഷങ്ങൾ അണിഞ്ഞ് അയാൾ അതിൽ കയറി പോകയുംചെയ്തു.

മടക്കുകസേര സാവധാനം നടന്ന് ഒരു ഈട്ടിക്കസേരയുടെ അടുത്തുചെന്നുനിന്നു. "നീ ഒരു വിശേഷം അറിഞ്ഞോ?"

"എന്താണുവിശേഷം?" ഈട്ടിക്കസേര ചോദിച്ചു.

"നമ്മുടെ യജമാനൻ ദേശസഞ്ചാരം ചെയ്യുവാൻ പോയിരിക്കുന്നു. വളരെ കാലം കഴിഞ്ഞേ തിരിച്ചുവരൂ. എല്ലാം ചുമതലകളും കൊച്ചമ്മയെ ആണ് ഏല്പിച്ചിരിക്കുന്നത്."

"എന്നാൽ ഇതുതന്നെ. അല്പമൊന്നു ചിന്തിക്കാനുള്ള സമയം. നമ്മെ ഇങ്ങനെ പന്തിവിടെ ഇട്ടിരിക്കുന്നു. ആദ്യമാദ്യം നമുക്കെന്തു സുഖമായിരുന്നു! ശുദ്ധവായുവിന് നമുക്കു പഞ്ഞമില്ലായിരുന്നു. എന്നാൽ ഇന്നാകട്ടെ നമുക്കൊന്നു തിരിയുവാൻ സ്ഥലമില്ല. എത്രപേരാണ് "ഠാ"യോളം വട്ടത്തിനകത്തു കഴിഞ്ഞുകൂടേണ്ടിവന്നിരിക്കുന്നത്. യജമാനൻ വരുമ്പോൾ പുതിയ സാമഗ്രികൾ ഇനിയും പണിയിക്കും. നമ്മൾ ഞെരുങ്ങുകയും ചെയ്യും."

"അതിനു നീ എന്തു പ്രതിവിധിയാണു കാണുന്നത്?"

"കൊച്ചമ്മ അടുക്കളപ്പണിയിൽ ഏർപ്പെട്ടിരിക്കുന്ന തരത്തിന് നമുക്ക് ഒരു മീററിംഗ് നടത്തണം. ബുദ്ധിമാന്മാരുടെ അഭിപ്രായങ്ങൾ ക്ഷണിക്കണം."

അതുതന്നെ ഉത്തമമായ മാർഗ്ഗമെന്നു മടക്കുകസേരക്കു തോന്നി. ഒരു നോട്ടീസ് എഴുതി കതകിൽ പതിച്ചു.

നോട്ടീസ്

മാന്യരേ, ഇന്നു വൈകുന്നേരം സുപ്രധാനമായ ചില കാര്യങ്ങളെപ്പററി തീർച്ചചെയ്യുവാനായി ഈ ബംഗ്ലാവിലുള്ള എല്ലാ മേശകൾ, കസേരകൾ, കട്ടിലുകൾ എന്നിവ യോഗമായി ചേരണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

സെക്രട്ടറി, മടക്കുകസേര.

കാര്യാലോചനായോഗം. ഈട്ടിക്കസേരതന്നെ അദ്ധ്യക്ഷൻ. ഹസ്തതാഡനമദ്ധ്യേ അവൻ എഴുന്നേററു. രണ്ടുമൂന്നു ചുമച്ചിട്ടു പറഞ്ഞുതുടങ്ങി: "മാന്യരേ, നാം ഇന്നിവിടെ കൂടിയിരിക്കുന്നത് നമ്മുടെ ജീവനെ സ്പർശിക്കുന്ന ചില കാര്യങ്ങളെപ്പററി ആലോചിക്കുവാനാണ്. ഈ ബംഗ്ലാവിന്റെ ഉൽഘാടനാവസരത്തിൽ 70 കട്ടിലുകളും 90 മേശകളും 300 കസേരകളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇന്ന് അമ്പതുശതമാനം വർദ്ധിച്ചിരിക്കുന്നു അത്. ഇനിയും വർദ്ധിക്കുന്ന മട്ടുണ്ടുതാനും. ഭയങ്കരമായ ഒരു ഭാവി നമ്മെ തുറിച്ചുനോക്കിക്കൊണ്ടിരിക്കുന്നു. ഇതിനെന്താണൊരു പ്രതിവിധി എന്നു നിങ്ങൾ ആലോചിക്കുവിൻ."

അദ്ധ്യക്ഷൻ ഇരുന്നു. മൗനം സർവ്വത്ര. അല്പംകഴിഞ്ഞ് ഒരു ആട്ടുകസേര എഴുന്നേററു. "എനിക്കു തോന്നുന്ന അഭിപ്രായം ഞാൻ തുറന്നു പറഞ്ഞുകൊള്ളട്ടെ. നമ്മുടെ യജമാനൻ മുറിയുടെ നീളവും വീതിയും കാണാതെയാണു വർഷംതോറും മേശകൾ, കട്ടിലുകൾ, കസേരകൾ മുതലായവ പണിയിച്ചുകൂട്ടുന്നത്. ഇങ്ങനെ കുറേ കഴിയുമ്പോൾ നമുക്കുതന്നെയും ആവശ്യമുള്ള സ്ഥലമില്ലാതാകും. ഞാൻ എന്റെ എളിയ ബുദ്ധിയിൽ തോന്നുന്ന ഒരുപായം പറയാം അതിന്. തടികൊണ്ടാണല്ലോ മേശകസേരകൾ ഉണ്ടാക്കുന്നത്. കസേരകളും മററും ഇനി വർദ്ധിക്കാതിരിക്കണമെങ്കിൽ യജമാനന്റെ തോട്ടത്തിലെ മരമെല്ലാം നശിക്കണം. രസംകുത്തി ഒഴിച്ചാൽ മരമെല്ലാം ഉണങ്ങിപ്പോകുമെന്ന് ഇപ്പോഴത്തെ രസതന്ത്രശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിരിക്കുന്നു. അതുകൊണ്ട് ആ ഉപായം പ്രയോഗത്തിൽ വരുത്തിയാൽ മതിയാകും."

ഹിയർചിളികളും കൈയടിയും. എല്ലാവർക്കും വളരെ ആദരണീയമായി തോന്നി ആ അഭിപ്രായം. ആട്ടുകസേരയെ എല്ലാവരും അഭിനന്ദിച്ചു. "ഇനി ആർക്കെങ്കിലും പറയാനുണ്ടോ?" അദ്ധ്യക്ഷസ്ഥാനത്തുനിന്നും വിളിച്ചുചോദിച്ചു. ആരും ശബ്ദിച്ചില്ല. ഓരോരുത്തർ പിരിഞ്ഞുപോകുവാൻ എഴുന്നേററു. അപ്പോൾ കേൾക്കാം ഒരു കോണിൽനിന്നും "മഹാന്മാരേ" എന്നൊരു വിളി. പുറകോട്ടുനോക്കി ചിലർ. ഒരു പഴഞ്ചൻ കട്ടിലിന്റെ സ്വരമായിരുന്നു അത്. രസച്ചരടു പൊട്ടിയതുപോലെ തോന്നി എല്ലാവർക്കും. കണ്ണുതുടച്ചുകൊണ്ടും വരുത്തിയിട്ട് ആ പഴഞ്ചൻ കട്ടിൽ പറഞ്ഞു: "നിങ്ങൾ എന്താണ് ഈ വിഡ്ഢിത്തം പുലമ്പുന്നത്! നമ്മുടെ യജമാനന് അദ്ദേഹത്തിന്റെ ഭവനത്തിന്റെ വീതിയും നീളവും അറിയാൻ പാടില്ലെന്നു നിങ്ങൾ വിചാരിക്കുന്നോ? അദ്ദേഹം ഒരു കുശാഗ്രബുദ്ധിയാണ്. നിങ്ങൾ കരുതുന്നതുപോലുള്ള ഒരബദ്ധം അദ്ദേഹത്തിനൊരിക്കലും പിണയുകയില്ല. ആവശ്യത്തിൽ കൂടുതലായ സാമഗ്രികൾ ഒന്നുംതന്നെ ഒരു മുറിയിലും ഉണ്ടായിരിക്കയുമില്ല. വളരെ പഴക്കമുള്ള എത്ര മേശകളും കസേരകളും കട്ടിലുകളുമാണ് അദ്ദേഹം കൊല്ലംതോറും ലേലത്തിൽ വിററുകളയുന്നതെന്നു നിങ്ങൾക്കറിഞ്ഞുകൂടേ? ഒരു സിനിമാക്കൊട്ടകയ്ക്കു തീപിടിത്തമുണ്ടായപ്പോൾ നമ്മുടെ കൂട്ടത്തിലുണ്ടായിരുന്ന എത്ര കസേരകൾ വെന്തുവെണ്ണീറായിപ്പോയി. എക്കാലവും നാം ഇവിടെ ജീവിക്കുവാൻ പോകുന്നു എന്നാണോ നിങ്ങളുടെ വിചാരം? സർവ്വാബദ്ധം. ഭാവിതലമുറകൾക്കു നാം സ്ഥലം ഒഴിഞ്ഞുകൊടുക്കേണ്ടിവരും. അതാണ് യജമാനന്റെ നിശ്ചയം. നമുക്കുവേണ്ടി ഭാവിതലമുറകളെ ഒഴിച്ചുവയ്ക്കാമെന്നു കരുതുന്നതു ഭോഷത്തവും സ്വാർത്ഥതയുമാണ്."

ഗ്ലാനവദനരായി ഏവരും. സ്വന്തം വിഡ്ഢിത്തത്തെക്കുറിച്ച് അവർക്കു തന്നെ ബോദ്ധ്യംവന്നു. ഒടുവിൽ അദ്ധ്യക്ഷൻ പറയുകയാണ്: "ആ വൃദ്ധന്റെ അഭിപ്രായത്തിൽ കുറേ കഴമ്പുണ്ട്. അഞ്ചാറുകൊല്ലത്തിൽ കൂടുതൽ പഴക്കംവരികയില്ലാത്ത നമ്മൾ എന്തിനു പത്തുനൂറുകൊല്ലം കഴിഞ്ഞുവരുന്ന കാര്യങ്ങളെപ്പററി ഇത്ര തലപുകഞ്ഞാലോചിക്കുന്നു?"

## ചോദ്യോത്തരപംക്തി

**ചോ:** "നമ്മുടെ കർത്താവീശോമിശിഹായുടെ കുരിശിലല്ലാതെ പുകഴ്ചചെയ്യുവാൻ സംഗതി വരരുതേ" എന്ന ഒരു വാക്യം വേദപുസ്തകത്തിലുണ്ടോ? ഉണ്ടെങ്കിൽ നാം വിശുദ്ധരെ വന്ദിക്കുന്നതിനെ അതു ബാധിക്കുന്നില്ലേ?"

**ഉ:** "എനിക്കോ, നമ്മുടെ കർത്താവായ ഈശോമിശിഹായുടെ കുരിശിൽ അല്ലാതെ പ്രശംസിക്കുവാൻ ഇടവരാതിരിക്കട്ടെ" എന്നൊരു വാക്യം വേദപുസ്തകത്തിലുണ്ട്. (ഗാല. 6: 14). ഈ വാക്യം യാതൊരു പ്രകാരത്തിലും വിശുദ്ധരുടെ നേർക്കുള്ള വണക്കത്തിനു ബാധകമാകുന്നില്ല. യഹൂദർ മൂശയുടെ നിയമത്തിൽ അഭിമാനംകൊള്ളുകയും പരിച്ഛേദനം സംബന്ധിച്ചുള്ള നിബന്ധന ക്രിസ്ത്യാനികളും അനുവർത്തിക്കേണ്ടതാണെന്നു പഠിപ്പിക്കുകയും ചെയ്തുവന്നു. വി. പൗലോസാകട്ടെ അവരുടെ അബദ്ധോപദേശങ്ങളെ ഖണ്ഡിക്കുകയും ക്രിസ്തുവിന്റെ കുരിശുമരണംവഴി രക്ഷാമാർഗ്ഗം തുറക്കപ്പെട്ടിരിക്കുന്നതിനാൽ മൂശയുടെ നിയമം അനുസരിക്കുവാൻ മേലാൽ ആരും നിർബദ്ധരല്ലെന്ന് ഉൽബോധിപ്പിക്കുകയും ചെയ്യുന്നു. യഹൂദർ മൂശയുടെ നിയമപ്രകാരമുള്ള പരിച്ഛേദനം തുടങ്ങിയുള്ള ബാഹ്യാചാരങ്ങളിലാണ് അഭിമാനം കൊള്ളുന്നതെങ്കിലും, ഒരു യഥാർത്ഥ ക്രിസ്ത്യാനി മിശിഹായുടെ കുരിശിൽ — കുരിശുവഴി കരഗതമായ രക്ഷയിലും തദനുരൂപമായ പരിത്യാഗജീവിതത്തിലും — ആണ് അഭിമാനം കൊള്ളേണ്ടത് എന്നത്രെ വിവാദവിഷയമായ വാക്യത്തിന്റെ സാരം. പരിച്ഛേദനം സംബന്ധിച്ച നിയമത്തിനാണ് അതു ബാധകമായിരിക്കുന്നത്. സന്ദർഭം അതു വിശദമാക്കുന്നുമുണ്ട്. (Vide ഗാലാ. 5: 11; 6: 12-14).

FIXED DEPOSITS
2 years 4½%
6 months & above 4%
The Bank of Cochin Ltd.
ERNAKULAM
*Branches:*
CHALAKUDY, TRICHUR;
MATTANCHERY,
WILLINGDON ISLAND

**ചോ:** ഈശോ ദൈവപുത്രനാണെന്നു ക്രിസ്തീയസഹോദരന്മാർ പറയുന്നുണ്ട്. എന്നാൽ വേദപുസ്തകത്തിൽ അദ്ദേഹം മനുഷ്യപുത്രനാണെന്നും കാണുന്നു. ഉദാ: "മിന്നൽ കിഴക്കുനിന്നു പുറപ്പെട്ടു പടിഞ്ഞാറുവരെ കാണപ്പെടുന്നതു എങ്ങനെയോ അങ്ങനെതന്നെയായിരിക്കും മനുഷ്യപുത്രന്റെ വരവ്." (മത്തായി 24: 27). ഈ പ്രസ്താവങ്ങൾ പരസ്പരവിരുദ്ധങ്ങളല്ലേ?

**ഉ:** ഈശോ ഒരേസമയംതന്നെ ദൈവവും മനുഷ്യനുമാകയാൽ മേലുദ്ധരിച്ച പ്രസ്താവനകളിൽ യാതൊരു പരസ്പരവൈരുദ്ധ്യവുമില്ല. "മനുഷ്യപുത്രൻ" എന്ന പ്രയോഗത്തിന്റെ അക്ഷരാർത്ഥം മനുഷ്യൻ എന്നാണ്. ഈ അർത്ഥത്തിൽ "മനുഷ്യപുത്രൻ" എന്നു പഴയനിയമത്തിൽ പ്രയോഗിച്ചിട്ടുള്ളതിന് പല ഉദാഹരണങ്ങളുണ്ട്. (സംഖ്യ, 23: 19; ഏശയ്യ 56, 2; സങ്കീ. 79, 18; എസക്കി. 2: 1). ദാനിയേലിന്റെ പ്രവചനങ്ങളിൽ, വരുവാനിരിക്കുന്ന മിശിഹായെ ഉദ്ദേശിച്ച് "മനുഷ്യപുത്രൻ" (ബർനാശ) എന്നു പ്രയോഗിച്ചിരിക്കുന്നു. (6: 13 ff). ഈശോ സ്വയം സംബോധനചെയ്യുന്നതിന്, സ്വമിശിഹാത്വത്തെ കുറിക്കുന്നതും അതേസമയംതന്നെ വിനീതവുമായ പ്രസ്തുത ശബ്ദമാണ് സ്വീകരിച്ചത്. വി. മത്തായിയുടെ സുവിശേഷത്തിൽ 30 പ്രാവശ്യവും വി. മർക്കോസിന്റെ സുവിശേഷത്തിൽ 14 പ്രാവശ്യവും വി. ലൂക്കായുടെ സുവിശേഷത്തിൽ 25 പ്രാവശ്യവും വി. യോഹന്നാന്റെ സുവിശേഷത്തിൽ 12 പ്രാവശ്യവും, ഇങ്ങനെ ആകെ 81 പ്രാവശ്യം സുവിശേഷങ്ങളിൽ "മനുഷ്യപുത്രൻ" എന്നു പ്രയോഗിക്കപ്പെടുന്നുണ്ട്. ക്രിസ്തു മാത്രമേ ഈ പദം ഉപയോഗിക്കുന്നുമുള്ളൂ. ഉപയോഗിക്കുമ്പോഴെല്ലാം "The" എന്ന അവ്യയത്തോടുകൂടിയാണ് (The Son of Man) പ്രയോഗിച്ചിരിക്കുന്നത് എന്നതും ശ്രദ്ധാർഹമത്രെ. പഴയനിയമത്തിൽ "The" എന്ന അവ്യയംകൂടാതെയാണ് സാധാരണ പ്രയോഗിച്ചിരിക്കുന്നത്. ആകയാൽ പുതിയ നിയമത്തിൽ (The Son of Man) മനുഷ്യപുത്രൻ എന്നു പറഞ്ഞിരിക്കുന്നത് ഒരു പ്രത്യേക വ്യക്തിയെ കുറിക്കുന്നതിനാണെന്നു സാരം. എന്നാൽ പൗലോസുൾപ്പെടെയുള്ള ലേഖനകർത്താക്കളാരും "മനുഷ്യപുത്രൻ" എന്ന പദം ഉപയോഗിക്കുന്നില്ല. അവർ കൂടുതൽ ബഹുമാനം സ്ഫുരിക്കുന്ന "കർത്താവ്" മുതലായ മററുശബ്ദങ്ങളാണ് ഉപയോഗിക്കുന്നത്. പക്ഷേ "നടപടി" ഗ്രന്ഥത്തിൽ ഒരിടത്തു "മനുഷ്യപുത്രൻ" എന്ന പ്രയോഗം ഉണ്ട്. പ്രഥമരക്തസാക്ഷിയായ എസ്തപ്പാനോസ് ഇപ്രകാരം വിളിച്ചുപറയുന്നു: "ഇതാ! സ്വർഗ്ഗം തുറന്നിരിക്കുന്നതും ദൈവത്തിന്റെ വലത്തുഭാഗത്തു മനുഷ്യപുത്രൻ നില്ക്കുന്നതും ഞാൻ കാണുന്നു." (7: 56) ക്രിസ്തു സ്വയം സംബോധനചെയ്യുന്നതിനായി ഉപയോഗിച്ചിരിക്കുന്ന "മനുഷ്യപുത്രൻ" എന്ന പ്രയോഗം എസ്തപ്പാനോസ് കേട്ടറിഞ്ഞിരുന്നു എന്നു ഇതിൽനിന്നും അനുമാനിക്കാം. "മനുഷ്യൻ" എന്നു അർത്ഥമുള്ളതും മിശിഹാത്വത്തെ സൂചിപ്പിക്കുന്നതുമായ ഈ പ്രയോഗം അവതാരംചെയ്ത ദൈവപുത്രന്റെ ദൈവത്വത്തിനു ബാധകമാകുന്നില്ലെന്നുള്ളത് വ്യക്തമാണല്ലോ.

**ചോ:** "ആ ദിവസത്തെക്കുറിച്ചും ആ നാഴികയെക്കുറിച്ചും പിതാവല്ലാതെ, ആരും, സ്വർഗ്ഗത്തിലെ ദൂതന്മാർപോലും, പുത്രൻതന്നെയും അറിയുന്നില്ല." (മർക്കോസ് 13: 32) എന്നു പറഞ്ഞിരിക്കുന്നതിൽനിന്നു ഭാവികാര്യങ്ങൾ ക്രിസ്തുവിന് അജ്ഞാതമാണെന്നല്ലേ അനുമാനിക്കേണ്ടത്?

**ഉ:** അങ്ങനെ അനുമാനിക്കുന്നതു തെററാണ്. ദൈവമെന്നനിലയിൽ ഭൂതം, ഭാവി, വർത്തമാനം എന്നീ കാലങ്ങളിലെ സംഭവങ്ങളെല്ലാം അങ്ങേക്കു സുവിദിതങ്ങളാണ്. എന്നാൽ അവയെല്ലാം വെളിപ്പെടുത്തുകയെന്നതു മിശിഹാ എന്ന നിലയിലുള്ള തന്റെ കർത്തവ്യനിർവഹണത്തിൽ പെടുന്നതല്ല. പിതാവ് വെളിപ്പെടുത്തുവാൻ ആവശ്യപ്പെട്ടിട്ടുള്ളിടത്തോളം കാര്യങ്ങൾമാത്രമേ അവിടുന്നു വെളിപ്പെടുത്തുന്നുള്ളൂ. ഇതിനു സുവിശേഷത്തിൽത്തന്നെ തെളിവുകളുണ്ട്. ഉദാ: "എന്റെ ഉപദേശം, എന്നെ അയച്ചവന്റേതല്ലാതെ എന്റേതല്ല." (യോഹ. 7: 16). "എന്നെ അയച്ചവൻ സത്യവാനാകുന്നു. അവനിൽനിന്നു കേട്ടവതന്നെയാണ് ലോകത്തിൽ ഞാൻ പറയുന്നത്." (യോഹ. 8: 26). "ഞാൻ എന്റെ പിതാവിലും എന്റെ പിതാവ് എന്നിലും (ആകുന്നു) എന്നും, ഞാൻ പറയുന്ന വാക്കുകൾ ഞാൻ സ്വയമായിട്ടല്ല പറയുന്നത് എന്നും.... ... ... ... ..........നീ വിശ്വസിക്കുന്നില്ലയോ?" (യോഹ. 14: 10). "എന്തുകൊണ്ടെന്നാൽ ഞാൻ പറഞ്ഞതു സ്വയമായിട്ടല്ല; പിന്നെയോ, എന്നെ അയച്ച പിതാവുതന്നെ ഞാൻ എന്തു പറയണം, എന്തു സന്ദേശം നൽകണം എന്നെനിക്കു കല്പനതന്നിരിക്കുന്നു." (യോഹ. 12: 46). ഈ വാക്യങ്ങളുടെ വെളിച്ചത്തിൽ, വിധിദിവസം വെളിപ്പെടുത്തുകയെന്നതു മിശിഹായെന്ന നിലയിലുള്ള തന്റെ ദൗത്യത്തിന്റെ ഒരു ഭാഗമല്ല എന്നുമാത്രമേ ഉദ്ധൃതവാക്യത്തിനർത്ഥമുള്ളൂ.